Barth.

Biblische Geschichten.

1. 2

1849. 50.

Ci
XIV
128a

N12<526908486 021
LS
ubTÜBINGEN

Received 25 März
1850

[Chr. Gottl. Barth
Biblische Geschichten.]
1.

സത്യവെദകഥകൾ

ഒന്നാംഖണ്ഡം

പഴയനിയമത്തിൽനിന്നെടുത്തവ

അമ്പത്തരണ്ടു

തലശ്ശെരിക്കല്ലെഛാപിതം

൧൮൪൯

1849.

UNIV. BIBL. TÜBINGEN

Ci XIV 128a.

സത്യവെദകഥകൾ

൧. സൃഷ്ടി

ആദിയിൽ ദൈവം തന്റെ വിശെഷമായ വചനത്താലെ പരലൊകത്തെ-
യും ഭൂലൊകത്തെയും സൃഷ്ടിച്ചു- അതിനു മുമ്പെ അവൻ അല്ലാതെ
മറ്റൊന്നും ഉണ്ടായിട്ടില്ല- ദൈവം എല്ലാറ്റെയും ഉണ്ടാക്കിയവൻ ആ-
കയാൽ [illegible] പ്രകാരമെ ഒക്കെയും സൃഷ്ടിപ്പാൻ ശക്തനായിരുന്നു- സ്വർഗ്ഗത്തി-
ലും ഭൂമിയിലും ഉള്ളത് എല്ലാം [illegible] എന്നിവ പ്രമാണിച്ചു നടത്തുകകൊണ്ടും പരലൊ-
ക ഭൂലൊകങ്ങളെ ക്ഷണത്തിൽ അല്ല ക്രമമെന്നിയെ നിർമ്മിപ്പാൻ അ-
വന്ന് ഇഷ്ടം ഉണ്ടായിരുന്നു- ദൈവം ആറു ദിവസങ്ങൾകൊണ്ടു പരലൊക
ഭൂലൊകങ്ങളെ ഉണ്ടാക്കിയ പ്രകാരം പറയാം-
പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചപ്പൊൾ പ്രകാശം ഉണ്ടായി അ-
വൻ പ്രകാശത്തെയും ഇരുട്ടിനെയും വെർതിരിച്ചതിനാൽ ഒന്നാം ദിവസം
പകലും രാവും ഉണ്ടായി- ൨ാം ദിവസത്തിൽ ഭൂമിയെ ചുഴന്നിരിക്കുന്ന
[illegible] ഉണ്ടാക്കി [illegible] കീഴും മെലും ഉള്ള വെള്ളങ്ങളെ വെർതിരിച്ചു
[illegible] ആകാശം എന്നു പെരിട്ടു- ൩ാം ദിവസത്തിൽ വെള്ളങ്ങ-
ളെയും ഭൂമിയെയും വിഭാഗിച്ചു ഭൂമിയിൽനിന്നു പുല്ലുകളെയും പലവൃ-
ക്ഷങ്ങളെയും മുളപ്പിച്ചു- ൪ാം ദിവസത്തിൽ കാലഭെദങ്ങളെ അറിയി-
പ്പാൻ പകലിന്നു സൂര്യനെയും രാത്രിക്കു ചന്ദ്രനെയും നക്ഷത്രങ്ങളെ-
യും ഉണ്ടാക്കി- ൫ാം ദിവസത്തിൽ വെള്ളങ്ങളിൽ നിറയുന്ന പലവിധ മത്സ്യ-
ങ്ങളെയും ആകാശത്തിൽ പറക്കുന്ന സകലവിധ പക്ഷികളെയും
[illegible] ഉണ്ടാക്കി [illegible] അനുഗ്രഹിച്ചു- ൬ാം
ദിവസത്തിൽ ദൈവം പലജാതി കാട്ടുമൃഗങ്ങളെയും നാട്ടുമൃഗങ്ങളെ-
യും ഭൂമിയിൽനിന്നു ഉളവാക്കി [illegible] സമുദ്രത്തിൽ ഉള്ള മത്സ്യങ്ങളെയും

ആകാശത്തിലെ പക്ഷികൾക്കും മൃഗജാതികളെയും നിലത്തിഴയുന്നവക
ളെയും ഉള്ളവയും ഭൂമിയെയും ഒക്കെ ഭരിച്ചുകൊള്ളാൻ നമ്മുടെ രൂപത്തി
ൽ മനുഷ്യനെ ഉണ്ടാക്കുക എന്ന അരുളിച്ചെയ്ത തന്റെ സാദൃശ്യത്തിൽ അ
വനെ സൃഷ്ടിച്ചു - ആണും പെണ്ണുമായിട്ട് അവരെ സൃഷ്ടിച്ചു ഇരുവരോട്
നിങ്ങൾ വർദ്ധിച്ച് ഭൂമിയിൽ നിറഞ്ഞും അതിനെ അടക്കിക്കൊള്ളുവിൻ എന്ന
അനുഗ്രഹിച്ച ശേഷം ദൈവം താൻ സൃഷ്ടിച്ചതൊക്കെയും നോക്കി
ഇതാ അവ ഏറ്റവും നല്ലവ എന്ന കണ്ടു ആറാം ദിവസത്തെ പ്രവൃത്തി
കഴിഞ്ഞു -- ഏഴാം ദിവസത്തിൽ സകല പ്രവൃത്തികളിൽനിന്നും നിവൃത്ത
നായി മനുഷ്യർക്ക് ഏഴാം ദിവസത്തെ സ്വസ്ഥതയ്ക്കായി അനുഗ്രഹി
ക്കുകയും ചെയ്തു —

൨. പാപപതനം

ദൈവം ഒരു നല്ല തോട്ടത്തെ ഉണ്ടാക്കി ആദ്യമനുഷ്യനെ അതിൽ പാർപ്പി
ച്ചു - ആ തോട്ടത്തിൽ കാഴ്ചയ്ക്കു സുന്ദരമായും ഭക്ഷണത്തിന്നു രുചിയാ
യും ഉള്ള പല വിധ വൃക്ഷങ്ങളെ ഉണ്ടാക്കിയതു കൂടാതെ - നടുവിൽ ഇരിക്കുന്ന ജീ
വവൃക്ഷം ഗുണദോഷങ്ങളെ അറിയിക്കുന്ന വൃക്ഷം എന്നീ വിശിഷ്ട
മരങ്ങളെ ദൈവം മനുഷ്യനു കാട്ടി അവനോടു തോട്ടത്തിലെ മറ്റു സ
കല വൃക്ഷഫലങ്ങളെയും ഭക്ഷിക്കാം ഗുണദോഷങ്ങളെ അറിയിക്കുന്ന
വൃക്ഷത്തിന്റെ ഫലം മാത്രം ഭക്ഷിക്കരുത് ഭക്ഷിക്കും ദിവസം നീ മരിക്കും നി
ശ്ചയം എന്ന കല്പിച്ചു —

അനന്തരം മൃഗങ്ങളിൽ കൗശലമുള്ള പാമ്പ തോട്ടത്തിൽ ചെന്ന സ്ത്രീ
യോട് നിങ്ങൾ സകല വൃക്ഷത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ദൈവം നി
ഷേധമായി കല്പിച്ചിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ സ്ത്രീ പറഞ്ഞു തോട്ട
ത്തിലെ ഫലങ്ങളൊക്കെയും ഞങ്ങൾ ഭക്ഷിക്കാം എങ്കിലും നിങ്ങൾ മരി
ക്കാതെ ഇരിക്കേണ്ടതിന്നു നടുവിൽ ഇരിക്കുന്ന ഒരു വൃക്ഷത്തിന്റെ ഫല
ത്തെ മാത്രം തൊടുകയും ഭക്ഷിക്കയും അരുത് എന്ന ദൈവത്തിന്റെ
ആജ്ഞ ഉണ്ടാകുന്നു - എന്നത് കേട്ട പാമ്പ നിങ്ങൾ മരിക്കയില്ല നിശ്ചയം

ഭക്ഷിക്കുമ്പൊഴെക്കു നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെട്ടു നന്മദൊഷങ്ങ
ളെ അറിഞ്ഞു ദൈവത്തെപൊലെ ആയിരിക്കും എന്നറിയുന്നത് കൊണ്ടത്രെ
ആയവൻ അതിനെ വിരൊധിച്ചു എന്നു പറഞ്ഞപ്പൊൾ ആ വൃക്ഷത്തിൻ
ഫലം കാഴ്ചെക്കു മനൊഹരവും ഭക്ഷണത്തിന്നു നല്ലതും ബുദ്ധി വൎദ്ധനവു
മാകിയിരിക്കും എന്നു സ്ത്രീ കണ്ടു ഫലത്തെ പറിച്ചു ഭക്ഷിച്ചു ഭൎത്താവിന്നും കൊ
ടുത്താറെ അവനും ഭക്ഷിച്ചു — അപ്പൊൾ അവരിരുവരുടെയും കണ്ണു
കൾ തുറന്നു അവർ നഗ്നന്മാർ എന്നറിഞ്ഞു അത്തിയിലകളെ കൂട്ടിത്തു
ന്നി തങ്ങൾക്കു ഉടുപ്പുകളെ ഉണ്ടാക്കി —

പിന്നെ വൈകുന്നെരത്തു കുളിൎമ്മയുള്ളപ്പൊൾ ദൈവമായ യഹൊവാ തൊ
ട്ടത്തിൽ സഞ്ചരിച്ചു വരവെ ആദാമും ഭാൎയ്യയും നാഥന്റെ ശബ്ദം കെട്ടിട്ടു സ
ന്നിധിയിൽനിന്നു ഒഴിഞ്ഞു തൊട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു
അപ്പൊൾ യഹൊവാ ആദാമെ നീ എവിടെ എന്നു വിളിച്ചു അതിന്നു അവൻ
തിരുശബ്ദത്തെ കെട്ടു നഗ്നനാകകൊണ്ടു ഞാൻ ഭയപ്പെട്ടു ഒളിച്ചു എ
ന്നു പറഞ്ഞാറെ ദൈവം നീ നഗ്നൻ എന്നു നിന്നൊടു അറിയിച്ചതാർ ഭക്ഷി
ക്കരുത് എന്നു ഞാൻ വിരൊധിച്ച വൃക്ഷത്തിൻ ഫലം നീ ഭക്ഷിച്ചിട്ടി
ല്ലാ എന്നു ചൊദിച്ച ശെഷം ആദാം പറഞ്ഞു നീ എന്നൊടുകൂടെ ഇരി
പ്പാൻ തന്നിട്ടുള്ള സ്ത്രീ ആ വൃക്ഷത്തിൻ ഫലം എനിക്കു തന്നു ഞാൻ ഭ
ക്ഷിക്കയും ചെയ്തു — അപ്പൊൾ ദൈവം സ്ത്രീയൊടു നീ ചെയ്തിട്ടുള്ളതെ
ന്തെന്നു ചൊദിച്ചു അതിന്നു സ്ത്രീ സൎപ്പം എന്നെ ചതിച്ചത് കൊണ്ടു ഞാൻ ഭ
ക്ഷിച്ചു എന്നു പറഞ്ഞു —

അതിന്റെ ശെഷം ദൈവം പാമ്പിനൊടു പറഞ്ഞു നീ ഇതിനെ ചെ
യ്തത് കൊണ്ടു എല്ലാ മൃഗങ്ങളിലും ഞാൻ നിന്നെ ശപിക്കുന്നു നീ ജീവിച്ചിരി
ക്കുന്നവരെക്കും ഉരസ്സു കൊണ്ടു നടന്നു പൊടിതിന്നും നിണക്കും സ്ത്രീക്കും
നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും അ
വൻ നിന്റെ തലയെ ചതെക്കും നീ അവന്റെ മടമ്പു ചതെക്കും എന്നു
കല്പിച്ച ശെഷം സ്ത്രീയൊടു നിണക്കു ഗൎഭധാരണത്തെയും ദുഃഖത്തെയും

ഞാൻ ഏററവും വൎദ്ധിപ്പിക്കും നീ വേദനയോടെ പൈതങ്ങളെ പ്രസവി
ക്കും നിന്റെ ഭൎത്താവിന്നു താഴ്ന്നിരിക്കയും അവൻ നിന്റെ മേൽവാ
ഴുകയും ചെയ്യും എന്നു കല്പിച്ചു ആദാമിനോടു നീ ഭാൎയ്യയുടെ വാക്കു
കേട്ടനുസരിച്ചു എന്റെ വാക്കിനെ തള്ളിക്കളഞ്ഞു ഫലം ഭക്ഷിച്ചതു
കൊണ്ടു നിന്റെ നിമിത്തം ഭൂമിക്കു ശാപം ഉണ്ടു നിന്റെ ആയുസ്സുള്ള നാ
ളൊക്കയും ദുഃഖത്തോടു കൂടെ അതിന്റെ ഫലത്തെ നീ ഭക്ഷിക്കും അതു നി
നക്കു മുള്ളുകളെയും പറക്കാരകളെയും മുളപ്പിക്കും നീ നിലത്തിന്നു എ
ടുക്കപ്പെട്ടതാകകൊണ്ടു അതിൽ പിന്നെയും ചേരുകയും ചെയ്യും നിന്റെ
മുഖത്തെ വിയൎപ്പോടു കൂടി നീ അപ്പം ഭക്ഷിക്കും എന്നു കല്പിച്ചതിൽ പി
ന്നെ അവരെ തോട്ടത്തിൽ നിന്നു പുറത്താക്കി ജീവവൃക്ഷവഴിയെ കാ
ക്കേണ്ടതിന്നായിട്ടു എല്ലാടവും തിരിഞ്ഞു മിന്നുന്ന അഗ്നിവാളെടുത്തിരിക്കുന്ന ഖെ
രുബിമാരെ സ്ഥാപിക്കയും ചെയ്തു—

൩. സഹോദരവധം

ആദാമിന്റെ പുത്രന്മാരിൽ ജ്യേഷ്ഠനായ കായീൻ കൃഷിക്കാരനും അനു
ജനായ ഹാബേൽ ഇടയനുമായിരുന്നു—ഒരു ദിവസം ഇരുവരും ബലി
കഴിപ്പാൻ വന്നപ്പോൾ കായീൻ കൃഷിഫലങ്ങളെയും ഹാബേൽ ആട്ടിൻകൂട്ടത്തി
ലുള്ള കടിഞ്ഞൂൽ കുട്ടികളെയും കൊണ്ടുവന്നു അൎപ്പിച്ചാറെ യഹോവ
വിശ്വാസമുള്ള ഹാബേലിന്റെ കാഴ്ചയിൽ പ്രസാദിച്ചു കായീന്റെ ബ
ലിയെ നിരസിച്ചു—കായീനും അസൂയക്കാരനായി ഇവൻ അതി
നെ കണ്ടപ്പോൾ ഏററവും കോപിച്ചു മുഖപ്രസാദം കൂടാതെ നിന്നു—എ
ന്നാറെ കോപം ഉണ്ടാകുന്നതു എന്തിന്നു നിന്റെ മുഖം കിഴിയുന്നതു നന്മ
ചെയ്യുന്നാകിൽ പ്രസാദം ഉണ്ടാകയില്ലയോ നന്മ ചെയ്യാഞ്ഞാൽ പാപം
വാതില്ക്കൽ കിടക്കയും നിന്മേൽ ആഗ്രഹം വെക്കയും ചെയ്യുന്നു അല്ലോ അ
തിനെ നീ അടക്കേണം എന്നു വണ്ണം യഹോവ പറഞ്ഞതു കായീൻ കൈ
ക്കൊള്ളാതെ പിന്നെ അനുജനോടു സ്നേഹമായി സംസാരിച്ചു എങ്കിലും പറമ്പിൽ വെ
ച്ചു അവനെ കൊല്ലുകയും ചെയ്തു—

അനന്തരം യഹൊവ നിന്റെ അനുജനായ ഹാബെൽ എവിടെ എ
ന്നു ചൊദിച്ചതിന്നു ഞാൻ അറിയുന്നില്ല അനുജന്റെ കാവല്ക്കാരൻ ഞാ
നൊ എന്നു കായിൻ പറഞ്ഞാറെ യഹൊവ നീ എന്തു ചെയ്തു നിന്റെ അനു
ജന്റെ രക്തം നിലത്തിൽനിന്നു എന്നൊടു നിലവിളിക്കുന്നു സഹൊദരവധം
കൊണ്ടു രക്തം കുടിച്ചിട്ടുള്ള ഭൂമിയിൽനിന്നു നീ ശപിക്കപ്പെട്ടവൻ കൃഷി ചെ
യ്യുമ്പൊൾ അത തന്റെ സാരം നിനക്കു തരികയില്ല ഭൂമിയിൽ ഉഴലുന്നവ
നും അലയുന്നവനുമാകും എന്നു കല്പിച്ചപ്പൊൾ കായിൻ ദൈവത്തൊടു പ
റഞ്ഞു എന്റെ പാപം ക്ഷമിപ്പാൻ കഴിയാത്തവണ്ണം വലിയതാകുന്നു ഇ
പ്പൊൾ കാണുന്നവൻ എല്ലാം എന്നെ കൊല്ലും എന്നാറെ യഹൊവ അത
രുത എന്നു ചൊല്ലി ഒരുത്തനും അവനെ കൊല്ലാതെ ഇരിപ്പാൻ മുഖത്ത
ഒരടയാളം വെക്കയും ചെയ്തു—

അതിന്റെ ശെഷം കായിൻ ഭാൎയ്യാപുത്രന്മാരൊടു കൂടെ യഹൊവയുടെ സ
ന്നിധിയിൽനിന്നു പുറപ്പെട്ടു പൊയി നൊദ എന്ന നാട്ടിൽ എത്തി ഒരു
പട്ടണം ഉണ്ടാക്കി അതിന്നു ജ്യെഷ്ഠപുത്രനായ ഹാനൊക്കിന്റെ പെർ വി
ളിച്ചു— ഇത്സംഭവിച്ചപ്പൊൾ ആദാമിന്നു ൧൩൦ വയസ്സായിരുന്നു— അ
ക്കാലത്ത് ഹവ്വ പിന്നെയും ഒരു പുത്രനെ പ്രസവിച്ചു ഹാബെലിന്നു പക
രം ഈ സന്തതി ദൈവം തന്നു എന്നുരച്ചു സന്തൊഷിച്ചു ശെത്ത് എന്ന പെ
ർ വിളിക്കയും ചെയ്തു—

൪. ജലപ്രളയം

ആദ്യമനുഷ്യൎക്ക ആരൊഗ്യവും ദീൎഘായുസ്സും പ്രബലതയും ഉണ്ടായിരുന്നു— ആദാം
തന്റെ സന്തതികളെ ൮ തലമുറയൊളം കണ്ടു. ൯൩൦. വയസ്സുള്ളവനാ
യി മരിച്ചു— ശെഥ. ൯൧൨. മെഥുശലാ- ൯൬൯- വയസ്സൊളം ജീവിച്ചു- ഈ
ദീൎഘായുസ്സ്നിമിത്തം മനുഷ്യവൎഗ്ഗം ഭൂമിയിൽ വൎദ്ധിച്ചു അഹംഭാ
വം ശൌൎയ്യം കാമവികാരം മുതലായ ദുഷ്ടതകളും അതിക്രമിച്ചു വന്നാറെ യ
ഹൊവ ആ സദ്ഭാവമുള്ള മനുഷ്യരൊടു എന്റെ ആത്മാവ് എപ്പൊഴും
വിവാദിക്കുമാറില്ല അവൎക്ക ഇനി ൧൨൦ സംവത്സരം ഇടയുണ്ടു എന്നു

കല്പിച്ചു- എക്കാലത്തിലെ ജനങ്ങളുടെ ദുഷ്ടതയിനെ വിരൊധിപ്പാൻ ദൈ
വം ക്ഷാമം പകാപ്പൂർത്തിനം മുതലായ ശിക്ഷകളെ പ്രയൊഗിക്കാതെ വെദവും നീ
തിശാസ്ത്രവും എഴുതിച്ചിട്ടില്ലായ്കകൊണ്ടു തന്റെ ആജ്ഞാപിനാൽ അത്രെ
ബൊധം വരുത്തി-
അതിന്റെ ശെഷം യഹൊവ താൻ സൃഷ്ടിച്ച മനുഷ്യരെ എപ്പൊൾ ഭൂമി
യിൽ നിന്നു നശിപ്പിക്കും എന്നും നൊഹ നീതിമാനും ഉത്തമനുമായി ദൈവത്തൊ
ടു ഐക്യമായി നടന്നതുകൊണ്ടു അവനും അവന്റെ കുഡുംബത്തിനും എ
ന്നും ദയ ലഭിച്ചു അവനൊടു ഞാൻ ഭൂമിമെൽ ജലപ്രളയം വരുത്തുന്നത്
കൊണ്ടു നീ ൩൦൦ മുഴം നീളവും ൫൦ മുഴം വീതിയും ൩൦ മുഴം ഉയരവും ഉള്ള ഒ
രു പെട്ടകം ഉണ്ടാക്കി അതിനെ പല മുറികളൊടു കൂടെ തീർത്ത ശെഷം നീയും
ഭാര്യയും പുത്രന്മാരും പുത്രഭാര്യമാരും അതിൽ പ്രവെശിക്കയും നിന്നൊടു കൂടെ ജീ
വനൊടെ രക്ഷിപ്പാനായി സകല ജന്തുക്കളിൽ ആണും പെണ്ണുമായി ഇര
ണ്ടു ( ) രണ്ടു കൂടെ ചെർത്തിരിക്കയും അവറ്റിന്നും ഭക്ഷിപ്പാൻ വെണ്ടുന്നതെ
ല്ലാം ശെഖരിക്കയും വെണം എന്നു കല്പിച്ചു നൊഹ അപ്രകാരം തുടങ്ങിയിക്
കും ചെയ്തു-
അനന്തരം ദൈവകല്പനപ്രകാരം നൊഹ തന്റെ ൬൦൦-ാം വയസ്സിൽ കു
ഡുംബത്തൊടു കൂടെ പെട്ടകത്തിൽ പ്രവെശിച്ച ശെഷം മഹാ ആഴിയിലെ ഉറ
വുകൾ എല്ലാം പിളർന്നു ആകാശത്തിലുള്ള ജലദ്വാരങ്ങളും തുറന്നു-പിന്നെ
൪൦ പകലും രാവും ഭൂമിമെൽ പെരുമഴ ഉണ്ടായതിനാൽ വെള്ളങ്ങൾ വർദ്ധിച്ചു
പെട്ടകത്തെ മെല്പെട്ടു പൊങ്ങിച്ചു അതു ഒഴുകി സഞ്ചരിച്ചു-പിന്നെ
യും വളരെ പെരുകി വന്നു ആകാശത്തിൻ കീഴെ ഉള്ള മലകളെ മൂടുവെ
ള്ളതല്ലാതെ ശിഖരങ്ങളിൽ നിന്നു ൧൫ മുഴം ഉയരം മെല്പെട്ടു വർദ്ധിച്ചു-അ
പ്പൊൾ സകല മൃഗപക്ഷികളും ഇഴവജന്തുക്കളും എല്ലാ മനുഷ്യരും ചത്തു
പൊയി പെട്ടകം മാത്രം വെള്ളങ്ങളുടെ മീതെ ഒഴുകി- അങ്ങിനെ വെള്ള
ങ്ങൾ ഭൂമിയുടെ മെൽ ൧൫൦ ദിവസത്തൊളം നിന്നാറെ കുറഞ്ഞു പെട്ട
കം അരരാത്ത എന്ന മലയിൽ ഉറെച്ചു- ൮ മാസം ചെന്ന ശെഷം വെള്ള

ങ്ങൾ അടെച്ചിട്ടും കുറഞ്ഞു പൊക്കി മലകളുടെ പരങ്ങൾ പൊങ്ങി വന്നതി
ന്നാക്കും ൪൦ ദിവസം കഴിഞ്ഞാറെ നൊഹ പെട്ടകത്തിൻ വാതിൽ തു
റന്നു ഒരു മലങ്കാക്കയെ പുറത്തയച്ചിട്ടു അത് വെള്ളം വറ്റി പൊകുവൊ
ളവും വന്നും പൊയും കൊണ്ടിരിക്കുമ്പൊൾ ഒരു പ്രാവിനെയും വിട്ടു
അതിന് സ്വസ്ഥാലയം കാണായ്ക കൊണ്ട് തിരിച്ചു വന്നു ഏഴു ദിവസത്തിന്റെ
ശെഷം പ്രാവിനെ പിന്നെയും വിട്ടാറെ അതൊരു ഒലിവ് വൃക്ഷത്തി
ന്റെ ഇലയെ കൊത്തിക്കൊണ്ടു വന്നു — അവൻ പിന്നെയും ഏഴു ദിവസം
പാർത്തിട്ടു പ്രാവിനെ പുറത്തയച്ചു മടങ്ങി വരായ്ക കൊണ്ടു വെള്ളം എ
ല്ലാം വറ്റി പൊയി എന്നു നൊഹ നിശ്ചയിച്ചു മെൽതട്ടു നീക്കി ഉണ
ങ്ങിയ സ്ഥലത്തെ കണ്ടു പിന്നെയും ഏകദെശം ൨ മാസം കഴിഞ്ഞ
ശെഷം താനും കുഡുംബക്കാരും ജന്തുക്കളൊട് കൂട പെട്ടകത്തെ വിട്ടു പുറ
ത്തു വരികയും ചെയ്തു —

അനന്തരം നൊഹ ഹൊമബലികളെ കഴിച്ചപ്പൊൾ യഹൊവ മനുഷ്യ
ഹൃദയനിരൂപണങ്ങൾ ബാല്യം മുതൽ ദൊഷമുള്ളവ ആകകൊണ്ടു
അവർ നിമിത്തമായിട്ട് ഞാൻ ഭൂമിയെ ഇനി ശപിക്കയില്ല ഭൂമിയുള്ള
നാളൊക്കെയും വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വെനൽകാലവും
വർഷകാലവും പകലും രാവും ഇവറ്റിന്നു നീക്കം വരികയില്ല എന്നു
ഉള്ളെടുത്തു നൊഹയെ അനുഗ്രഹിച്ചു മഴ പെയ്യുന്നതിനാലെ പെട്ടി
ണ്ടാകരുത് എന്നതിന്ന് അടയാളമായിട്ടു മെഘത്തിൽ ശൊഭയുള്ള
മഴവില്ലിനെ ഉണ്ടാക്കി വെച്ചു ഇത് എന്നെക്കും ഭൂമിയിലെ ജലഖ
ണ്ഡത്തിന്നു മുങ്ങിയ നാശത്തിന്നു ഇല്ലാതാക്കി ഇരിക്കും എന്ന് കല്പിക്കയും
ചെയ്തു —

൭. ബാബെലിലെ ഗൊപുരം

ജലപ്രളയത്തിന്റെ ശെഷം മനുഷ്യരുടെ ശരീരശക്തിയും ആയുസ്സും
ക്രമത്താലെ കുറഞ്ഞു വന്നു നൊഹ പിന്നെയും ൩൫൦ സംവത്സ
രം ജീവിച്ചു അവന്റെ ജ്യെഷ്ഠപുത്രനായ ശെമ്മും ൬൦൦ വർഷത്തൊളമു

ശെമ്മ തന്റെ സന്തതിയൊട ൭ തലമുറയൊളം കണ്ടു-അവന്റെ പു
ത്രനായ അർഫക്ഷാദ ൪൩൮ വയസ്സുവരെ ജീവിച്ചു അവന്റെ പുത്രനായ
എബെർ ൪൬൪ാം വയസ്സിൽ മരിച്ചു-അന്നുള്ള ജനങ്ങൾ പാപായിക്രമത്താ
ൽ അശക്തരായി തീരുകകൊണ്ടു ൨൦൦ാം വയസ്സിൽ മെപ്പെട്ടു ഒരുത്തരും
ജീവിച്ചിരുന്നില്ല അപ്പൊൾ ഹാമിന്റെ സന്തതിയിലുള്ള നിമ്രൊദ മു
തലായ വീരന്മാർ പലക്രൂരപ്രവൃത്തികളെ നടത്തി ഒരൊ ദെശങ്ങളെ
യും ജനങ്ങളെയും കൈവശമാക്കി പ്രഭുക്കന്മാരായി വാണുതുടങ്ങി-
ആ കാലത്തൊളം ലൊകത്തിൽ എങ്ങും ഒരു ഭാഷ തന്നെ നടന്നുവ
ന്നപ്പൊൾ യ്രൂഫ്രാത്തനദിതീരത്തിലെ താഴെ പ്രദെശത്തുള്ള മനുഷ്യർ നാം
ഇനിമെൽ ഭൂമിമെൽ ചിതറാതെ ഇരിപ്പാനും സകല ജാതികളും നമ്മെ
ഉത്തപ്രശംസിപ്പാനും ഒരു പട്ടണത്തെയും അതിൽ ആകാശത്തൊളം
നീണ്ടുയരുന്ന ഒരു ഗൊപുരത്തെയും തീർപ്പാൻ നിശ്ചയിച്ചു-പണിചെയ്തു
വരുമ്പൊൾ ആയത യഹൊവെക്ക അനിഷ്ടമാകകൊണ്ടു അവൻ ഇറങ്ങി
വന്ന ഒരൊരുത്തരുടെ വാക്കുകൾ തമ്മിൽ തിരിയാതെ ഇരിപ്പാൻ
വെവ്വെറെ ആക്കി-അവർ ആസ്ഥലത്തെ വിട്ടു പട്ടണവും ഗൊ
പുരവും മുഴുവനാക്കാതെ ഭൂമിയിൽ എങ്ങും ചിന്നഭിന്നമായി പൊ
വാൻ സംഗതി വരുത്തി- അന്നുമുതൽ ആ പട്ടണത്തിന്ന കലക്കം എ
ന്നർത്ഥമുള്ള ബാബെൽ എന്ന പെർ സംഭവിക്കയും ചെയ്തു-

൩. ദൈവം അബ്രാമിനെ വിളിച്ചത

നൊഹ മരിക്കുന്നതിന്നു മുമ്പെ കാലം ചെന്ന ജനങ്ങൾ ഏറ്റവും വെർതിരി
പല വക ബിംബങ്ങളെയും സ്ഥാപിച്ചു പൂജിച്ചുവരുമ്പൊൾ ശെമിന്റെ
പത്താം സന്തതിയായ അബ്രാമൊട ദൈവം അരുളിച്ചെയ്തു-അച്ഛന്റെ
ൻ ഭവനത്തെയും ജന്മദെശത്തെയും ബന്ധുജനങ്ങളെയും വിട്ടുംപു
റപ്പെട്ടു ഞാൻ കാണിക്കും ദെശത്തെക്ക പൊക അവിടെ ഞാൻ നിന്നെ
അനുഗ്രഹിച്ചു വലിയ ജാതിയാക്കി നിന്റെ നാമത്തിന്നു കീർത്തി
യും സർവ്വവംശങ്ങളും നിന്നാൽ അനുഗ്രഹവും വരുത്തും എന്നരുളി

ഷിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും ശപിക്കുന്നവരെ ശപിക്കും എന്നു
തു കെട്ട അബ്രാം ൭൫ വയസ്സുള്ളവനായി ഭാൎയ്യയെയും അനുജന്റെ
പുത്രനായ ലൊത്തനെയും കൂട്ടികൊണ്ടു കനാൻ ദെശത്തെക്കു യാത്ര
യാക്കി എത്തുകയും ചെയ്തു—

അവിടെ ഇരിക്കുന്ന സമയത്ത അബ്രാമും ലൊത്തനും കന്നുകാലികൾ മുത
ലായ സമ്പത്തുകൾ വളരെ ഉണ്ടാകകൊണ്ടു ഒന്നിച്ചു പാൎപ്പാൻ ആ ഭൂമി പൊ
രാതെ ഇരുന്നു— ഇരുവരുടെയും കൂട്ടങ്ങളെ മെയ്ക്കുന്ന ഇടയന്മാർ തമ്മിൽ
കലശൽ ഉണ്ടാകയാൽ അബ്രാം അറിഞ്ഞു ലൊത്തനൊടു പറഞ്ഞു നിനക്കും എന
ക്കും നമ്മുടെ ഇടയൎക്കും തമ്മിൽ വിവാദം ഉണ്ടാകരുത് നാം സഹൊദരന്മാര
ല്ലൊ ആകുന്നത്— ദെശം ഒക്കയും നിന്റെ മുമ്പാകെ ഇരിക്കുന്നവല്ലൊ
നീ എന്നെ വിട്ടു ഇടത്തൊട്ടു മാറുന്നെങ്കിൽ ഞാൻ വലത്തൊട്ടു പൊകാം
വലത്തൊട്ടു നീ പൊകുന്നെങ്കിൽ ഞാൻ ഇടത്തൊട്ടു തിരിഞ്ഞുകൊള്ളാം
എന്നു പറഞ്ഞിട്ടു ലൊത്തൻ കിഴക്കെ ദെശം തെരിഞ്ഞെടുത്തു എന്നിട്ടു ക
ണ്ടു യൎദ്ദെൻ നദി ഒഴുകുന്ന സമഭൂമിയിൽ ഇരിക്കുന്ന സൊദൊം പട്ടണത്തിൽ
ചെന്നു വസിച്ചു— അബ്രാമൊ കനാൻ ദെശത്തു തന്നെ പാൎക്കയും ചെയ്തു—

൬. അബ്രഹാമിന്റെ വിശ്വാസം—

അബ്രാം ഇപ്രകാരം ചെയ്തുകൊണ്ടു യഹൊവ അവനെ അനുഗ്രഹിച്ചു
അവനൊടു ഭയപ്പെടരുതു ഞാൻ നിന്റെ പരിചയും പ്രതിഫലവും ഞാൻ തന്നെ
ആകുന്നു എന്നു പറഞ്ഞു— രാത്രിസമയത്തു ഇറക്കികൊണ്ടു അവനൊടു
മിഴിച്ചിരുന്നപ്പൊൾ ആകാശത്തിലെ നക്ഷത്രങ്ങളെ എ
ണ്ണുവാൻ കഴിയുമൊ അപ്രകാരം ഞാൻ നിന്റെ സന്തതിയെ വൎദ്ധിപ്പി
ക്കും എന്നുള്ള യഹൊവയുടെ അരുളപ്പാടിനെ പരിഗ്രഹിച്ചു അവനി
ൽ വിശ്വസിച്ചു യഹൊവ അതിനെ അവന്നു നീതിയായി എണ്ണുകയും
ചെയ്തു—

൭. അനന്തരം വയസ്സായപ്പൊൾ യഹൊവ പ്രത്യക്ഷനായി പറ
ഞ്ഞിതു ഞാൻ സൎവ്വശക്തനായ ദൈവം എന്റെ മുമ്പാകെ നടന്നുകൊണ്ടു

പൂർണ്ണഗുണവാനായിരിക്ക എന്നാലെ ഞാൻ നിന്നോടു എന്റെ നിയ്യമം സ്ഥാപിക്കും വളരെ ജാതികൾക്കും നീ പിതാവായിരിക്കും. ആകയാൽ ഇനി നിന്റെ പേർ അബ്രാം എന്നല്ല കൂട്ടത്തിന്റെ അഛ്ശൻ എന്ന അർത്ഥമുള്ള അബ്രഹാം എന്നു വിളിക്കും. പിന്നെ യഹോവ തന്റെ നിയ്യമത്തിന്നടയാളമായി ചേലാകർമ്മത്തെ ആചാരമായി കല്പിച്ചു —

: അതിന്റെ ശേഷം അബ്രഹാം ഒരു ദിവസം ഉച്ചെക്കു കൂടാരവാതുക്കൽ ഇരുന്നപ്പോൾ യഹോവ പ്രത്യക്ഷനായി അതെങ്ങിനെ എന്നാൽ അവൻ നോക്കിയപ്പോൾ ൩ ആളുകൾ തന്റെ അടുക്കെ വരുന്നതു കണ്ടു ഓടിച്ചെന്നു എതിരേറ്റു നിലംവരെ വണങ്ങി പറഞ്ഞു കർത്താവെ നിന്റെ കണ്ണുകളിൽ കൃപ ലഭിച്ചു എങ്കിൽ നിന്റെ ദാസനെ ഒഴിച്ചു പോകരുതെ. മരത്തിൻ കീഴിൽ ആശ്വസിച്ചു അല്പം തിന്നു കഴിച്ചു കൊള്ളേണം എന്നപേക്ഷിച്ചു സമ്മതിച്ച ശേഷം അകത്തു ചെന്നു ഭാര്യയാകുന്ന സാറയോടു നീ വേഗം അപ്പം ഉണ്ടാക്കുക എന്നു പറഞ്ഞു താൻ ഒരു കന്നുക്കുട്ടിയെ പാകം ചെയ്യിച്ചു കൊണ്ടുവന്നു അപ്പവും പാലും വെണ്ണയും കൂടെ അവരുടെ മുമ്പാകെ വെച്ചു അവർ ഭക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ കർത്താവായവൻ പറഞ്ഞു ഒരു സംവത്സരത്തിന്റെ ശേഷം ഞാൻ മടങ്ങി വരും അപ്പോൾ നിന്റെ ഭാര്യക്കു ഒരു പുത്രൻ ഉണ്ടാകും എന്നതു അവന്റെ പിന്നിൽ കൂടാരവാതുക്കൽ നില്ക്കുന്ന സാറാ കേട്ടു ഉള്ളം കൊണ്ടു ചിരിച്ചപ്പോൾ കർത്താവ് സാറാ എന്തു ചൊല്ലി ചിരിക്കുന്നു യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ എന്നു കല്പിച്ചപ്പോൾ സാറാ ഞാൻ ചിരിച്ചില്ല എന്നു ഭയപ്പെട്ടു പറഞ്ഞതിന്നു അവൻ അല്ല നീ ചിരിച്ചു നിശ്ചയം എന്നു വാക്കുതർക്കം കഴിക്കയും ചെയ്തു —

അനന്തരം ആ പുരുഷന്മാർ എഴുനീറ്റു സദോമിലെക്കു പുറപ്പെട്ടു അബ്രഹാം കൂടെ പോകുമ്പോൾ യഹോവ ഞാൻ ചെയ്വാൻ ഇരിക്കുന്നതിനെ അബ്രഹാമിൽനിന്നു മറെക്കുമോ അവൻ വലിയ ജാതിയും എല്ലാ ജാതികൾക്കും അനുഗ്രഹസ്വരൂപനുമായി

തിരുമല്ലൊ പുത്രപൌത്രന്മാരൊടു യഹൊവായുടെ പ്രവൃത്തികളെ
റിക്കിച്ചു നീതിയും ധർമ്മവും പ്രമാണിച്ചു നടത്തുവാനും ചൊല്ലും എന്നു പറഞ്ഞു
അവനൊടു സദൊം ഗമൊറാ പട്ടണങ്ങളുടെ മഹാപാപങ്ങളെ
നൊക്കി കണ്ടു ഞാൻ അവരെ നശിപ്പിപ്പാൻ പൊകുന്നു എന്നു അറിയിച്ചു-
പിന്നെ അബ്രഹാം അല്ലയൊ ന്യായകർത്താവെ നീ ദുഷ്ടന്മാരൊടു കൂ
ടി നീതിമാനെയും നശിപ്പിക്കുമൊ ആ പട്ടണങ്ങളിൽ ൫൦ നീതിമാന്മാരുണ്ടെ
ങ്കിൽ ക്ഷമിക്കാതെ ഇരിക്കുമൊ എന്നപെക്ഷിച്ചാറെ ൫൦ നീതിമാന്മാ
രുണ്ടെങ്കിൽ ഞാൻ ക്ഷമിക്കും എന്നു യഹൊവ കല്പിച്ചു-പിന്നെയും
അവൻ അയ്യൊ കർത്താവെ ൪൫ എങ്കിലും ൪൦ എങ്കിലും ൩൦ എങ്കിലും ൨൦
എങ്കിലും ഉണ്ടായാൽ ക്ഷമിക്കുമൊ എന്നു ക്രമെണ അപെക്ഷിച്ചതി
പ്പൊൾ അപ്രകാരം ആകട്ടെ എന്നൊക്കെയും യഹൊവ സമ്മതിച്ചു-ഒടു
ക്കം ഞാൻ ഒന്നുകൂടെ അപെക്ഷിക്കുന്നു പത്തു പെർ മാത്രം ഉണ്ടാകു
ൽ ക്ഷമിക്കുമൊ എന്നു ചൊദിച്ചപ്പൊൾ അവരെ നിമിത്തമായാലും ഞാൻ
നശിപ്പിക്കയില്ല എന്നു യഹൊവ അരുളിച്ചെയ്തു മറഞ്ഞു-മറെറ രണ്ടു
പെർ സദൊമിനൊക്കി പൊയശെഷം അബ്രഹാമും സ്വസ്ഥലത്തെ
ക്കു മടങ്ങിവന്നിരിക്കയും ചെയ്തു—

൯. സദൊമും ഗമൊറയും

ആ ദൂതന്മാർ വൈകുന്നെരത്തു സദൊമിൽ എത്തിയപ്പൊൾ ലൊത്തൻ
എഅവരെ കണ്ടു തൊഴുതു വഴിപൊക്കർ എന്നു വിചാരിച്ചു വീട്ടിൽ പാ
ർപ്പിച്ചു സല്ക്കരിച്ചതിന്റെ ശെഷം പട്ടണക്കാർ ആബാലവൃദ്ധം കൂടി
ചെന്നു ഭവനം വളഞ്ഞു യാത്രക്കാരെ അവമാനിപ്പാൻ പുറപ്പെടുവിപ്പാനായി
വാതിൽ പൊളിക്കെണ്ടതിന്നു ഭാവിച്ചപ്പൊൾ ദൂതന്മാർ എല്ലാവർക്കും
അന്ധത പിടിപ്പിച്ചു-പിന്നെ ആ ദൂതന്മാർ ഈ പട്ടണത്തെ നശിപ്പിപ്പാ
നാങ്കൾ ദൈവം ഞങ്ങളെ അയച്ചു നിനക്കു വെണ്ടുവർ ഉണ്ടെങ്കിൽ അവരും
നീയും ക്ഷണത്തിൽ പട്ടണം വിട്ടു പുറത്തു പൊകെണം എന്നു പറഞ്ഞു
റ്റു ലൊത്തൻ കെട്ടു പുത്രിമാരെ കൊള്ളുവാനുള്ളവരൊടും ബൊധിപ്പിച്ചു

ന്മാരൊട് കാൎയ്യം അറിയിച്ചാറെ അവർ പരിഹസിച്ചു ചിരിക്കയും ചെയ്തു-
നെരം പുലരുമ്പൊൾ ദൂതന്മാർ ലൊത്തനെ ബദ്ധപ്പെടുത്തി കുഡുംബം പെ
ണ്ണൊടു കൂടെ വെഗം പൊകെണം എന്നു പറഞ്ഞ ശെഷം താമസിച്ചാറെ
അവർ അവന്റെയും ഭാൎയ്യയുടെയും കൈ പിടിച്ചു പുത്രിമാരൊട് കൂടെ
പട്ടണത്തിന്നു പുറത്തു കൊണ്ടു പൊക്കി പ്രാണരക്ഷക്കായി മലയി
ൽ പൊക മറിഞ്ഞു നൊക്കരുത് സമഭൂമിയിൽ എങ്ങും നില്ക്കയും അരുത്
എന്നു കല്പിച്ചയച്ചു-ലൊത്തന്റെ ഭാൎയ്യ വഴിയിൽ തിരിഞ്ഞു നൊ
ക്കിയതിനാൽ മരിച്ചു ഉപ്പുതൂണായി തീരുകയും ചെയ്തു-മറ്റെവർ സൊവാ
ർ എന്ന ഊരിലെത്തി സൂൎയ്യൻ ഉദിച്ചപ്പൊൾ യഹൊവ സദൊം മുതലാ
യ പട്ടണങ്ങളിൽ ഗന്ധകത്തെയും അഗ്നിയെയും വൎഷിപ്പിച്ചു അവറ്റെ
യും സമഭൂമിയും ഒക്കവെ മറിച്ചു കളഞ്ഞു ആ സ്ഥലം കടലായി തീൎന്നു
അതിന്നു ശവക്കടൽ എന്നും ഉപ്പുപൊയ്ക എന്നും പെരുകളുണ്ടു ഇവ
ന്നു-ദൈവം ഇങ്ങിനെ അതിക്രമക്കാരെ ഭയങ്കരമാം വണ്ണം ശിക്ഷി
ക്കും എന്നതിന്നു ദൃഷ്ടാന്തമായി കിടക്കുന്ന ദെശം നല്ലവൎക്കു ഗുണമാകിലും
കാണ്മാൻ ഉണ്ടു-

൯. ഇഷ്മയെൽ

അബ്രഹാമിന്നു ൮൬ാം വയസ്സിൽ ദാസിപുത്രനായ ഇഷ്മയെൽ ജനിച്ചു-
തനിക്കു ൧൦൦ വയസ്സായപ്പൊൾ വൃദ്ധയായ സാറാ ദൈവാനുഗ്രഹ
ത്താൽ ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിച്ചു അവന്നു ഇസ്ഹാക്ക് എന്നു
പെർ വിളിച്ചു-ഇഷ്മയെൽ പരിഹാസക്കാരനായി വളൎന്നു എന്നു സാ
റാ കണ്ടു ഭൎത്താവൊട് അടിമയെ അവളുടെ മകനൊടു കൂടെ പുറത്ത
ള്ളിക്കളക എന്നു പറഞ്ഞത് അബ്രഹാമിന്നു അനിഷ്ടമായപ്പൊൾ ദൈ
വം അവനൊടു സാറാ ദാസിയെയും മകനെയും കുറിച്ചു പറഞ്ഞത്
കൊണ്ടു നീരസം തൊന്നരുത് വിശിഷ്ട സന്തതി ഇസ്ഹാക്കിൽ നിന്നു ഉ
ണ്ടാകുമല്ലൊ ആകയാൽ സാറയുടെ വാക്കുകൾ എല്ലാം നീ അനുസരി
ക്ക ദാസിപുത്രൻ നിന്റെ സന്തതി ആകകൊണ്ടു അവനെയും ഞാൻ വ

ചാരിച്ചു ഒരു ജാതിയാക്കും എന്നരുളിച്ചെയ്തു—

അനന്തരം അബ്രഹാം അപ്പവും വെള്ളത്തുരുത്തിയും എടുത്ത് ഹാഗാറിന്നു കൊടുത്തു അവളെ പുത്രനൊടു കൂടെ അയച്ചു- അവൾ പൊകയാട്ടിൽ ഉഴന്നു വലഞ്ഞു തൊമ്പിലെ വെള്ളം ചെലവായാറെ എങ്ങും അന്വെഷിച്ചു വെള്ളം കിട്ടാഞ്ഞ ശെഷം ദുഃഖപരവശയായി മകനെ ഒരു മരത്തിൻ ചുവട്ടിൽ കിടത്തി കുട്ടിയുടെ മരണം കാണ്മൂടാ എന്നു വെച്ചു കുറെ ദൂരെ പൊയി ഇരുന്നു നിലവിളിച്ചു കരഞ്ഞു- ബാലന്റെ ഞരക്കം ദൈവം കെട്ടു ഒരു ദൂതൻ ആകാശത്തിൽനിന്നു ഹാഗാരെ വിളിച്ചു നിണക്ക എന്തു വെണം ഭയപ്പെടരുത് എന്നും മറ്റും പറഞ്ഞു ദൈവം അവൾക്കു കണ്ണു തുറന്നു ഉറവുവെള്ളം കാണിച്ചു അപ്പൊൾ അവൾ കൊണ്ടുപൊയി ബാലനെ കുടിപ്പിച്ചു- ദൈവാനുഗ്രഹം ഉണ്ടാകകൊണ്ടു അവൻ വളൎന്നു കാട്ടിൽ തന്നെ പാൎത്തു വില്ലാളിയും ശൂരനുമായി തീൎന്നു അവന്റെ ൧൨ പുത്രന്മാർ പ്രഭുക്കളായ്‌ തീൎന്നു അവരിൽനിന്നു മുഹമ്മദിൻ വംശവും അറബി ജാതികൾ പലതും ഉണ്ടായ്വരികയും ചെയ്തു—

൧൦. ഇസ്സാക്ക

ഏറക്കാലങ്ങൾ കഴിഞ്ഞ ശെഷം ദൈവം അബ്രഹാമെ പരീക്ഷിക്കെണ്ടതിന്നു അവനൊടു നിണക്ക അതിപ്രിയനും ഏക പുത്രനുമായ ഇസ്സാക്കിനെ കൂട്ടിക്കൊണ്ടു മൊറിയ ദെശത്തെക്ക ചെന്നു ഞാൻ കാണിക്കും മലമുകളിൽ അവനെ ഹൊമബലിയാക്കി കഴിക്ക എന്നു കല്പിച്ചു- അപ്പൊൾ അബ്രഹാം അതികാലത്ത് എഴുനീറ്റു കഴുതെക്ക് ജീനി കെട്ടി മകനെയും രണ്ടു പണിക്കാരെയും കൂട്ടിക്കൊണ്ടു ദൈവം കല്പിച്ച ദെശത്തെക്ക് പൊകയും ചെയ്തു—

മൂന്നാം ദിവസത്തിൽ ആ മല കണ്ടപ്പൊൾ പണിക്കാരൊടു നിങ്ങൾ കഴുതയൊടു കൂടെ ഇവിടെ പാൎപ്പിൻ എന്നു കല്പിച്ചു വിറകെട്ടു ഇസ്സാക്കിന്റെ ചുമലിൽ വെച്ചു തന്റെ കൈകളിൽ തീയും കത്തിയും എടുത്തു ഇരുവരും ഒന്നിച്ചു പൊകുമ്പൊൾ ഇസ്സാൿ പറഞ്ഞു എന്നപ്പായൊ അ

ച്ഛാ തീയും വിറകും ഉണ്ടല്ലൊ ഹൊമബലിക്കായിട്ടു ആട്ടിൻകുട്ടി എവിടെ എന്നു ചൊദിച്ചതിന്നു എൻ മകനെ ഹൊമബലിക്കായി ദൈവം തനിക്കു തന്നെ ഒരു ആട്ടിൻകുട്ടിയെ നൊക്കി കൊള്ളും എന്ന് അബ്രഹാം ഉത്തരം പറഞ്ഞു ഒരുമിച്ചു നടക്കയും ചെയ്തു—

പിന്നെ ആ സ്ഥലത്ത് എത്തിയപ്പൊൾ അബ്രഹാം ബലിപീഠം പണിതു വിറകടുക്കി ഇസ്സാക്കിനെ കെട്ടി പീഠത്തിൽ വിറകിന്മെൽ കിടത്തി കൈ നീട്ടി പുത്രനെ അറുക്കെണ്ടതിന്നു കത്തി എടുത്ത സമയം യഹൊവയുടെ ദൂതൻ ആകാശത്തിൽനിന്നു അബ്രഹാമെ അബ്രഹാമെ കുഞ്ഞന്റെ മെൽ നിന്റെ കൈ വെക്കരുതെ നീ ദൈവത്തെ ഭയപ്പെടുന്നവനാകുന്നു എന്നു ഞാൻ ഇപ്പൊൾ അറിയുന്നു എന്നു വിളിച്ചു പറയുന്നത് അബ്രഹാം കെട്ടു നൊക്കുമ്പൊൾ പിന്നിൽ ഒരാണാട്ടിനെ കാട്ടിൽ കൊമ്പു കുടുങ്ങി നിന്നത് കണ്ടു ചെന്നു പിടിച്ചു മകന്നു പകരം അറുത്തു ഹൊമബലി കഴിച്ചു-അനന്തരം യഹൊവയുടെ ദൂതൻ ആകാശത്തിൽനിന്നു അബ്രഹാമൊടു വിളിച്ചു പറഞ്ഞു നീ എന്റെ വാക്കിനെ അനുസരിച്ചു അതിപ്രിയമുള്ള ഏക പുത്രനെ വിരൊധിക്കാതെ അൎപ്പിച്ചത് കൊണ്ടു ഞാൻ നിന്നെ അനുഗ്രഹിക്കും നിന്റെ സന്തതിയെ ആകാശത്തുള്ള നക്ഷത്രങ്ങളെ പൊലെ വൎദ്ധിപ്പിച്ചു അതിനെ കൊണ്ടു എന്നാണ ഞാൻ ഭൂമിയിലുള്ള എല്ലാ ജാതികൾക്കും അനുഗ്രഹം വരുത്തും എന്നു സത്യം കഴിച്ചു വാഗ്ദത്തം ഉറപ്പിക്കയും ചെയ്തു—

൧൨. സാറയുടെ മരണവും ശവസംസ്കാരവും

അബ്രഹാം ൬൰൨. സംവത്സരം കനാൻ ദെശത്തിൽ പാൎത്തു ഒരടി നിലം പൊലും ഇല്ലാഞ്ഞു കൊണ്ടു ആട്ടുമാടുകളും അടിമകളൊടും കൂടെ കൊണ്ടു പൊയി മെച്ചു കനാന്യരുടെ ഇടയിൽ പരദെശിയായിരുന്നതിന്റെ ശെഷം അവന്റെ ൧൩൭ാം വയസ്സിൽ സാറാ ഹെബ്രൊനിൽ വെച്ചു മരിച്ചു-ശവം അടക്കെണ്ടതിന്നു ഒരു സ്ഥലം ഇല്ലാഞ്ഞു കൊണ്ടു ഹെത്തഗൊത്രക്കാരൊടു നിങ്ങളുടെ ഇടയിൽ ശവം അടക്കുന്നതിന്നു എനിക്കു ഒരു നിലം

അവകാശമാക്കിതന്നാൽ ഭാൎയ്യയെകഴിച്ചിടാം എന്നുപറഞ്ഞപ്പൊൾ ഞ-
ങ്ങളുടെഗ്രഹങ്ങളിൽ ഇഷ്ടമായതിൽ മരിച്ചവളെകുഴിച്ചിട്ടുക ഞങ്ങ-
ൾ വിരൊധിക്കയില്ല- എന്നവർ പറഞ്ഞാറെ വിലകൊടുക്കാതെ ഒരുസ്ഥലം
എടുപ്പാൻ മനസ്സില്ലായ്കകൊണ്ട് തന്റെ ഇഷ്ടപ്രകാരം ഹെത്ത്യനിലു-
ള്ള ഒരുഗുഹയെയും തൊട്ടത്തെയും അബ്രഹാമിന്നു കൊടുത്ത ഇതിന്റെ വി-
ല ൪൦൦ ഉറുപ്പികക്കും വെള്ളി വാങ്ങി- അതിന്റെശെഷം അബ്രഹാം
തന്റെഭാൎയ്യയായസാറയെ മരിച്ചനെരെയും ഉള്ളമക്ഫെലാ എന്നഗു-
ഹയിൽ കുഴിച്ചിട്ടുകയും ചെയ്തു-

൨൦. ഇസ്സാക്കവിവാഹം കഴിച്ചത്

അബ്രഹാം വൃദ്ധനായസമയത്ത പുത്രനെവിവാഹം കഴിപ്പിക്കെണം
എന്നുവെച്ചു വിശ്വാസമുള്ളപണിക്കാരനായ എലിയെസരെ വരുത്തി
ഈനാട്ടിലെ സ്ത്രീകളിൽനിന്ന ഒന്നും ഭാൎയ്യയെ എടുക്കരുത് എന്റെ
സാപത്യത്തിലെ എന്റെ ബന്ധുക്കളുടെ ചെന്നു കണ്ടു ഒരു സ്ത്രീയെ കൊ-
ണ്ടുവരെണം എന്നു കല്പിച്ചത്കെട്ടു എലിയെസർ യജമാനന്റെ വി-
ശെഷവസ്തുക്കളിൽ പലതും വാങ്ങി ഒട്ടകങ്ങളുടെമെൽ കയറ്റി യാ-
ത്രയായി- ഒരുവൈകുന്നെരത്ത നാഹൊർ എന്നവന്റെ പട്ടണസമീപത്ത
എത്തിയപ്പൊൾ ഒട്ടകങ്ങളെ ഒരുകിണറ്റിന്റെ അരികെ ഇരുത്തി പ്രാൎത്ഥി-
പ്പാൻ തുടങ്ങി- യഹൊവയായ ദൈവമെ ഈ പട്ടണക്കാരുടെ പുത്രിമാർ വെള്ളം
കൊരുവാൻ വരുമാറുള്ളതിൽ ഞാൻ ഒരുത്തിയൊട്ട കുടിപ്പാൻ തരെണ-
മെന്നു പാത്രം ഇറക്കുക എന്നു ഞാൻ അപെക്ഷിക്കുമ്പൊൾ നിനക്കും ഒട്ട-
കങ്ങൾക്കും ഞാൻ കുടിപ്പാൻ തരാം എന്നു പറയുന്ന സ്ത്രീ തന്നെ നിന്റെ ഭൃത്യ-
നായ ഇസ്സാക്കിന്നു ഭാൎയ്യയായിരിപ്പാൻ സംഗതിവരുത്തെണമെ
എന്നാൽ എന്റെ യജമാനനിൽ നീ കൃപ ചെയ്തിരിക്കുന്നു എന്ന ഞാൻ അ-
റിയും എന്നിപ്രകാരം പറഞ്ഞുതീരും മുമ്പെ ബെഥുവെലിന്റെ പുത്രിയാ-
യ റിബെക്കാ വന്നു കിണറ്റിൽ ഇറങ്ങി പാത്രം നിറച്ചു കൊണ്ടു കയറിയ-
പ്പൊൾ എലിയെസർ കുറെ വെള്ളം തന്നെ എന്നു [illegible]ക്കയും

ചോദിച്ചതിന്നു ഞാൻ കുടിക്ക കൎത്താവെ എന്നവൾ ചൊല്ലി ഒട്ടകങ്ങളും
കുടിച്ചു തീരുവോളം ഞാൻ കോരി ഒഴിക്കാം എന്നു പറഞ്ഞു ബദ്ധപ്പെട്ടു പാ
ത്തിയിൽ വെള്ളം ഒഴിച്ചു — ആയത് കണ്ടാറെ അവൻ അതിശയിച്ചു മിണ്ടാ
തെ പാൎത്ത ശേഷം പൊൻകൊണ്ടുള്ള മൂക്കുത്തിയെയും കൈവളകളെയും
കൊടുത്തു നീ ആരുടെ പുത്രി എന്നും നിങ്ങളുടെ വീട്ടിൽ പാൎപ്പാൻ സ്ഥലമു
ണ്ടൊ എന്നും ചോദിച്ചതിന്നു അവൾ നാഹോരുടെ പുത്രനായ ബെതുവെൽ
എന്റെ അച്ഛൻ വീട്ടിൽ പാൎപ്പാൻ സ്ഥലം ഉണ്ടു എന്നവൾ പറഞ്ഞത് കേ
ട്ടു അവൻ തല കുമ്പിട്ടു യഹോവയെ വന്ദിച്ചു പറഞ്ഞു അബ്രഹാമുടെ
ദൈവമെ നിന്റെ കരുണയും സത്യവും യജമാനനിൽ നിന്നു നീക്കാതെ
എ അവന്റെ വംശക്കാരുടെ ഭവനത്തിൽ എന്നെ പ്രവേശിപ്പിച്ചത്കൊ
ണ്ടു ഞാൻ സ്തുതിക്കുന്നു — എന്നു പറഞ്ഞു വീട്ടിൽ ചെന്നു പാൎത്തു — അവളു
ടെ അച്ഛനോടും അനുജനോടും വൎത്തമാനമെല്ലാം പറഞ്ഞു ഭക്ഷിക്കും
മുമ്പെ വിവാഹകാൎയ്യം നിശ്ചയിക്കയും ചെയ്തു —

പിറ്റേ ദിവസം രാവിലെ യജമാനന്റെ നാട്ടിൽ എന്നെ പറഞ്ഞയക്കേ
ണം എന്നവൻ പറഞ്ഞപ്പോൾ നീ ഈ പുരുഷനോടു കൂടെ പോകുമൊ എ
ന്നു റിബെക്കയെ വിളിച്ചു ചോദിച്ചു പോകാം എന്നു അവൾ സമ്മതിച്ചു പറ
ഞ്ഞതിന്നു നീ കോടി ജനങ്ങൾക്കു മാതാവായി തീരുക എന്നു അവളെ അനു
ഗ്രഹിച്ചശേഷം എലിയെസർ അവളെ കൂട്ടിക്കൊണ്ടു യജമാനൻ പാൎക്കു
ന്ന ദേശത്തെക്കു മടങ്ങി ചെന്നെത്തിയപ്പോൾ ൪൦ വയസ്സുള്ള ഇസ്ഹാക്ക അവ
ളെ വിവാഹം കഴിച്ചു അമ്മയുടെ മരണദുഃഖം ശമിക്കയും ചെയ്തു —

൧൩. യാക്കോബും എസാവും

ഇസ്ഹാക്കിന്നു ൬൦ വയസ്സായപ്പോൾ റിബെക്കാ ഗൎഭം ധരിച്ചു ഇരട്ടകുട്ടികളെ പ്ര
സവിച്ചു — മൂത്തവന്നു എസാവു എന്നും ഇളയവന്നു യാക്കോബ എന്നും പേർ വി
ളിച്ചു — എസാവു നായാട്ടുകാരനായി കാട്ടിൽ സഞ്ചരിച്ചു പലവിധമൃഗങ്ങളെ
കൊണ്ടുവന്നു അച്ഛനു പ്രസാദം വരുത്തി — യാക്കോബ പിതാക്കന്മാരുടെ മുറപ്ര
കാരം കൂടാരങ്ങളിൽ പാൎത്തു ആടുകളെയും മറ്റും മേച്ചു ദൈവഭക്തനും മാത്ര

ഗ്രീയനമാക്കിതിൻ-

ഒരുദിവസംഎസാവുനായാട്ടിന്നപൊയിഅലസ്യത്തൊടെതിരിച്ചുവന്നെ
പ്പൊൾയാക്കൊബെന്നുട്ടുക്കുളത്തിൽകണ്ടിട്ടഎഴുവന്നുകാണന്നത്എനിക്ക
തരാൻതരെണംഎന്നചൊദിച്ചാറെനിജ്യെഷ്ഠാവകാശത്തെഎപ്പൊൾ
എനിക്കകൊടുത്താൽഞാൻപുഴുങ്ങിവെച്ചപയറഞാൻതരാംഎന്നുഅന
ജൻപറഞ്ഞപ്പൊൾഎസാവുഞാൻമരിക്കെണ്ടതല്ലൊഅതുആവകാശം
കൊണ്ടഎനിക്കഎന്തുഅതിനെനിണക്കതന്നപൊയിഎടുത്തുകൊൾക
എന്നരചുസത്യംചെയ്തുഅതിൻപ്രകാരംഎസാവുജ്യെഷ്ഠാവകാശത്തെ
നിരസിച്ചതിനാലുംദുഷ്ടപ്രവൃത്തികളാലുംഅപ്പന്നവൾക്കസങ്കടംവരു
ത്തുകയുംചെയ്തു—

അനന്തരംഇസ്സാക്കവൃദ്ധനായികണ്ണിന്റെകാഴ്ചകുറഞ്ഞുവന്നപ്പൊൾഎ
സാവിനെവിളിച്ചുഞാൻവയസ്സനായിമരണംഅടുത്തിരിക്കുന്നതിനായാ
ട്ടുകഴിച്ചുനല്ലമാംസംകൊണ്ടുവന്നഎനിക്കഇഷ്ടമാംവണ്ണംപാകംചെയ്തുഭക്ഷി
പ്പാറാക്കിതരെണംഅതിന്റെശെഷംഞാൻനിന്നെഅനുഗ്രഹിക്കുംഎന്ന
പറഞ്ഞുഅവനെഅയച്ചു-ആവത്തമാനംഅമ്മകെട്ടുയാക്കൊബൊട
അറിയിച്ചുപിതാവിന്നഇഷ്ടമാകുന്നതാൻഉണ്ടാക്കിതരാംഅതിനെനിന്റ
ച്ഛന്നുകൊടുത്ത്പ്രസാദിപ്പിച്ചുഅനുഗ്രഹംവാങ്ങെണംഎന്നുപറഞ്ഞപ്പൊ
ൾ-അവൻജ്യെഷ്ഠന്നപരുത്തുംഎനിക്കനെത്തുമുള്ളരൊമത്തെഅച്ഛൻ
അറിഞ്ഞതാകകൊണ്ടുഎന്നെതൊട്ടുനൊക്കിഎങ്കിൽഞാൻചതിയൻ
എന്നറിഞ്ഞുഅനുഗ്രഹമല്ലശാപംതന്നെതരുംഎന്നത്കെട്ടപ്പൊൾഅ
മ്മഭയപ്പെടെണ്ടഎന്റെവാക്കിൻപ്രകാരംചെയ്കഎന്നുപറഞ്ഞുഒർആട്ടി
ൻകുട്ടിയെകൊല്ലിച്ചുഎടുത്തതൊൽഎവന്റെകൈകഴുത്തുകളി
ന്മെൽഇട്ടുജ്യെഷ്ഠന്റെവസ്ത്രങ്ങളെധരിപ്പിച്ചുതാൻഉണ്ടാക്കിയപദാർത്ഥ
ങ്ങളെകൊടുത്തയച്ചു-യാക്കൊബ്ചെന്നഅച്ഛന്റെഅരികിൽകൊ
ണ്ടുവെച്ചാറെഅവൻപുത്രനിയാർഎന്നചൊദിച്ചപ്പൊൾഞാൻനിന്റെ
ന്റെആദ്യജാതനായഎസാവുതന്നെനീഎഴുന്നിറ്റുഞാൻകൊണ്ടുവന്നത്

ഭക്ഷിച്ചു എന്നെ അനുഗ്രഹിക്കെണമെ എന്നപെക്ഷിച്ചശെഷം ഇ
സ്സാക്ക അവനെ തൊട്ടുനൊക്കി- ശബ്ദം യാക്കൊബിന്റെ ശബ്ദം കൈക
ൾ എസാവിന്റെ കൈകൾ നീ എസാവു തന്നെയൊ എന്നു ചൊദിച്ചതിന്നു
അതെ എന്നു ചൊന്നുടനെ ഇസ്സാക്ക ഭക്ഷിച്ചു കുടിച്ചശെഷം പുത്രനിന്നടു
ത്തുവന്നു എന്നെ ചുംബിക്ക എന്നു പറഞ്ഞു ചുംബിച്ചപ്പൊൾ പുത്രാ ദൈവം ആ
കാശത്തിലെ മഞ്ഞിൽ നിന്നും ഭൂമിയുടെ പുഷ്ടിയിൽ നിന്നും വളരെ ധാന്യവും
വീഞ്ഞും നിനക്ക തരുമാറാകട്ടെ ജനങ്ങൾ നിന്നെ സെവിക്കയും ജാതി
കൾ നിന്നെ വണങ്ങുകയും ചെയ്യട്ടെ നിന്നെ ശപിക്കുന്നവന്നു ശാപവും അ
നുഗ്രഹിക്കുന്നവന്ന അനുഗ്രഹവും വരെണമെ എന്നിങ്ങിനെയുള്ള ആശീർവ്വാ
ദം വാങ്ങുകയും ചെയ്തു —

യാക്കൊബ് പുറപ്പെട്ടു പൊയശെഷം എസാവു നായാട്ടു കഴിച്ചുവന്നു പിതാ
വ് കല്പിച്ചതുണ്ടാക്കി കൊണ്ടുചെന്നു അവന്റെ അരികിൽ വെച്ചു പിതാ
വെ എഴുനീറ്റു ഞാൻ കൊണ്ടുവന്നത് ഭക്ഷിച്ചു എന്നെ അനുഗ്രഹിക്കെ
ണമെ എന്നു പറഞ്ഞപ്പൊൾ ഇസ്സാക്ക ഏറ്റവും വിറെച്ചു മാനിറച്ചിയു
മ്പ കൊണ്ടുവന്നവൻ എവിടെ അവനെ ഞാൻ അനുഗ്രഹിച്ചിരിക്കുന്നു.
ആ അനുഗ്രഹം അവന്നുണ്ടായിരിക്കും നിശ്ചയം എന്നു കല്പിച്ചാറെ എസാ
വു വ്യസനപ്പെട്ടു നിലവിളിച്ചു അച്ശാ എന്നെയും കൂടെ അനുഗ്രഹിക്കെ
ണം എന്നപെക്ഷിച്ചതിന്ന് അനുജൻ വന്നു കൌശലം കൊണ്ടു
നിന്റെ അനുഗ്രഹത്തെ അപഹരിച്ചു എന്നു അച്ശൻ ചൊന്നാറെ എസാവു
പല കരഞ്ഞു അനുഗ്രഹത്തിന്നായി മുട്ടിച്ചപ്പൊൾ ഇസ്സാക്ക നീ കുടിയിരി
ക്കും ദെശം പുഷ്ടിയിൽ നിന്നും ആകാശമഞ്ഞിൽ നിന്നും ദൂരമായിരിക്കും
വാൾ കൊണ്ടത്രെ നിന്റെ ഉപജീവനം ഉണ്ടാകും അനുജനെ നീ സെവി
ച്ചിട്ടും അവന്റെ നുകത്തെ പറിച്ചു കളവാനുള്ള സമയം വരും എന്നിപ്ര
കാരം അവനെയും അനുഗ്രഹിച്ചു- എസാവു ഇതുകൊണ്ടും മറക്കാതെ അനു
ജനെ ദ്വെഷിച്ചു അച്ശന്റെ പുലദിവസം കഴിഞ്ഞാൽ ഞാൻ യാക്കൊ
ബിനെ കൊല്ലും എന്നു പറഞ്ഞതിനെ അമ്മ കെട്ടു അനുജനെ വരുത്തി

എൻ മകനെ നിർബന്ധപ്പെട്ടു ഒടിപൊകിൻ ഹാരാനിലുള്ള എന്റെ ആങ്ങളയൊടു കൂട പാർക്ക ജ്യെഷ്ഠന്റെ കൊപം ശമിച്ചാൽ ഞാൻ നിന്നെ അയച്ചു തിരിയെ വരുത്താം എന്നു ഉപദെശിച്ചു പറഞ്ഞയക്കയും ചെയ്തു—

൨൪. യാക്കൊബിന്റെ പ്രയാണം

യാക്കൊബ് യാത്രക്കായി അപ്പനൊടു വിടവാങ്ങി വണങ്ങിയപ്പൊൾ ഇസ്ഹാക് കനാന്യരിൽ നിന്നു സ്ത്രീയെ കെട്ടാതെ അമ്മയുടെ ജ്യെഷ്ഠനായ ലാബാന്റെ പുത്രിമാരിൽ ഒരുത്തിയെ എടുക്കെണം എന്നാൽ ദൈവം നിന്നെ അനുഗ്രഹിച്ചു വളരെ വർദ്ധിപ്പിക്കും എന്ന അപ്പന്റെ ആശീർവ്വാദം കെട്ടു പുറപ്പെട്ടു ഹാരാന്റെ നെരെ പൊകുമ്പൊൾ രാത്രിയിൽ ഒരു സ്ഥലത്തു പാർത്തു ഒരു കല്ലു തലെക്കു വെച്ചു കിടന്നുറങ്ങുമ്പൊൾ ഒരു സ്വപ്നം കണ്ടതെന്തെന്നാൽ ദൈവദൂതന്മാർ കരെറിയും ഇറങ്ങിയും കൊണ്ടിരിക്കുന്ന ഒരു കൊണി ഭൂമിയിൽ നിന്നു ആകാശത്തൊളം ഉയർന്നു നില്ക്കുന്നതും അതിന്മീതെ യഹൊവ നിന്നു കല്പിച്ച വചനം—അബ്രഹാം ഇസ്ഹാക് എന്ന നിന്റെ പിതാക്കന്മാരുടെ ദൈവം ഞാൻ ആകുന്നു—നീ കിടക്കുന്ന ഈ ഭൂമിയെ ഞാൻ നിണക്കും സന്തതിക്കും തരും നിന്നിലും സന്തതിയിലും സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും ഞാൻ നിന്റെ കൂട ഉണ്ടായി നിന്നെ ഒരുനാളും കൈവിടാതെ രക്ഷിക്കും— എന്നു കെട്ടപ്പൊൾ യാക്കൊബ് ഉണർന്നു ഭയപ്പെട്ടു ഇതു ദൈവസ്ഥലം തന്നെ എത്ര ഭയങ്കരം സ്വർഗ്ഗത്തിന്റെ വാതിൽ എന്നു പറഞ്ഞു തന്റെ തലക്കല്ലിനെ തൂണാക്കി നിറുത്തി ദൈവാലയം എന്നർത്ഥമുള്ള ബെത്തെൽ എന്ന പെർ വിളിക്കയും ചെയ്തു—

പിന്നെ പ്രയാണമാക്കി പല ദെശങ്ങളെ കടന്നു ഒരു ദിവസം ഹാരാൻ പട്ടണസമീപത്തെത്തി കിണറ്റിൻ അരികെ ലാബാന്റെ മകളായ റാഹെൽ എന്നവളെ കണ്ടു അവളിൽ താല്പര്യം ജനിച്ചു അവളെ ഭാര്യയാക്കി കിട്ടെണ്ടതിന്നു അമ്മാവനായ ലാബാനെ ൭ സംവത്സരം സെവിച്ചു—ആ സെവാകാലം കഴിഞ്ഞശെഷം ലാബാൻ ചതിപ്രയൊഗിച്ചു റാഹെലിന്നു പകരം ജ്യെഷ്ഠയായ ലെയയെ ഭാര്യയാക്കി കൊടുത്തു ചതി

ഇത്ഥം സങ്കടം പറഞ്ഞാറെ ഇനിയും ൭ സംവത്സരം സെവിച്ചാൽ റാഹെ
ലിനെ കൂടെ തരാം എന്നു പറഞ്ഞു ആകാത് യാക്കൊബ് സമ്മതിച്ചു പിന്നെ
യും ൭ സെവിച്ചു റാഹെലിനെയും വിവാഹം കഴിക്കയും ചെയ്തു— ഈര
ണ്ടു ഭാൎയ്യമാരിൽ നിന്നു അവന്നു ഇസ്രയെൽ ഗൊത്രപിതാക്കന്മാരായ
൧൨ പുത്രന്മാർ ജനിച്ചു അവരുടെ നാമങ്ങൾ ആവിത്- റൂബൻ- ശിമ്യൊ
ൻ- ലെവി- യഹൂദാ- ദാൻ- നപ്തലി- ഗാദ്- ആശെർ- ഇസ്സക്കാർ- ജബുല്ലൂ
ൻ- യൊസെഫ- ബന്യമിൻ— യാക്കൊബ് ൨൦ സംവത്സരം സെവിച്ചതി
ന്റെ ശെഷം ലാബാന്റെ അപെക്ഷ കെട്ടിട്ടു പിന്നെയും ൬ വൎഷം സെവി
ച്ചു പാൎത്തു ദൈവാനുഗ്രഹത്താലെ അവന്നു ദാസിദാസന്മാരും ഒട്ടകങ്ങ
ളും കഴുതകളും ആട്ടുമാട്ടുകളും വളരെ വൎദ്ധിച്ചു ലാബാൻ സമ്പത്തിങ്കലിത്ഥം
മുഖപ്രസാദം കാണിക്കാതെ അസൂയപ്പെട്ടപ്പൊൾ യാക്കൊബ് ഒരു
വാക്കും പറയാതെ ഭാൎയ്യാപുത്രന്മാരെയും മൃഗക്കൂട്ടങ്ങളെയും കൂട്ടിക്കൊണ്ടു
കനാൻ ദെശത്തെക്കു യാത്രയായി- ലാബാൻ മൂന്നാം ദിവസത്തിൽ അവസ്ഥ
കെട്ടറിഞ്ഞപ്പൊൾ പിന്നാലെ ഓടിച്ചെന്നു ഏഴാം ദിവസത്തിൽ അവ
നെ കണ്ടെത്തി- ഒരു സ്വപ്നത്തിൽ യാക്കൊബൊടു ഗുണമൊ ദൊഷമൊ
മാകട്ടെ ഒന്നും വിചാരിച്ചു പറയരുത് എന്നു ദൈവകല്പന കെട്ടതിനാൽ വൈ
രം അടക്കി ഗില്യാദ് പൎവ്വതത്തിൽ വെച്ചു തന്നെ ഇരുവരും നിരന്നു കറാ
ർ ഉറപ്പിച്ചു- ലാബാൻ മടങ്ങിപ്പൊകയും ചെയ്തു- അനന്തരം യാക്കൊബ്
യാത്രയായി ജ്യെഷ്ഠനായ എസാവിന്റെ ഭാവം അറിയെണ്ടതിന്നു വഴി
ക്കൽ നിന്നു ദൂതരെ അയച്ചു തന്റെ വൎത്തമാനം അറിയിച്ചപ്പൊൾ ഞാ
ൻ എതിരെല്പാനായി നാനൂറു പെരൊടു കൂടെ വരുന്നു എന്നു ചൊല്ലി അ
യച്ചത് കെട്ടാറെ ഏറ്റവും ഭയപ്പെട്ടു ദുഃഖിച്ചു- എന്റെ പിതാക്കന്മാ
രുടെ ദൈവമെ നീ ചെയ്തുവന്ന എല്ലാ കരുണകൾക്കും വിശ്വസ്തതെക്കും ഞാ
ൻ ഏറ്റവും അപാത്രം- ഒരു വടിയൊടു കൂടെ ഞാൻ ഏകനായി ഈ യൎ
ദ്ദനെ കടന്നപ്പൊൾ രണ്ടു കൂട്ടവുമായി മടങ്ങിവന്നു എൻ ജ്യെഷ്ഠന്റെ
കൈയിൽ നിന്നു അടിയനെ രക്ഷിക്കെണമെ ഞാൻ നിണക്കു നന്മ ചെയ്യും

എന്നിപറഞ്ഞുവല്ലൊ എന്നു പ്രാൎത്ഥിച്ചു- പിന്നെ എസാവിന്റെ പ്രസാ
ദിപ്പിപ്പാൻ കൂട്ടങ്ങളിൽനിന്നു വിശിഷ്ടങ്ങളായ ആടുകളെയും മറ്റും എ
ടുത്തു സമ്മാനമാക്കി മുമ്പെ അയച്ചു രാത്രിയിൽ ഭാൎയ്യാപുത്രാദികളെയും യാ
ബൊക്കെന്ന പുഴ കടത്തി താൻ തനിയെ ഇക്കരെ പാൎത്തപ്പൊൾ ഒരു പു
രുഷൻ ഉദയമാകുവൊളം അവനൊടു പൊരുതു ജയിക്കാഞ്ഞു കൊണ്ടു
ഉഷസ്സു വന്നു എന്നെ വിടുക എന്നു പറഞ്ഞപ്പൊൾ അനുഗ്രഹിച്ചല്ലാതെ
ഞാൻ അയക്കയില്ല എന്നു പറഞ്ഞാറെ അവന്റെ പെർ ചൊദിച്ചറിഞ്ഞു
ഇതുമെൽ നിന്റെ പെർ യാക്കൊബ് എന്നല്ല ദൈവത്തൊടും മനുഷ്യ
രൊടും പൊരുതു ജയിച്ചതിനാൽ ഇസ്രയെൽ എന്നു തന്നെ എന്നു പറ
ഞ്ഞു- അതിന്റെ ശെഷം എസാവും തന്റെ ആളുകളൊടു കൂടെ വരുന്ന
തു കണ്ടിട്ടു യാക്കൊബ് ചെരുന്നതു വരെ എഴുവട്ടം കുമ്പിട്ടപ്പൊൾ എസാ
വു ഓടിവന്നു അവനെ എഴുനീല്പിച്ചു ആലിംഗനം ചെയ്തു ചുംബിച്ചു
ഇരുവരും കരഞ്ഞു- പിന്നെ ഭാൎയ്യമാരും മക്കളും വന്നു വണങ്ങി അവൻ
അവരെ എല്ലാം ചൊദിച്ചറിഞ്ഞു മുമ്പെ അയച്ചു സമ്മാനങ്ങളെ വിരൊ
ധിച്ചപ്പൊൾ യാക്കൊബ് എടുക്കെണം എന്നു അപെക്ഷിച്ചു നിൎബ്ബന്ധി
ച്ചു എസാവു സമ്മതിച്ചു വാങ്ങി അതിന്റെ ശെഷം സ്വദെശത്തെക്കു തിരി
ച്ചു പൊയി യാക്കൊബും കുഡുംബത്തൊടു കൂടെ പുറപ്പെട്ടു കനാനിൽ
അച്ഛന്റെ അരികെ എത്തുകയും ചെയ്തു—

൧൭. യൊസെഫിനെ വിററത്-

മെസൊപതാമ്യയിൽ യാക്കൊബിന്നു ജനിച്ച പുത്രന്മാരിൽ യൊസെ
ഫ തന്നെ ഇളയവൻ എല്ലാവരുടെ അനുജനായ ബെന്യമിൻ കനാൻ
ദെശത്തു ജനിച്ചു- അച്ഛൻ യൊസെഫിന്നു അധികം സ്നെഹം വെച്ചു
ഒരു നല്ല അങ്കിയെ ഉണ്ടാക്കിച്ചു കൊടുത്തതുകൊണ്ടു ജ്യെഷ്ഠന്മാർ അ
സൂയപ്പെട്ടു വൈരം ഭാവിച്ചിരിക്കുന്ന സമയം അവൻ അവരൊടു
നാം കററ കെട്ടി കൊണ്ടു ഇരിക്കുമ്പൊൾ എന്റെ കററ നിവിൎന്നു നിന്നു എ
ന്റെ കററയെ നിങ്ങളുടെ കററകൾ ചുററും നിന്നു വണങ്ങി എന്നും താൻ

കണ്ടസ്വപ്നാവസ്ഥയെ പറഞ്ഞാറെ അവർ അധികം കൊപിച്ചു ദ്വെഷിക്കയും ചെയ്തു-പിന്നെയും ആദിത്യചന്ദ്രന്മാരും ൧൧ നക്ഷത്രങ്ങളും എന്നെ കുമ്പിട്ടത് സ്വപ്നത്തിൽ കണ്ടു എന്നുള്ളതും അറിയിച്ചപ്പൊൾ മാതാപിതാക്കന്മാർ കൂടെ നിന്നെ വണങ്ങെണ്ടിവരുമൊ എന്ന അച്ഛൻ ശാസിച്ചു വിചാരിച്ചിരിക്കുമ്പൊൾ ഒരുദിവസം അച്ഛന്റെ നിയൊഗത്താൽ തങ്ങളുടെ വൎത്തമാനം അറിയെണ്ടതിന്നു വരുന്ന യൊസെഫിനെ സഹൊദരന്മാർ കണ്ടാറെ അതാ സ്വപ്നക്കാരൻ വരുന്നുണ്ടു അവനെ കൊല്ലെണം പിന്നെ സ്വപ്നത്തിന്റെ സാരം അറിയാമല്ലൊ എന്നു ചൊന്നപ്പൊൾ കൊല്ലരുത് എന്നു രൂബൻ പറഞ്ഞത് അനുസരിച്ചു നിലയങ്കി അഴിച്ചെട്ടു അവനെ വെള്ളമില്ലാത്ത ഒരു പൊട്ടക്കുഴിയിൽ ഇറക്കിവിടുകയും ചെയ്തു—

അനന്തരം ഇഷ്മായെല്യരും മിദ്യാനരും കച്ചവടത്തിനായി മിസ്രയിലെക്ക പൊകുന്നതു കണ്ടപ്പൊൾ യഹൂദമുതലായ സഹൊദരന്മാർ എല്ലാവരും കൂടി രൂബനെ അറിയിക്കാതെ അവനെ കുഴിയിൽനിന്നു കരെറ്റി കൊണ്ടുപൊയി ൨൦ ഉറുപ്പിക വിലവാങ്ങി കച്ചവടക്കാൎക്കു വിറ്റുകളഞ്ഞു-പിന്നെ രൂബൻ വന്നു കുഴിയിൽ നൊക്കി യൊസെഫിനെ കാണാഞ്ഞു കൊണ്ടു വസ്ത്രത്തെ കീറി സഹൊദരന്മാരൊട് അറിയിച്ചാറെ അവർ അങ്കിയെ ആട്ടിൻ ചൊരയിൽ മുക്കി കൊടുത്തയച്ചു അച്ഛനെ കാണിച്ചു എറെ ഞങ്ങൾ കിട്ടി ഇരിക്കുന്നത് പുത്രന്റെ അല്ലയൊ എന്നു നൊക്കി അറിയെണം എന്നു പറയിച്ചു-യാക്കൊബ് നൊക്കി ഇത് എന്റെ മകന്റെ വസ്ത്രം തന്നെ ഒരു ദുഷ്ടമൃഗം അവനെ കൊന്നു ഭക്ഷിച്ചു കളഞ്ഞു നിശ്ചയം എന്നു വിലപിച്ചു എററവും ഖെദിച്ചു പുത്രന്മാർ വന്നിട്ടും ശാന്തിക്കുവാൻ പലപ്രയത്നം ചെയ്തിട്ടും അവൻ ആശ്വസിക്കാതെ പുത്രനൊടു കൂടെ പാതാളത്തിൽ ഇറങ്ങുകെ ഉള്ളു എന്നു പറഞ്ഞു കരഞ്ഞു പൊരുകയും ചെയ്തു—

൧൩. യൊസെഫ മിസ്രയിൽ വന്നപാട്—

ആ ഇസ്മയെല്യർ യൊസെഫിനെ മിസ്രത്തിലെക്ക കൊണ്ടുപൊയി രാജ
മന്ത്രിയായ പൊത്തിഫാറിന്ന അടിമയാക്കി വിറ്റു- ആ മന്ത്രി അവന്റെ
ബുദ്ധിവിശെഷവും ഭക്തിയും ദൈവാനുഗ്രഹത്താൽ അവനാലുള്ള കാ
ൎയ്യസാദ്ധ്യവും കണ്ടപ്പൊൾ വളരെ സ്നെഹിച്ചു കാൎയ്യങ്ങൾ ഒക്കയും അവ
ങ്കൽ സമൎപ്പിച്ചു- യൊസെഫ വിശ്വാസ്യതയൊടെ സകലവും നടത്തി
കൊണ്ടിരിക്കുമ്പൊൾ യജമാനന്റെ ഭാൎയ്യ അവന്റെ സൌന്ദൎയ്യം കണ്ടു
മൊഹിച്ചു അവനെ ദൊഷത്തിൽ അകപ്പെടുത്തുവാൻ ശ്രമിച്ചാ
റെ യൊസെഫ ദൈവത്തിന്ന വിരൊധമായി ഇത്ര വലിയ പാപം ഞാ
ൻ എങ്ങിനെ ചെയ്യെണ്ടു എന്ന പറഞ്ഞു വശീകരണ വാക്കുകൾ ഒന്നും
അനുസരിക്കാഞ്ഞപ്പൊൾ അവൾ വളരെ കൊപിച്ചു പ്രതിക്രിയക്കാ
യി ഈ ദാസൻ എന്നെ അവമാനിപ്പാൻ വന്നിരിക്കുന്നു എന്ന് വ്യാ
ജമായി ഭൎത്താവൊടു ബൊധിപ്പിച്ചപ്പൊൾ അവൻ നീരസപ്പെട്ടു
യൊസെഫിനെ തടവിൽ ആക്കിച്ചു- അവിടെയും ദൈവസഹായം ഉ
ണ്ടായതിനാൽ കാരാഗൃഹപ്രമാണി അവനിൽ കരുണ തൊന്നിച്ചു
തടവുകാരെ ഒക്കയും അവന്റെ വിചാരണയിൽ ഏല്പിക്കയും ചെ
യ്തു—

അക്കാലത്ത മിസ്ര രാജാവ് തന്റെ നെരെ ദ്രൊഹം ചെയ്ക മന്ത്രി
കളായ മദ്യപ്രമാണിയെയും അപ്പപ്രമാണിയെയും തടവിൽ വെച്ചു
യൊസെഫ അവൎക്കും ശുശ്രൂഷ ചെയ്തിരുന്നു- ഒരു നാൾ രാവിലെ അ
വർ വിഷാദിച്ചിരിക്കുന്നതിനെ കണ്ടു ആയതിന്റെ സംഗതി ചൊദിച്ചാ
റെ ഞങ്ങൾ ഒരൊ സ്വപ്നം കണ്ടു അതിന്റെ അൎത്ഥം പറയുന്നവരെ കി
ട്ടുന്നില്ല എന്ന ചൊന്നതിന്ന അൎത്ഥം അറിയിക്കുന്നത് ദൈവകാൎയ്യം ത
ന്നെ എങ്കിലും സ്വപ്നപ്രകാരം കെൾക്കാമല്ലൊ എന്ന ചൊദിച്ചു- അപ്പൊ
ൾ മദ്യപ്രമാണി മൂന്ന കൊമ്പുകളൊടും തളിൎത്തും പൂവിടൎന്നും കുലകൾ പ
ഴുത്തു മൂത്തുള്ള ഒരു മുന്തിരിങ്ങാവള്ളിയെ കണ്ടു ആ പഴങ്ങൾ പിഴിഞ്ഞു ചാ
റ് പാനപാത്രത്തിൽ ആക്കി യജമാനന്റെ കൈക്കൽ കൊടുത്തു എ

അവ പറഞ്ഞപ്പൊൾ യൊസെഫ അക്കൊമ്പുകൾ മൂന്നും മൂന്നു ദിവസങ്ങൾ ആകുന്നു- ഇതാ മൂന്നു ദിവസത്തിന്നകം നിന്നെ സ്ഥാനത്തിരുത്തും- അതിന്റെ ശെഷം നീ പാനപാത്രത്തെ രാജാവിന്റെ കൈയിൽ കൊടുത്തു സുഖമായിരിക്കുമ്പൊൾ എന്നെ ഓർത്തു വസ്തുത അറിയിച്ചു ഇവിടെ നിന്നു വിട്ടയപ്പാൻ സംഗതി വരുത്തെണം എന്ന് അവനൊടു പറഞ്ഞു- പിന്നെ അപ്പപ്രമാണിയും വെള്ളയുള്ള മൂന്നു കൊട്ട എന്റെ തലയിൽ ഉണ്ടായിരുന്നു മെലെ വെച്ചു കൊട്ടയിൽ ഉണ്ടായ നല്ലതരമായ അപ്പങ്ങളെ പക്ഷികൾ കൊത്തി തിന്നു എന്നു കണ്ട പ്രകാരം പറഞ്ഞപ്പൊൾ യൊസെഫ മൂന്നു കൊട്ട മൂന്നു ദിവസം ആകുന്നു മൂന്നു ദിവസത്തിന്നകം നിന്നെ ഒരു മരത്തിന്മെൽ തൂക്കിക്കും പക്ഷികൾ നിന്റെ മാംസം തിന്നും എന്നു അവനൊടും അറിയിച്ചു- അതിന്റെ മൂന്നാം ദിവസം രാജാവ് ഒരു സദ്യ കഴിച്ചു തടവുകാരായ ഇരുവരെയും വരുത്തി മദ്യപ്രമാണിയെ സ്ഥാനത്തു ഇരുത്തി അപ്പപ്രമാണിയെ തൂക്കിച്ചു യൊസെഫ പറഞ്ഞ പ്രകാരം എല്ലാം ഒത്തുവരികയും ചെയ്തു- എങ്കിലും മദ്യപ്രമാണി അവനെ ഓർത്തു വിചാരിച്ചതും ഇല്ല-

പിന്നെ രണ്ടു വർഷം കഴിഞ്ഞതിന്റെ ശെഷം ആ രാജാവ് ഒരു സമയത്ത രണ്ടു സ്വപ്നം കണ്ടു അവറ്റിന്റെ അർത്ഥം വിദ്വാന്മാരിൽ ആരും പറഞ്ഞറിയായ്കകൊണ്ടു വളരെ വിഷാദിച്ചു ഇരിക്കുമ്പൊൾ മദ്യപ്രമാണിക്കു ഓർമ്മ വന്നു തടവിൽ ഉണ്ടായ തന്റെ സ്വപ്നാവസ്ഥ രാജാവിനെ അറിയിച്ചു യൊസെഫ കല്പന പ്രകാരം തടവിൽ നിന്നു രാജസന്നിധിയിൽ വന്നിരുന്നപ്പൊൾ രാജാവ് ഞാൻ സ്വപ്നം കണ്ടു സ്വപ്നങ്ങളുടെ അർത്ഥം സൂക്ഷ്മമായി പറയുന്നവൻ നീ തന്നെ ആകുന്നു എന്നു കെട്ടു- എന്നു കല്പിച്ചതിന്നു യൊസെഫ ഞാനായിട്ടല്ല അറിയിക്കുന്നത് ദൈവമത്രെ ആകുന്നു അവൻ ശുഭമായുള്ള ഉത്തരം കല്പിക്കും എന്നു ഉണർത്തിച്ചാറെ രാജാവ് കണ്ട സ്വപ്നപ്രകാരം അറിയിച്ചു ഞാൻ നീലനദിയുടെ കരമെൽ നിന്നിരുന്നു അപ്പൊൾ പുഷ്ടിയും സൌന്ദര്യവും ഏറെയുള്ള ഏഴു പശു

കാൾ ആ പുഴയിൽനിന്നു കരെറി മെഞ്ഞിരുന്നു- അവററിന്റെവഴിയെ
യും പൊകാനൊത്താത്ത വലാകാരരൂപമുള്ള മെലിഞ്ഞ ൭ പശുക്കളും
കരെറി പുഷ്ടിയുള്ള ൭ പശുക്കളെ തിന്നുകളഞ്ഞിട്ടും തിന്നവഎന്നു അറിവാ
നുണ്ടായതുമില്ല- ഇപ്രകാരം ഒരു സ്വപ്നം കണ്ടു ഉണൎന്നു- പിന്നെയും ഉറ
ങ്ങി നല്ല മണിയുള്ള ൭ കതിരുകൾ ഒരു തണ്ടിന്മെൽ മുളച്ചുണ്ടായി കണ്ടു
ഉണങ്ങി കരിഞ്ഞ പതിരായ ൭ കതിരുകളും മുളച്ചു ആ നല്ല ൭ കതിരു
കളെ വിഴുങ്ങിക്കളഞ്ഞു- എന്നിങ്ങിനെ രണ്ടാം സ്വപ്നവും പറഞ്ഞുതീൎന്നെ
പ്പൊൾ യൊസെപ രാജാവിനൊടു സ്വപ്നങ്ങൾ രണ്ടും ഒന്നുതന്നെ- ദൈവം ചെയ്യാ
ൻ ഭാവിക്കുന്നതിനെ രാജാവൊട അറിയിച്ചിരിക്കുന്നു ൭ നല്ല പശുക്ക
ളും കതിരുകളും ൭ വൎഷങ്ങളാകുന്നു മെലിഞ്ഞ പശുക്കളും പതിരുള്ള കതി
രുകളും ക്ഷാമമുള്ള എഴുവൎഷങ്ങൾ ആകുന്നു- കൊട്ടാളം രാജ്യത്തിൽ
എല്ലാടവും ധാന്യപുഷ്ടിയുള്ള എഴുവൎഷം വരുന്നു അതിന്റെ ശെഷം
ക്ഷാമമുള്ള ൭ വൎഷവും വരും രണ്ടുവട്ടം സ്വപ്നം കാണിച്ചതിനാൽ ദൈവം
അത്സ്ഥിരമാക്കി നിശ്ചയിച്ചതെന്നും ഇപ്പൊൾതന്നെ ആരംഭിച്ചു എന്നും
അറിയിച്ചിരിക്കുന്നു അതുകൊണ്ടു രാജാവ ബുദ്ധിയും ജ്ഞാനവുമുള്ള
ഒരു മനുഷ്യനെ ഈ രാജ്യത്തിൽ അധികാരിയാക്കി പുഷ്ടിയുള്ള വൎഷ
ങ്ങളിൽ വിളവിൽ അഞ്ചാലൊന്നു വാങ്ങി അവകളെ ധാന്യങ്ങളെ പാണ്ടി
ശാലകളിൽ സ്വരൂപിച്ചു സൂക്ഷിക്ക എന്നാൽ ക്ഷാമം കൊണ്ടു ദെശത്തി
ന്നാശം പറവാൻ സംഗതിയില്ല- ഇപ്രകാരം പറഞ്ഞത കെട്ടാറെ നന്നു എ
ന്നു തൊന്നിയാറെ രാജാവ മന്ത്രികളെ നൊക്കി ദൈവാത്മാവുള്ള ഈ
മനുഷ്യനെ പൊലെ ഒരുവനെ കിട്ടുമൊ എന്നു കല്പിച്ചു ദൈവം ഈ അ
വസ്ഥയൊക്കെയും നിന്നെ അറിയിച്ചിരിക്ക കൊണ്ടു നിന്നെപൊലെ വി
വെകമുള്ളവൻ ഒരുത്തനുമില്ല ഞാൻ ഈ രാജ്യത്തിൽ നിന്നെ സൎവ്വാ
ധികാരിയാക്കുന്നു രാജാസനത്തിൽ മാത്രം ഞാൻ വലിയവനാകുന്നു എ
ന്നു യൊസെപിനൊടു കല്പിച്ചു തന്റെ മുദ്രാമൊതിരം ഊരി അവന്റെ
വിരലിൽ ഇട്ടു നെൎമ്മവസ്ത്രങ്ങളെക്കൊണ്ടു ധരിപ്പിച്ചു പൊൻമാലയും അവന്റെ

കഴുത്തിൽ ഇട്ടു തന്റെ രണ്ടാം തെരിൽ കരെററി അവന്റെ മുമ്പാകെ മുട്ടുകുത്തുവിൻ ഇവൻ രാജ്യാധികാരി എന്ന് എല്ലാവരൊടും വിളിച്ചുപറയിച്ചു- പിന്നെ യൊസെഫിനൊടു ഞാൻ രാജാവു തന്നെ എങ്കിലും നിന്റെ കല്പന കൂടാതെ എറെ മിസ്രരാജ്യത്തിൽ ഒരുത്തനും തന്റെ കൈയൊ കാലൊ ഇളക്കുകയില്ല നിശ്ചയം എന്നു കല്പിക്കയും ചെയ്തു- ഇപ്രകാരം ദൈവം യൊസെഫിനെ സങ്കടങ്ങളിൽ നിന്നു വിടുവിച്ചു രാജമഹാസ്ഥാനത്തൊളം കരെററി- അവൻ ൧൭ വയസ്സിൽ അടിമയായി മിസ്രയിൽ വന്ന ൧൩ാമതിൽ രാജസന്നിധിയിങ്കൽ നില്ക്കയും ചെയ്തു—

൧൭. യൊസെഫിന്റെ സഹൊദരന്മാർ മിസ്രയിൽ വന്നത—

ദൈവം അറിയിച്ച പ്രകാരം തന്നെ സംഭവിച്ചു- പുഷ്ടിയുള്ള ൭ സംവത്സരങ്ങളിൽ യൊസെഫ രാജ്യത്തിലെ സകല ധാന്യങ്ങളിൽ നിന്നും അഞ്ചിലൊന്ന എടുത്തു അനവധി സ്വരൂപിച്ചു- ക്ഷാമകാലം തുടങ്ങിയപ്പൊൾ നാട്ടുകാരും അന്യദെശക്കാരും വന്നു ധാന്യങ്ങളെ വാങ്ങുകയും ചെയ്തു—

കനാനിലും വളരെ ഞെരിക്കം ഉണ്ടായാറെ മിസ്രയിൽ ധാന്യമുണ്ടെന്നു യാക്കൊബ കെട്ടപ്പൊൾ പുത്രന്മാരൊടു തമ്മിൽ തമ്മിൽ നൊക്കുന്നതെന്തിന മരിക്കാതിരിക്കെണ്ടതിന്നു നിങ്ങളും അങ്ങൊട്ടു പൊയി നമുക്കു ധാന്യം വാങ്ങിക്കൊണ്ടുവരെണം എന്നു കല്പിച്ച പ്രകാരം ബെന്യമിനെ കൂടാതെ ശെഷം പത്താളുകൾ മിസ്രയിൽ പൊയി രാജ്യാധികാരിയായ യൊസെഫിന്റെ സന്നിധിയിങ്കൽ ചെന്നു വണങ്ങിയാറെ അവൻ അവരെ അറിഞ്ഞിട്ടും അറിയാത്തവനെന്ന പൊലെ നിങ്ങൾ എവിടത്തുകാർ എന്തിന്നായിട്ടു വന്നു എന്നു ചൊദിച്ചപ്പൊൾ അവർ ഞങ്ങൾ ധാന്യം വാങ്ങുവാൻ കനാൻ ദെശത്തിൽനിന്നു ഇങ്ങൊട്ടു വന്നു എന്നു പറഞ്ഞതിന്നു യൊസെഫ നിങ്ങൾ ഒററുകാരാകുന്നു എന്നു കഠിനമായി കല്പിച്ചപ്പൊൾ അവർ കർത്താവെ ഞങ്ങൾ ഒർ ആളുടെ പുത്രന്മാർ ൧൨ സഹൊദര

ട്ടിൽ ഞങ്ങൾ ൧൨ം പെരാകുന്നു- ഇളയവൻ അപ്പന്റെ കൂടെ ഇരിക്കുന്നു
ഒരുവൻ എന്റെ ജ്യെഷ്ഠൻ ഇല്ല ഞങ്ങൾ ഒറ്റുകാരല്ല നെരുള്ളവർ തന്നെ എ
ന്നു ഭയപ്പെട്ടു പറഞ്ഞത് കെട്ടാറെ യൊസെഫ നിങ്ങൾക്കു നെരുണ്ടെങ്കിൽ
ഒരുത്തൻ പൊയി അനുജനെ കൊണ്ടുവന്നു കാണിച്ചാൽ നിങ്ങളെ വിടാം
എന്നു കല്പിച്ചു മൂന്നു ദിവസം തടവിൽ പാൎപ്പിച്ചു നാലാം ദിവസത്തിൽ അ
വരെ വരുത്തി ഞാൻ ദൈവത്തെ ഭയപ്പെടുന്നു എനിക്കും ന്യായം ചെ
യ്യാൻ മനസ്സില്ലാഞ്ഞതു കൊണ്ടു ഒരു വഴി പറയാം ഒരുവനെ ഇവിടെ പാ
ൎപ്പിച്ചു ശെഷമുള്ളവർ വാങ്ങിയ ധാന്യം കൊണ്ടു പൊയി കൊൾവിൻ അ
നുജനെ ഇങ്ങൊട്ടു കൊണ്ടുവരുവിൻ എന്നാൽ നിങ്ങളുടെ വാക്കു പ്രമാ
ണിക്കാം നിങ്ങൾ മരിക്കാതെയും ഇരിക്കും എന്നി പ്രകാരം കല്പിച്ചത് കെട്ടാ
റെ തങ്ങളിൽ നൊക്കി ഇതെല്ലാം നമ്മുടെ സഹൊദരനൊടു ചെയ്ത കുറ്റം
ആനെ അവൻ അപെക്ഷിച്ചപ്പൊൾ അവന്റെ ദുഃഖം കണ്ടാറെയും അ
നുസരിക്കാതെ ഇരുന്നുവല്ലൊ അതു കൊണ്ടു ഈ ദുഃഖം നമുക്കു വന്നി
രിക്കുന്നു അവന്റെ രക്തം ഇപ്പൊൾ ദൈവം ചൊദിക്കുന്നു എന്നു പറഞ്ഞു-
യൊസെഫ ദ്വിഭാഷി മുഖാന്തരം സംസാരിച്ചതിനാൽ അതൊക്കെയും
കെട്ടറിഞ്ഞു എന്നവർ വിചാരിച്ചില്ല- അവൻ അവരെ വിട്ടു പൊയി കര
ഞ്ഞു- പിന്നെയും വന്നു എല്ലാവരും കാൺങ്കെ ശിമ്യൊനെ പിടിച്ചു കെട്ടിച്ചു
തടവിൽ അയച്ചു ശെഷം അവർ ധാന്യം എടുത്തു നാട്ടിൽ തിരിച്ചു ചെന്നു അ
പ്പനൊടു വസ്തുത അറിയിച്ചു ബെന്യമിനെ കൊണ്ടുവന്നാൽ അത്രെ തടവി
ൽ ഉള്ളവനെ വിട്ടയക്കും എന്നും മറ്റും കെട്ടപ്പൊൾ യാക്കൊബ വളെ
രവിഷാദിച്ചു നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കി യൊസെഫും ശിമ്യൊ
നും ഇല്ലാതെയായി ബെന്യമിനെയും കൂടെ കൊണ്ടുപൊകും ഇതൊക്കെയും എ
നിക്കു വിരൊധമായി വന്നിരിക്കുന്നു എന്മകൻ നിങ്ങളൊടു കൂടെ പൊരുകയി
ല്ല എന്നു കല്പിക്കയും ചെയ്തു-

൧൧. യൊസെഫിന്റെ സഹൊദരന്മാർ രണ്ടാമത് മിസ്രയി
ൽ പൊയതു-

പിറെറ വൎഷത്തിൽ ലൊകത്തിന്ന ക്ഷാമം വൎദ്ധിച്ചിട്ടു കൊണ്ടുവന്ന ധാന്യം എല്ലാം
തീൎന്ന ശെഷം പിന്നെയും കൊണ്ടുവരുവാൻ യാക്കൊബ പുത്രന്മാരൊടു
കല്പിച്ചു — അവർ ബെന്യമിനെ കൂടാതെ ഞങ്ങൾ പൊകയില്ല എന്ന പറഞ്ഞാ
റെ ആ മനുഷ്യനൊടു അയപ്പാൻ അച്ഛൻ അവരെ അനിഷ്ടം ഉണ്ടാക്കി എങ്കി
ലും ഒടുവിൽ സമ്മതിച്ചു — ആ ദെശത്തിലെ തെനും നല്ല പഴങ്ങളും ദിവ്യൗ
ഷധങ്ങളും മറ്റും സമ്മാനമാക്കി കൊണ്ടു പൊകുവിൻ സൎവ്വശക്തനായ ദൈ
ദവം എന്റെ രണ്ടു മക്കളെയും തിരിച്ചു അയപ്പാൻ ആ അധികാരിക്കു
കൃപ ഉണ്ടാക്കുമാറാക ഞാൻ പുത്രരില്ലാത്തവനെന്ന പൊലെ ആകിലും എ
ന്ന പറഞ്ഞു അവരെ അയക്കയും ചെയ്തു —
അവർ മിസ്രയിൽ എത്തി എന്ന യൊസെഫ കെട്ടാറെ അവരെ വീട്ടിൽ
വരുത്തി ഉപപ്രസാദം കാണിച്ചു നിങ്ങളുടെ അച്ഛൻ ജീവിച്ചു സുഖമാ
യിരിക്കുന്നുവൊ എന്ന ചൊദിച്ചതിന്ന അവർ സുഖം തന്നെ എന്ന പറ
ഞ്ഞതിന്റെ ശെഷം യൊസെഫ ബെന്യമിനെ നൊക്കി ഇവനൊ നിങ്ങൾ പറഞ്ഞ
അനുജൻ എന്ന ചൊദിച്ചു കുഞ്ഞെ ദൈവം നിനക്ക കൃപ ചെയ്യട്ടെ എ
ന്ന അനുഗ്രഹിച്ചു — മനസ്സുരുകുകയാൽ ബദ്ധപ്പെട്ടു മുറിയിൽ ചെന്ന കരഞ്ഞു
മുഖം കഴുകി പുറത്തു വന്നു തന്നെ അടക്കി ഭക്ഷണം വെപ്പാൻ കല്പിച്ചു — ദെ
ശമൎയ്യാദപ്രകാരം തനിക്കും സഹൊദരന്മാൎക്കും പ്രത്യെകം വെപ്പിച്ചു — ജ്യെ
ഷ്ഠാനുക്രമപ്രകാരം തങ്ങളെ ഇരുത്തിയതിനാൽ അവർ അതിശ
യിച്ചു സുഖെന ഭക്ഷിച്ചു സന്തൊഷിക്കയും ചെയ്തു —
അനന്തരം കാൎയ്യസ്ഥനൊടു ഇവരുടെ ചാക്കുകളിൽ പിടിക്കുന്ന ധാന്യ
വും കൊണ്ടുവന്ന ദ്രവ്യവും ഇളയവന്റെ ചാക്കിൽ എന്റെ വെള്ളിപ്പാന
പാത്രവും കൂടെ ഇടുക എന്ന കല്പിച്ചപ്രകാരം അവൻ ചെയ്തു — പിറ്റെനാ
ൾ അവർ ധാന്യം എടുത്തു പുറപ്പെട്ടു അല്പ വഴിക്കാൽ എത്തിയ ശെഷം യൊ
സെഫിന്റെ കല്പനപ്രകാരം കാൎയ്യസ്ഥൻ ചെന്നെത്തി അവരൊടു
ഗുണത്തിന്ന പകരം നിങ്ങൾ ദൊഷമൊ ചെയ്തത എന്ന പറഞ്ഞത്തെ
ട്ടു അവർ ഭ്രമിച്ചു അപ്പാത്രം നിന്റെ അടിയാരിൽ യജമാനന്റെ പാനപാ

ത്രം എന്തിന്നു കട്ടു എന്നു ചൊദിച്ചതിന്നു അവർ അപ്രകാരം ഒരിക്കലും
ചെയ്കയില്ല ഞങ്ങൾ നെല്ലുകളുടെ വർത്തുക്കളുടെ ചാക്കിൽ എങ്കിലും ക
ണ്ടാൽ അവൻ മരിക്കട്ടെ ഞങ്ങളും അടിമകളാകും എന്നു പറഞ്ഞാറെ ജൊ
സ്സെഫ് ശൊധന ചെയ്തു ബെന്യമിന്റെ ചാക്കിൽ ആ പാത്രം കണ്ടെപ്പൊ
ൾ എല്ലാവരും തിരിച്ചു വസ്ത്രങ്ങളെ കീറി മടങ്ങി ചെന്നു യൊസെഫി
നെ കണ്ടു കാല്ക്കൽ വീഴുകയും ചെയ്തു- അവൻ നിരസഭാവം കാട്ടി എന്തി
ന്നു ഈ പ്രകാരം ചെയ്തു എന്നു കല്പിച്ചപ്പൊൾ യഹൂദ ഇതിന്നു കർത്താവൊ
ട്ടു എന്തു പറയെണ്ടു ഞങ്ങൾക്കു കുറ്റമില്ലാത്തവർ എന്നു എങ്ങിനെ കാട്ടെ
ണ്ടു ഭൃത്യന്മാരുടെ അകൃത്യം ദൈവം കണ്ടെത്തി ഇതാ ഞങ്ങൾ എല്ലാ
വരും കർത്താവിന്നു അടിമകൾ എന്നു അറിയിച്ചാറെ യൊസെഫ ആരുടെ
ൽ പാത്രം കണ്ടു അവൻ അടിമയായാൽ മതി നിങ്ങൾ സ്വൈരമായി അച്ഛ
ന്റെ അടുക്കൽ പൊകുവിൻ എന്നു കല്പിച്ചപ്പൊൾ യഹൂദാ കർത്താവെ
കൊപിക്കരുതെ കരുണ ചെയ്തു ഇവനെ വിട്ടയക്കെണമെ- ഞങ്ങൾ ഇവ
നെ കൂടാതെ വീട്ടിൽ ചെന്നാൽ അച്ഛൻ ദുഃഖത്താൽ മരിക്കും നിശ്ച
യം- ഞാൻ തന്നെ പൈതലിന്നു വെണ്ടി ജാമീൻ നിന്നു ഒരു പൊല്ലാപ്പും ഭ
വിക്കാതെ കൂട്ടി കൊണ്ടു വരാം എന്നു അച്ഛനൊടു പറഞ്ഞു- പൊന്നിരിക്കു
ന്നു- അതുകൊണ്ടു ഇവന്നു പകരം ഞാൻ അടിമയായി പാർക്കാം പൈ
തൽ സഹൊദരന്മാരൊടു കൂട പൊകട്ടെ അവനെ കൂടാതെ ഞാൻ എ
ങ്ങിനെ അച്ഛനെ ചെന്നു കാണും എന്നിങ്ങിനെ മുട്ടിച്ചു അപെക്ഷിച്ചപ്പൊ
ൾ യൊസെഫ തന്നെ അടക്കുവാൻ കഴിയാതെ പുറമുള്ളവരെ പുറത്തു
ആക്കി എല്ലാം കരഞ്ഞു സഹൊദരന്മാരൊടു ഞാൻ യൊസെഫ ആകുന്നു അ
ച്ഛൻ ജീവിക്കുന്നുവൊ എന്നു പറഞ്ഞാറെ അവർ ഭ്രമിച്ചു ഉത്തരം ഒന്നും
പറയായ്കയാൽ അടുത്തു വരുവാൻ അപെക്ഷിച്ചു അടുത്തു ചെന്നു അടു
ത്തെന്നപ്പൊൾ നിങ്ങൾ മിസ്രയിലെക്കു വിറ്റുകളഞ്ഞ യൊസെഫ ഞാ
ൻ തന്നെ ആകുന്നു എന്നു പറഞ്ഞു- വിറ്റതു ചൊല്ലി ഇപ്പൊൾ ദുഃഖിക്കരുത്
നിങ്ങളല്ല ദൈവം നിങ്ങളുടെ ജീവരക്ഷെക്കായിട്ടു മുമ്പെ എന്നെ

ഷിടെന്ന യച്ചിരിക്കുന്നു- ഉടനെ മടങ്ങി ചെന്നു നിന്റെ മകൻ ഇരിക്കുന്നു ദൈവം അവനെ മിസ്രയിമിൽ കൎത്താവാക്കി വെച്ചിരിക്കുന്നു എന്നും എന്റെ അവസ്ഥ കണ്ടതും കെട്ടതും ഒക്കെ അപ്പനെ അറിയിച്ചു താമസിയാതെ അവനെ കൂട്ടിക്കൊണ്ടു വരുവിൻ എന്നും മറ്റും പറഞ്ഞാറെ അവനും അനുജനായ ബെന്യമീന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു ശെഷം സഹൊദരന്മാരെയും ചുംബിച്ചു കരഞ്ഞു അന്യൊന്യം സംസാരിക്കയും ചെയ്തു- ഈ വൎത്തമാനം രാജാവ് കെട്ടപ്പൊൾ പ്രസാദിച്ചു യൊസെഫിനൊടു നിന്റെ അപ്പനെയും കുഡുംബങ്ങളെയും വരുത്തുവാൻ പറകയും അതിന്നു വെണ്ടുന്ന രഥങ്ങളും മറ്റും ഇവിടെ നിന്ന കൊടുത്തയക്ക എന്ന കല്പിച്ച പ്രകാരം അവൎക്ക ദ്രവ്യവും അന്നവസ്ത്രാദികളും കൊടുത്തു വഴിക്കൽ തന്നു ശണ്ഠകൂടരുത് എന്ന പറഞ്ഞയച്ചു- അവരും സന്തൊഷത്തൊടെ കനാനിലെക്ക യാത്രയാകയും ചെയ്തു-

൨൫. യാക്കൊബ മിസ്രയിമിലെക്ക പൊയി വസിച്ചതു-

അനന്തരം ആ ൧൧ സഹൊദരന്മാർ അപ്പന്റെ അടുക്കെ എത്തി യൊസെഫ ജീവിച്ചിരിക്കുന്നു മിസ്രയിമിലെ സൎവ്വാധികാരിയാകുന്നു എന്ന അറിയിച്ചപ്പൊൾ അവൻ ഭ്രമിച്ചു പ്രമാണിക്കാതെ ഇരുന്നു- പിന്നെ യൊസെഫ പറഞ്ഞ വാക്കുകൾ കെട്ടു കൊടുത്തയച്ച തെരുകളും മറ്റും കണ്ടപ്പൊൾ സന്തൊഷത്താൽ അവന്റെ ആത്മാവ് ഉണൎന്നു മതി എന്റെ മകൻ ഇരിക്കുന്നു ഞാൻ മരിക്കും മുമ്പെ അവനെ പൊയി കാണും എന്ന തെളിഞ്ഞു പറകയും ചെയ്തു- അതിന്റെ ശെഷം അവൻ കുഡുംബങ്ങളൊടും സകല പദാൎത്ഥങ്ങളൊടും കൂട പുറപ്പെട്ടു മിസ്രയിമിൽ എത്തി- ഈ വൎത്തമാനം യൊസെഫ കെട്ടപ്പൊൾ തന്റെ തെരിൽ കയറി അപ്പനെ എതിരെറ്റു കണ്ടാറെ അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു വളരെ നെരം കരഞ്ഞ ശെഷം യാക്കൊബ് നിന്റെ മുഖം കണ്ടുവല്ലൊ ഇനി ഞാൻ മരിച്ചാൽ വെണ്ടതില്ല എന്ന പറഞ്ഞു- അനന്തരം അപ്പൻ കുഡുംബങ്ങളൊട്ടു കൂടെ ഗൊശെൻ ദെശത്ത എത്തി എന്ന് യൊസെഫ രാജാവൊടു ഉണൎത്തിച്ചു അവനെയും പി

ലസഹൊദരന്മാരെയും വരുത്തി കാണിച്ചപ്പൊൾ, രാജാവ യൌസെഫിനൊ
ടെ ഇവരുടെ തൊഴിൽ ഏതെന്ന് ചൊദിച്ചതിന്ന സഹൊദരന്മാർ, ഇപ്പൊൾ
ഏറ്റവും മൂത്തവരെൻ ക്ഷീവനങ്ങൾ, ആട്ടും മാടും മെയ്ക്കു
ന്ന പിതാക്കന്മാരുടെ സമ്പ്രദായത്തിൽ ഞങ്ങളും ജീവനങ്ങളെ
ട്ടു പൊരുന്നു എന്ന് പറഞ്ഞപ്പൊൾ രാജാവ അനുഗ്രഹിക്ക
യും ചെയ്തു-

അവൻ പിന്നെ ൧൭ വർഷം മിസ്രെനിൽ പാർത്ത മരണം അടുത്തപ്പൊൾ യൌ
സെഫ എഫ്രയിം മനശ്ശെ എന്ന രണ്ടു പുത്രന്മാരെ കൂട്ടി കൊണ്ടു ചെ
ന്നു ... നിന്റെ മുഖം തന്നെ കാണുമെന്ന ഞാൻ വിചാരി
ച്ചില്ല ദൈവം നിന്റെ സന്തതിയെയും കൂടെ കാണ്മാറാക്കിയല്ലൊ എന്നു
സ്നെഹത്തൊടെ പറഞ്ഞു- പിന്നെ അനുഗ്രഹം പ്രാപിപ്പാൻ യൌസെഫ തൻ
ന്മക്കളെ അടുക്കൽ നിർത്തിയപ്പൊൾ യാക്കൊബ വലകൈ ഇളയവ
ന്റെ തലമെലും ഇടകൈ മൂത്തവന്റെ തലമെലും വെച്ചു അനുഗ്രഹിച്ചു-
പിതാക്കന്മാർ കണ്ടു നടന്ന ദൈവമെ എന്നെ ഇന്നൊളവും രക്ഷിച്ചു
സകല ദൊഷങ്ങളിൽനിന്നും എന്നെ വീണ്ടെടുത്ത ദൂത
ൻ ഈ ബാലന്മാരെ അനുഗ്രഹിക്കേണമെ- പിതാക്കന്മാരുടെ
പെർ ഇവരുടെ മെൽ ചൊല്ലി ഇവർ ദെശമദ്ധ്യത്തിങ്കൽ പെരുകി വരെണ
മെ എന്നും അപെക്ഷിച്ചു അവരെ സ്വന്തപുത്രന്മാരെ പൊലെ വിചാരിച്ചു
അവകാശസ്ഥാനവും കൊടുത്ത അനുഗ്രഹിച്ചു ദൈവം നിന്നെ എഫ്രയിം
മനശ്ശെ എന്നവരെ പൊലെ ആക്കുമാറാക എന്ന് ഇസ്രയെൽ ആശീർവ്വ
ദിക്കും എന്ന കല്പിച്ചു പിന്നെ യാക്കൊബ തന്റെ ൧൨ പുത്രന്മാരെയും വ
രുത്തി വരുവാനുള്ള അവസ്ഥയെ ദർശിച്ചിട്ടു ഒരൊരുത്തനെ പ്രത്യെ
കം അനുഗ്രഹിച്ച ശെഷം പ്രാണനെ വിട്ടു സ്വജനത്തൊടു ചെർക്കയും ചെ
യ്തു- അനന്തരം യൌസെഫും സഹൊദരന്മാരും ഒരു വലിയ പട്ടാളത്തൊടും കൂടെ
ന്മാരും ശവം എടുത്തു ... കനാൻ
ൻ ദെശത്തെ ... മക്ഫെലാ ഗുഹയിൽ വെച്ചടക്കം ചെയ്തു-

യതിന്റെ ശെഷം അവരെല്ലാവരും മിസ്രയിലെക്കു മടങ്ങി ചെന്നപ്പൊ
ൾ സഹൊദരന്മാർ ഭയപ്പെട്ടു യൊസെഫിനെ വണങ്ങി ഞങ്ങൾ
നിന്നൊടു കാട്ടിയ ദ്രൊഹങ്ങളെ അപ്പൻ നിമിത്തം ക്ഷമിക്കെണമെ എ
ന്നു അപെക്ഷിച്ചപ്പൊൾ അവൻ കരഞ്ഞു നിങ്ങൾ ഭയപ്പെടെണ്ട ഞാൻ ദൈ
വമൊ- നിങ്ങൾ എനിക്കു ദൊഷം വിചാരിച്ചിരുന്നു ദൈവമൊ അതിനെ ഗുണം
വിചാരിച്ചു ഇന്നത്തെ പൊലെ അനെകം ജനങ്ങളെ ജീവനൊടെ രക്ഷിക്കുമാറാക്കി ഞാൻ നി
ങ്ങളെയും കുട്ടികളെയും അന്നം പൊറ്റും എന്നു പറഞ്ഞു അവരെ
ആശ്വസിപ്പിച്ചു ശെഷം കുഡുംബങ്ങളൊടു കൂട മിസ്രയിൽ സുഖെന വസി
ച്ചു പൌത്രപ്രപൌത്രന്മാരെയും കണ്ടു ൧൧൦ വയസ്സിൽ മരിക്കയും ചെ
യ്തു-

൧൦. മൊശെ.

ഇസ്രയെലിന്റെ പുത്രന്മാരിൽനിന്നു ഉളവായ വംശത്തിന്നു ൧൨ ഗൊത്ര
ങ്ങളായി ഇസ്രയെല്യ സംഘം വർദ്ധിച്ചു വന്നു- അവർ മിസ്രദെശത്തിൽ പാ
ർത്തപ്പൊൾ ഭയപ്പെടെണ്ട ഞാൻ കൂട പൊരുന്നു നിന്നെ വലിയ ജാതിയാ
ക്കും എന്നു ദൈവത്തിന്റെ അരുളപ്പാടു കെട്ട വണ്ണം തന്നെ സംഭവിക്കു
കയും ചെയ്തു ഇസ്രയെല്യർ എറിയവും വെറുക്കാതുള്ള സമൃദ്ധിയായതിന്നു
മിസ്രക്കാർക്കു ഭയം ജനിച്ചു- അപ്പൊൾ യൊസെഫിന്റെ അവസ്ഥ
അറിയാത്ത ഒരു പുതിയ രാജാവ് അവരെ അടിമകളെന്ന പൊലെ
വിചാരിച്ചു പട്ടണങ്ങളെയും കൊട്ടകളെയും മറ്റും കെട്ടേണ്ടതിന്നു ഇഷ്ടിക
ഉണ്ടാക്കുക മുതലായ കഠിനവെലകളെ എടുപ്പിച്ചു- അവർ പെരുകുന്ന
തും വർദ്ധിച്ചു വന്നതിനാൽ അവരുടെ ആൺപൈതങ്ങളെ ഒക്കയും കൊ
ല്ലണം എന്നു രാജാവ് കിട്ടിയ വയറ്റാട്ടികളൊടു കല്പിച്ചു- ആയവർ ദൈ
വത്തെ ഭയപ്പെട്ടു രാജകല്പന പ്രമാണിക്കാതെ ആൺകുഞ്ഞുങ്ങളെ ര
ക്ഷിച്ചു കൊണ്ടിരുന്നപ്പൊൾ എല്ലാ മിസ്രക്കാരൊടും ഇസ്രയെല്യർക്കു ജനി
ക്കുന്ന ആൺകുഞ്ഞുങ്ങളെ ഒക്കയും പുഴയിൽ ചാടിക്കൊല്ലേണം എന്നു കല്പി
ക്കയും ചെയ്തു-

അക്കാലത്തു ലെവിഗോത്രക്കാരനായ അമ്രാമിന്നു സുന്ദരനായൊരു പുത്രൻ ജനിച്ചു — അമ്മ അവനെ ഭയത്തോടെ മൂന്നു മാസം ഒളിച്ചു വെച്ചു പിന്നെ ഒളിപ്പാൻ കഴിയാഞ്ഞപ്പോൾ ഒരു ചെറിയ പെട്ടകത്തിൽ കുഞ്ഞനെ അതിൽ കിടത്തി നീലനദി തീരത്തുള്ള ഞാങ്ങണയുടെ ഇടയിൽ വെച്ചു മിറിയാം ദൂരത്തു നിന്നു നോക്കിക്കൊണ്ടിരുന്നു — അതിന്റെ ശേഷം രാജപുത്രി പുഴയിൽ കുളിപ്പാൻ വന്നു ആ പെട്ടിയെ കണ്ടപ്പോൾ ദാസിയെ അയച്ചു പെട്ടിയെ വരുത്തി തുറന്നു നോക്കിയാറെ കരയുന്ന കുഞ്ഞനെ കണ്ടു അവൾക്കു മനസ്സലിഞ്ഞു ഇതു ഒരു എബ്രായക്കുട്ടി എന്നു പറഞ്ഞതു കേട്ടപ്പോൾ മറിയാം അടുത്തു വന്നു മുലകൊടുപ്പാൻ ഒരു എബ്രായസ്ത്രീയെ വിളിക്കട്ടയൊ എന്നു ചോദിച്ചു കുഞ്ഞന്റെ അമ്മയെ വരുത്തി അനന്തരം രാജപുത്രി കുഞ്ഞനെ വളർത്തേണ്ടതിന്നു അവളുടെ കൈക്കൽ ഏല്പിച്ചു — പിന്നെ വളർന്നപ്പോൾ അവനെ കൊട്ടാരത്തിൽ കൊണ്ടുപോയി മിസ്രക്കാരുടെ സകല വിദ്യകളെ പഠിപ്പിച്ചു — വെള്ളത്തിൽ നിന്നു എടുത്തവൻ എന്നർത്ഥമുള്ള മൊശെ എന്ന പേർ വിളിക്കയും ചെയ്തു —

അവൻ പ്രാപ്തനായപ്പോൾ രാജമഹത്വത്തിലും ധനത്തിലും രസിക്കാതെ ഇസ്രായേല്യരുടെ ഞെരുക്കങ്ങളെ കണ്ടിട്ടു ദുഃഖിച്ചു കൊണ്ടിരുന്നു. ഒരു സമയത്തു ഒരു ദിവസം സഹോദരന്മാരുടെ അരികിൽ ചെന്നാറെ അവരിൽ ഒരുവനെ ഒരു മിസ്രക്കാരൻ അടിക്കുന്നതു കണ്ടപ്പോൾ അവനെ അടിച്ചു കൊന്നു കളഞ്ഞു — ദൈവം എന്റെ കൈകൊണ്ടു ഇസ്രായേല്യർക്കു രക്ഷ വരുത്തുന്നത് അവർ കണ്ടറിയും എന്നവൻ വിചാരിച്ചു പിന്നെ ഫറവോ ഈ കാര്യം അറിഞ്ഞു അവനെ കൊല്ലുവാൻ ഭാവിച്ചപ്പോൾ മോശെ ഓടി അബ്രഹാമിന്റെ സന്തതിക്കാരായ മിദ്യാനരുടെ ദേശത്തിൽ ചെന്നു ഒരു കിണറ്റിന്റെ അരികെ ഇരുന്നപ്പോൾ ഒരു പുരോഹിതന്റെ ഏഴു പുത്രിമാർ വന്നു ആടുകൾക്കു വെള്ളം കോരി തൊട്ടികളെ നിറെക്കുമ്പോൾ ഇടയന്മാർ വന്നു അവരെ ആട്ടിക്കളഞ്ഞത് കണ്ടു മോശെ അവരെ രക്ഷിച്ചു ആടുകളെ വെള്ളം കുടിപ്പിക്കയും ചെയ്തു — ...

ത്രൊ എന്നവൻ ആ വസ്ഥ കെട്ടപ്പൊൾ അവനെ വരുത്തി വീട്ടിൽ പാർപ്പിച്ചു പു
ത്രികളിൽ സിപ്പൊറ എന്നവളെ ഭാര്യയായി കൊടുത്തു ആട്ടിൻകൂട്ടങ്ങളെ ഒക്കെയും
ഭരമെല്പിക്കയും ചെയ്തു—

൧൭. മൊശെ ഫരവൊ എന്ന രാജാവിന്റെ സമീപത്തെ ചെന്നത്

മൊശെ ൪൦ വർഷം മിദ്യാനിൽ പാർത്തുവന്നൊരു സമയം ആട്ടിൻകൂട്ടത്തെ
ഹൊറെബ് മലക്കടുത്ത സ്ഥലത്തിൽ ആട്ടി മെയ്ച്ചുകൊണ്ടിരുന്നപ്പൊൾ ക
ത്തിക്കൊണ്ടിരുന്നിട്ടും വെന്തുപൊകാതിരിക്കുന്നൊരു മുൾപടർപ്പു കണ്ടു അ
തിശയിച്ചു അടുത്തു ചെന്നാറെ അതിൽനിന്ന ദൈവം മൊശെ മൊശെ
എന്നു വിളിക്കുന്നതിനെ കെട്ടു ഞാൻ ഇവിടെ തന്നെ എന്നു മൊ
ശെ പറഞ്ഞപ്പൊൾ ദൈവം അടുത്തു വരരുത് ചെരിപ്പുകളെ അഴിച്ചു
കളക നീ നില്ക്കുന്ന സ്ഥലം ശുദ്ധഭൂമിയല്ലൊ എന്നു കല്പിച്ചു ഉടനെ മൊശെ
ചെരിപ്പുകളെ അഴിച്ചശെഷം ഞാൻ നിൻ പിതാവിന്റെ ദൈവം
ആകുന്നു— അബ്രഹാം ഇസ്ഹാക്ക് യാക്കൊബ് എന്നവരുടെ ദൈവം
തന്നെ എന്നു കല്പിച്ചപ്പൊൾ മൊശെ ഭയപ്പെട്ടു മുഖത്തെ മറെച്ചു
പിന്നെ യഹൊവ മിസ്രയിലുള്ള എന്റെ ജനത്തിന്റെ പീഡനങ്ങളെ ക
ണ്ടു നിലവിളിയെയും കെട്ടു അവരെ മിസ്രക്കാരുടെ കൈക്കൽ നിന്ന
വിടുവിച്ചു പാലും തെനും ഒഴുകുന്ന ഒരു ദെശത്തിൽ ആക്കുവാൻ ഇറങ്ങിവ
ന്നിരിക്കുന്നു ഇപ്പൊൾ നീ എൻ ജനത്തെ മിസ്രയിൽ നിന്നു പുറപ്പെടുവി
ക്കെണ്ടതിന്നു ഞാൻ നിന്നെ രാജസന്നിധിയിൽ അയക്കാം എന്നു കല്പിച്ചാ
റെ മൊശെ രാജാവിനെ ചെന്നുകണ്ടു ഇസ്രയെല്യരെ കൂട്ടിക്കൊണ്ടുവരു
വാൻ ഞാൻ പ്രാപ്തനൊ എന്നു ചൊദിച്ചപ്പൊൾ ഞാൻ നിന്നൊടു കൂടെ ഇ
രിക്കുമല്ലൊ എന്നതു കെട്ടിട്ടു മൊശെ പറഞ്ഞു അവർ എന്നെ വിശ്വസി
ക്കാതെ യഹൊവ നിനക്കു പ്രത്യക്ഷനായില്ല എന്നു പറയും— എന്നതി
ന്നു യഹൊവയുടെ കല്പനപ്പടി തന്റെ കൈയിലുള്ള ദണ്ഡിനെ നിലത്തി
ട്ടു സർപ്പമായി ഭവിച്ചു അതുകൊണ്ടു ഭയപ്പെട്ടു— പിന്നെ കല്പനപ്രകാരം അതിനെ

ൻറ വാൽ പിടിച്ചപ്പൊൾ അതു വടിയായി തന്നെ തീർന്നതിന്റെ ശെഷം തൈ
ക മാറിൽ ഇട്ടുകൊണ്ടു അവൻ ഇതിൻപ്രകാരം ചെയ്തു എടുത്തു നൊക്കിയപ്പൊൾ
കുഷ്ഠരൊഗം ആയി കണ്ടു പിന്നെയും മാറിൽ ഇടെണം എന്നു കെട്ടതിന്നു
ഇട്ടപ്പൊൾ പൂർവസ്ഥിതിയിൽ ആയി— രണ്ടു അടയാളങ്ങളെ വിശ്വസിക്കാഞ്ഞാ
ൽ നദിയിലെ വെള്ളം കൊരി കരയിൽ ഒഴിക്കെണം എന്നാൽ രക്ത
മായി ഭവിക്കും എന്നു യഹൊവ കല്പിക്കയും ചെയ്തു—

പിന്നെ മൊശെ എൻ കർത്താവെ ഞാൻ വാക്സാമർത്ഥ്യമില്ലാത്തവനും നാ
വു ഉള്ളവനത്രെ— എന്നു പറഞ്ഞപ്പൊൾ യഹൊവ മനുഷ്യന്നു വായി
നെ ഉണ്ടാക്കിയതു ഞാൻ ഊമനെയും ചെവിടനെയും കാഴ്ചയുള്ളവനെയും കുരുട
നെയും ഉണ്ടാക്കുന്നവൻ ഞാൻ അല്ലയൊ— ഇപ്പൊൾ നീ പൊക നീ പറ
യെണ്ടുന്നതിനെ ഞാൻ ഉപദെശിക്കും വാക്കും നാവും ഞാൻ ആയിരിക്കും നി
ന്റെ ജ്യെഷ്ഠനായ അഹരൊൻ ഇതാ നിന്നെ എതിരെല്പാൻ പുറപ്പെട്ടു വരു
ന്നു അവൻ നിനക്കു പകരം ആയി സംസാരിക്കയും ചെയ്യും എന്നു കല്
പിച്ചു—

അനന്തരം മൊശെ അഹരൊനൊടു കൂടെ മിസ്രയിമിൽ പൊയി ഇസ്രയെല്യ
രുടെ മൂപ്പന്മാരെ വരുത്തി ദൈവവചനങ്ങളെ ഒക്കയും അറിയിച്ചു മൊശെ ഫറ
രാജാവെ ചെന്നു കണ്ടു വനത്തിൽ വെച്ചു ഉത്സവം കഴിപ്പിക്കെണ്ടതി
ന്നു എൻ ജനത്തെ വിട്ടയക്കെണം എന്നു ഇസ്രയെൽ ദൈവമായ യഹൊ
വയുടെ കല്പന എന്നു അറിയിച്ചപ്പൊൾ ഞാൻ അനുസരിക്കെണ്ടുന്ന യഹൊ
വ ആർ ഞാൻ യഹൊവയെ അറിയുന്നില്ല ഇസ്രയെല്യരെ വിട്ടുകയുമില്ല
എന്നു പറഞ്ഞയച്ചു— അതല്ലാതെ വിചാരിപ്പുകാരെ വരുത്തി ഈ ജനങ്ങ
ൾ മടിയന്മാർ അത്രെ കൊണ്ടു വെല അധികം എടുപ്പിക്കെണം മുമ്പെത്തെ ക
ണക്കപ്രകാരം ഇഷ്ടികകൾ ഉണ്ടാക്കിച്ചു കുറവില്ലാതെ മെൽ വാങ്ങെണം വൈ
ക്കൊൽ കൊടുക്കരുത് അവർ തന്നെ അതിനെ കൊണ്ടുവരട്ടെ എന്നു ക
ല്പിച്ച ശെഷം മൊശെ ദൈവം തങ്ങളെ അയച്ചു എന്നറിയിപ്പാനായി
ദണ്ഡു കൊണ്ടുള്ള അതിശയങ്ങളെ കാണിച്ചു എങ്കിലും മിസ്രമന്ത്രവാദി

ധൃക്കം അപ്രകാരം കാണിച്ചപ്പൊൾ രാജാവ് അതിനെ കൂട്ടാക്കാതെ ഇരുന്നു—

അവൻ ദൈവകല്പന പ്രമാണിക്കാതെ കഠിനമനസ്സുള്ളവനായി തീർന്നാറെ ദൈവം അവരുടെ ഉള്ളിൽ ഇളക്കത്തിന്നു ഭയങ്കരബാധകളെ അയച്ചു— മൊശെ കല്പനപ്രകാരം ദണ്ഡുകൊണ്ടു നീലനദിയിലെ വെള്ളങ്ങളിന്മെൽ അടിച്ചപ്പൊൾ വെള്ളം രക്തമായി ചമഞ്ഞു മത്സ്യങ്ങൾ ചത്തുപൊയി— വെള്ളം കുടിപ്പാൻ കഴിയായ്കകൊണ്ടു മിസ്രക്കാർ ഒരൊ കുഴി കുഴിച്ചുണ്ടാക്കി തണ്ണീർ കൊരി കുടിക്കെണ്ടി വന്നു—

പിന്നെയും അഹരൊൻ ആറ്റുകളിൽ ദണ്ഡിനെ നീട്ടിയാറെ കുളങ്ങളിൽനിന്നു തവളകൾ കരെറി മിസ്രയിൽ എങ്ങും ചെന്നു എല്ലാ ഭവനങ്ങളിലും രാജധാനിയിലും കിടക്കമുറി മുതലായവറ്റിലും വ്യാപിച്ചപ്പൊൾ രാജാവ് യഹൊവയൊടു അപെക്ഷിക്കെണം അവൻ ഇവയെ ഒഴിക്കുവാൻ തൊൻ ജനത്തെ വിടാം എന്ന് മൊശയെ മുട്ടിച്ചു അവൻ പ്രാർത്ഥിച്ചിട്ടു തവളകൾ ഒക്കയും മരിച്ചു ആശ്വാസം വന്നാറെ രാജാവ് പിന്നെയും ഹൃദയം കഠിനമാക്കി ഇസ്രയെല്യരെ വിട്ടയക്കാതെ ഇരുന്നു—

അതിന്റെ ശെഷം അഹരൊൻ ദണ്ഡു നീട്ടി ദെശത്തിലെ മൺപൊടി അടിച്ചു മനുഷ്യരെയും മൃഗങ്ങളെയും ബാധിക്കുന്ന പെൻ കൂട്ടമാക്കി തീർത്തു മന്ത്രവാദികൾ അപ്രകാരം ഉണ്ടാക്കുവാൻ കഴിയാഞ്ഞപ്പൊൾ ഇത് ദൈവത്തിന്റെ വിരൽ എന്നു പറഞ്ഞു എങ്കിലും രാജാവിന്റെ മനസ്സിന്നു ഇളക്കം വന്നില്ല—

അനന്തരം യഹൊവ പൊന്തുകളെ അയച്ചു രാജാവെയും ജനങ്ങളെയും ഉപദ്രവിച്ചു— ആ ബാധയും നിറുത്തലമായപ്പൊൾ ദെശത്തിലെ ഗ്രാമ്യജന്തുക്കളിലും ഒരു മഹാവ്യാധി പിടിപ്പിച്ചു അതിനാൽ കുതിരകഴുതകൾ ഒട്ടകങ്ങളും ആടുമാടുകളും വളരെ മരിച്ചു എന്നിട്ടും രാജാവ് കഠിനഹൃദയനായി തന്നെ പാർത്തു—

പിന്നെയും മൊശെ കൈനിറയ അടുക്കരി എടുത്തു വാരി രാജാവിൻ മുമ്പാ

കൈ മെല്പെട്ടു ചാടിയനെരം മനുഷ്യരിലും മൃഗങ്ങളിലും വ്രണങ്ങളെ ഉണ്ടാക്കുന്ന
പരുക്കൾ ജനിച്ചു — ഈ ശിക്ഷകൾ പാരം ആയി എങ്കിലും രാജാവിന്റെ മനസ്സിന്നു
പാകം ഭവിച്ചില്ല —

അതിന്റെ ശെഷം മോശെ ദണ്ഡിനെ ആകാശത്തെക്ക് നീട്ടിയാറെ ഇടി
മുഴക്കവും മിന്നൽ പിണരും കന്മഴയും ഭയങ്കരമാം വണ്ണം ഉണ്ടായി വയലിലു
ള്ള സസ്യങ്ങളെയും മരങ്ങളെയും തകൎത്തു കളഞ്ഞു മൃഗങ്ങളെയും മനുഷ്യരെ
യും കൊന്നു — അപ്പോൾ രാജാവ് മോശെയെയും അഹരോനെയും വരുത്തി
ഞാൻ പാപം ചെയ്തു ഇടിയും കന്മഴയും തീരെണ്ടതിന്നു യഹോവയൊടു പ്രാ
ൎത്ഥിപ്പിൻ എന്നു പറഞ്ഞു മോശെ പുറത്തു ചെന്നു കൈ മെല്പെട്ടു പൊക്കി
ടുമ്പോൾ ഇടിയും മഴയും നിന്നു എന്നു രാജാവ് കണ്ടപ്പോൾ ഹൃദയം കഠിനമാക്കി
മുമ്പത്ത പ്രകാരം തന്നെ ആയിരുന്നു —

അനന്തരം യഹോവ കിഴക്കൻ കാറ്റിനെ അടിപ്പിച്ചു വെട്ടുക്കിളികൾ കൂട്ടം കൂട്ടമായി
അവ മിസ്രയിമിൽ എല്ലാടവും വ്യാപിച്ചു പച്ചയായതൊന്നും ശെഷിക്കാതവണ്ണം തിന്നു കളഞ്ഞു
അപ്പോൾ രാജാവ് ഒരിക്കൽ കൂടി ക്ഷമിക്കെണം എന്നു അപെക്ഷിച്ചു മോശെ
പ്രാൎത്ഥിച്ചിട്ടു യഹോവ പടിഞ്ഞാറെ കാറ്റിനെ അടിപ്പിച്ചു വെട്ടുക്കിളികളെ
എടുത്തു ചെങ്കടലിലെക്ക് ഇട്ടു കളഞ്ഞു — രാജാവ് പിന്നെയും ഹൃദയം കഠിനമാക്കി
കൊണ്ടിട്ടു ഇസ്രയെല്യരെ വിട്ടയച്ചില്ല —

പിന്നെയും മോശെ കൈ നീട്ടിയാറെ യഹോവ കല്പിച്ചിട്ടു ഉണ്ടായ ഇരുട്ടു മൂന്നു
ദിവസം വരെയും മനുഷ്യർ തമ്മിൽ തമ്മിൽ കാണാതെയും ആരെയും സഞ്ചാ
രിക്കാതെയും ആക്കി വെച്ചു — ഇസ്രയെല്യർ പാൎക്കുന്ന ഗോശൻ ദെശത്തി
ൽ മാത്രം പ്രകാശം ഉണ്ടായി — ഒരൊ ബാധയും ഭയങ്കരമായി വന്നിട്ടും രാജാ
വ് ഇടങ്ങാതെ മോശെയൊടു നീ എന്റെ മുഖം ഇനി കാണരുത് കാണുന്ന
നാളിൽ നീ മരിക്കും എന്നു കല്പിക്കയും ചെയ്തു —

൧൮. ഇസ്രയെല്യർ മിസ്രയിമിൽ നിന്നു പുറപ്പെട്ടത്

രാജാവിന്നു പ്രധാനികാരികളും തികഞ്ഞു വന്നപ്പോൾ യഹോവ മോശെയൊടു
ഞാൻ ഇനിയും ഒരു ബാധ വരുത്തും അപ്പോൾ രാജാവ് നിങ്ങളെ വിട്ടയക്കും

നിശ്ചയം - അവ്വരാത്രിയിൽ തന്നെ ഞാൻ മിസ്രയിൽ കൂടി പൊയി രാജകുമാ
രൻ മുതൽ ദാസീപുത്രൻ വരെയും ഉള്ള കുട്ടികളെയും മൃഗങ്ങളിലെ കടിഞ്ഞൂലു
കളെയും - മരിപ്പിക്കും - അതകൊണ്ട ഇസ്രയെല്യർ യാത്രക്കായി ഒരുങ്ങിനിന്നു
ഒരൊ വീട്ടുകാർ ഒരൊ ആട്ടിൻകുട്ടിയെ കൊന്ന പൊയ അവറ്റിൽ വാതിലി
ന്മെൽ അതിന്റെ രക്തം എടുത്ത ഒരൊ വീട്ടിന്റെ കട്ടിളക്കാലുകളിലും മെല്പടിയി
ലും തെച്ചും മാംസം വറുത്ത അരക്കെട്ടും ചെരിപ്പും വടികളും ധരിച്ചുംകൊ
ണ്ട പെസഹാ ഭക്ഷണം കഴിക്കേണം എന്ന കല്പിച്ചു -
നിശ്ചയിച്ച സമയം വന്നു ഇസ്രയെല്യർ പ്രയാണത്തിനായി ഒരുങ്ങിനിന്ന
പ്പൊൾ അവ്വരാത്രിയിൽ യഹൊവ രാജാവിന്റെ പ്രഥമപുത്രൻ മുതൽ ദാ
സപുത്രൻ വരെയുള്ള കടിഞ്ഞൂൽ സന്തതികളെ ഒക്കയും കൊന്നു - മിസ്രയി
ൽ എല്ലാടവും മഹാ നിലവിളിയും കരച്ചലും ഉണ്ടായപ്പൊൾ രാജാവ് മൊശ
യെയും അഹരൊനെയും വരുത്തി നിങ്ങളും ജനങ്ങളും ആടുമാടുകളൊടും കൂട
പുറപ്പെട്ടു പൊകയിൻ എന്ന കല്പിച്ചു - മിസ്രക്കാരും ഞങ്ങൾ എല്ലാവരും മ
രിക്കുന്നു വെഗം പൊകയിൻ എന്ന അവരെ നിർബന്ധിച്ചയച്ചു - ഇ
സ്രയെല്യർ പുളിക്കാത്ത കുഴച്ച മാവിനെ ശീലകളിൽ കെട്ടി ദൈവകല്പ
നപ്രകാരം മിസ്രക്കാരൊടു പൊൻ വെള്ളി ആഭരണങ്ങളെയും വസ്ത്രങ്ങളെ
യും ചൊദിച്ചു വാങ്ങി അടിമദെശത്തെ വിട്ടു കാൽനടയായി പുറപ്പെട്ടു പൊ
യി പൊകെണ്ടുന്ന വഴിയിൽ തെറ്റാതെ രാപ്പകൽ സഞ്ചരിക്കെണ്ടതിന്ന
യഹൊവ പകൽ മെഘത്തൂണിലും രാത്രിയിൽ അഗ്നിത്തൂണിലും വിളങ്ങി അ
വർക്ക മുമ്പാക്കിട്ടു നടക്കയും ചെയ്തു -
അവർ മൂന്നു ദിവസത്തെ വഴി പൊയ ശെഷം രാജാവിന്റെ മനസ്സു ഭെദിച്ചു
നമ്മുടെ അടിമകളെ വിട്ടയച്ചത് എന്തിന്ന എന്ന ചൊല്ലി അവരുടെ വഴിയെ
ചെല്ലുവാൻ സൈന്യത്തെ ശെഖരിച്ചു ആ സൈന്യം തെർ കുതിരകളൊടും കൂട
പിന്തുടർന്ന ചെങ്കടൽ പുറത്ത് ഇസ്രയെല്യർ പാളയത്തിൽ എത്തി - ഇസ്രയെല്യ
ർ [illegible] അവരെ കണ്ടു വളരെ പെടിച്ചു നിലവിളിച്ചു ഭയപ്പെടാതെ ഇരിപ്പിൻ
ഇന്ന യഹൊവ ചെയ്യുന്ന രക്ഷയെ നൊക്കിക്കൊൾവിൻ എന്ന മൊ

ശെ പറഞ്ഞു അപെക്ഷിച്ചശെഷം യഹൊവ അവനൊടു നീ എന്തിന്നു എന്നൊടു നിലവിളിക്കുന്നു നെരെ നടക്കെണം എന്നു ഇസ്രയെല്യരൊടു പറഞ്ഞു ദണ്ഡു കൊണ്ടു സമുദ്രത്തെ വിഭാഗിക്ക എന്നാൽ അവർ അതിന്നടുവിൽ കൂടി കടന്നു പൊകുമാറാക്കും ഞാൻ ഫറൊവിലും അവന്റെ തെർ കുതിരകളിലും എന്റെ വൈഭവം കാണിക്കുമ്പൊൾ ഞാൻ യഹൊവ ആകുന്നു എന്നു മിസ്രക്കാർ അറിയെണ്ടിവരും എന്നു അരുളിച്ചെയ്ത ശെഷം മെഘത്തൂൺ ഇസ്രയെല്യരുടെ മുമ്പിൽനിന്നു പിമ്പിട്ടു രണ്ടു സൈന്യങ്ങളുടെ നടുവിൽ വന്നു ഇസ്രയെല്യൎക്കു വെളിച്ചവും മറ്റവൎക്കു ഇരിട്ടും ആയി നിന്നുകൊണ്ടിരുന്നു - യഹൊവ ആ രാത്രി മുഴുവൻ കിഴക്കൻ കാറ്റിനെ അടിപ്പിച്ചു വെള്ളത്തെ രണ്ടു ഭാഗത്തും ആക്കിയപ്പൊൾ ഇസ്രയെല്യർ അതിന്നടുവിൽ കൂടി കടന്നു കരെ കെറി മിസ്രക്കാരും പിന്തുടൎന്നു പുലൎകാലത്തു യഹൊവ മെഘത്തൂണിൽനിന്നു അവരുടെ സൈന്യത്തെ നൊക്കി അവൎക്കു ഭയവും കലക്കവും വരുത്തിയാറെ അവർ നാം ഓടിപ്പൊക യഹൊവ ഇസ്രയെല്യൎക്കു വെണ്ടി യുദ്ധം ചെയ്യുന്നു എന്നു നിലവിളിച്ചു പറഞ്ഞു ഉടനെ മൊശെ ദൈവകല്പനപ്രകാരം കടലിന്മെൽ കൈ നീട്ടി വെള്ളവും തിരിച്ചു വന്നു മിസ്രക്കാർ അവരിൽ ഒരുത്തരും ശെഷിക്കാതെ എല്ലാവരും വെള്ളത്തിൽ മുങ്ങിപ്പൊകയും ചെയ്തു -

൧൩. മരുഭൂമിയിലെ സഞ്ചാരം

ഇസ്രയെല്യർ ചെങ്കടൽ വിട്ടു പാട്ടുകളും സ്തൊത്രാദികളും ഇല്ലാത്ത ഭൂമിയിൽ കൂടി മൂന്നു ദിവസം നടന്നു മാറാ എന്ന സ്ഥലത്തെത്തിയാറെ വെള്ളം കണ്ടു കൈപ്പുരസം കൊണ്ടു കുടിപ്പാൻ കഴിയാഞ്ഞപ്പൊൾ ജനങ്ങൾ ഞങ്ങൾ എന്തു കുടിക്കെണ്ടു എന്നു മൊശെയൊടു വെറുത്തു പറഞ്ഞ സമയം അവൻ പ്രാൎത്ഥിച്ചു യഹൊവ കാണിച്ച മരത്തെ വെള്ളത്തിൽ ഇട്ടപ്പൊൾ വെള്ളം മധുരമായി വന്നു - ഞാൻ നിന്റെ ചികിത്സകനാകുന്നു എന്നു യഹൊവ ജനത്തൊടു കല്പിക്കയും ചെയ്തു -

അതിന്റെ ശെഷം ഒരു മാസത്തൊളം അപ്പവും ഇല്ലായ്കയാൽ അവർ പിറുപിറുത്തപ്പൊൾ യഹൊവ കാടപ്പക്ഷികളെ വലിയ കൂട്ടത്തൊടെ വരുത്തിയശെഷം ലൊകര

വാൎഷിറെററ ദിവസം രാവിലെ മഞ്ഞു വീണു പൊടി പൊലെ ഒരു സാധനത്തി
നെ കണ്ടപ്പൊൾ അറിയാഞ്ഞു-ഇത എന്തു എന്നൎത്ഥമുള്ള മാൻഹൂ എന്നു അതി
ന്നു പെരിട്ടു-മൊശെ പറഞ്ഞു ആറ ഇതു യഹൊവാ നിങ്ങൾക്കാകാശത്തിൽ നിന്നു ഭക്ഷിപ്പാൻ തന്നി
രിക്കുന്ന അപ്പമാകുന്നു എന്നു മൊശെ അറിയിച്ചു-വെള്ളം കുറവായ സമയം
നിങ്ങളെ ദാഹത്താൽ നശിപ്പിപ്പാൻ എന്തിന്നു കൂട്ടികൊണ്ടു വന്നു എന്നു നി
ന്ദിച്ചു പറഞ്ഞപ്പൊൾ മൊശെ യഹൊവയൊടു നിലവിളിച്ചു കല്പനപ്രകാ
രം ദണ്ഡു കൊണ്ടു ഒരു പാറമെൽ അടിച്ചാറെ വെള്ളം വന്നു ജനങ്ങൾക്കു തൃ
പ്തിയും ചെയ്തു-

അങ്ങിനെ സഞ്ചരിക്കുന്ന സമയത്ത അമാലെക്കായ അമലെക്യർ വന്നു യു
ദ്ധം തുടങ്ങി പലരെയും കൊന്നപ്പൊൾ യൊശുവ സൈന്യത്തൊടു കൂടെ അവരു
ടെ നെരെ പൊരുതു-മൊശെ കുന്നിൻ മുകളിൽ കരെറി പ്രാൎത്ഥിച്ചു-കൈ പൊ
ങ്ങിയിരിക്കുമ്പൊൾ ഇസ്രയെല്യൎക്കു വീൎയ്യം വൎദ്ധിച്ചു-കൈ താണ്ടയപ്പൊ
ൾ ശത്രു പ്രബലപ്പെട്ടു-കൈ തളൎന്നു താണ്ടയാറെ അഹറൊനും ഹൂരും ഇരുപുറ
വും നിന്നു മൊശയുടെ കൈകളെ താങ്ങി-അപ്രകാരം അമലെക്യർ തൊ
റ്റു പൊകയും ചെയ്തു-

൧൫. ന്യായപ്രമാണം

അവർ മൂന്നാം മാസത്തിൽ സീനായി മലയുടെ താഴ്വരയിൽ എത്തി അവിടെ
ഒരു വൎഷത്തൊളം പാൎത്തു-ആ വൎഷത്തിന്നകം അവരുടെ ആചാരങ്ങളൊ
ക്കെക്കും ഒരു ക്രമവും സ്ഥിരതയും വന്നു-മൊശെ ദൈവകല്പനപ്രകാരം അവ
രെ ഗൊത്രങ്ങളായും വംശങ്ങളായും വിഭാഗിച്ചു-കാൎയ്യങ്ങളെ നടത്തെണ്ടതിന്നു
മെധാവികളെയും അധിപന്മാരെയും മൂപ്പന്മാരെയും നിശ്ചയിച്ചു ജനങ്ങളെ
ശുദ്ധീകരിച്ചു യുദ്ധം ചെയ്യുവാൻ തക്കവൻ ആകുന്നവൻ എണ്ണപ്പെട്ടു എന്നു ക
ണ്ടു-ദൈവം അവിടെ വെച്ചു തന്നെ അവൎക്കു ന്യായപ്രമാണത്തെ അറിയിച്ചു
രാജ്യവ്യവസ്ഥയെയും ഗൊത്രമൎയ്യാദകളെയും നിശ്ചയിച്ചു ഇപ്രകാരം അവ
ർ ദൈവത്തിന്റെ ജനമായി ഭവിച്ചു-അവർ മലയുടെ താഴ്വരയിൽ ഇറങ്ങി
പാൎത്തു മൊശെ മലമുകളിൽ കയറിയപ്പൊൾ അവനൊടു യഹൊവ ജനങ്ങൾക്കു

ശുദ്ധിയെ കല്പിച്ചു മൂന്നാം ദിവസത്തെക്കു ഒരുങ്ങെ മാറാക്ക ജനങ്ങൾക്കു ചുററും
ഒരു അതിരിനെ നിശ്ചയിച്ചു ഞാൻ അതിനെ അതിക്രമിക്കാതാക്കുക എന്തി
ല്ലെങ്കിൽ മരിക്കും നിശ്ചയം എന്നു കല്പിച്ചു മൊശെ അപ്രകാരം നടത്തി-
മൂന്നാം ദിവസം പുലരുമ്പൊൾ മിന്നലുകളും ഇടിമുഴക്കവും കനത്ത മഴക്കാറും
മഹാ കാഹളശബ്ദവും പർവ്വതത്തിന്മെൽ ഉണ്ടായതിനാൽ താഴെ ഇരിക്കുന്ന ജ
നം നടുങ്ങി- പർവ്വതം അഗ്നിയും പുകയും ചെന്നു ഇളകി കാഹളശബ്ദവും ഏറെറ
വർദ്ധിച്ചാറെ മൊശെ മുകളിൽ കരെറി ദൈവസന്നിധിയിൽ നിന്നു- അപ്പൊ
ൾ യഹൊവാ അരുളിച്ചെയ്തതെന്തെന്നാൽ-
അടിമവീടായ മിസ്രദെശത്തിൽനിന്നു നിന്നെ കൊണ്ടുവന്നവനായ യ
ഹൊവയായ ഞാൻ നിന്റെ ദൈവം ആകുന്നു- ഞാൻ അല്ലാതെ അന്യദൈ
വങ്ങൾ നിനക്കുണ്ടാകരുത്- നിനക്കൊരു വിഗ്രഹത്തെയും യാതൊരു പ്രതി
മയെയും ഉണ്ടാക്കരുത്- അവറെറ കുമ്പിടുകയും സെവിക്കയും അരുത്- നിന്റെ
ദൈവമായ യഹൊവയുടെ നാമം വൃഥാ എടുക്കരുത്- സ്വസ്ഥനാളിനെ ശുദ്ധി
കരിപ്പാൻ ഓർക്ക ആറു ദിവസം നീ അദ്ധ്വാനപ്പെട്ടു നിന്റെ വെലകൾ ഒക്കയും ചെ
യ്ക- ഏഴാം ദിവസം നിന്റെ ദൈവമായ യഹൊവയുടെ സ്വസ്ഥതയാകുന്നു
അതിൽ നീ ഒരു വെലയും ചെയ്യരുത്- നിന്റെ മാതാപിതാക്കന്മാരെ ബഹു
മാനിക്ക- നീ കുലചെയ്യരുത്- നീ വ്യഭിചാരം ചെയ്യരുത്- നീ മൊഷ്ടിക്ക
രുത്- നിന്റെ കൂട്ടക്കാരന്റെ നെരെ കള്ളസാക്ഷി പറയരുത്- നി
ന്റെ കൂട്ടക്കാരന്നുള്ളത് യാതൊന്നിനെയും മൊഹിക്കരുത്—
ജനങ്ങൾ കാഹളധ്വനിയും ഇടിമുഴക്കവും കെട്ടു മിന്നലും പുകയും കണ്ട
പ്പൊൾ ഞെട്ടി നിന്നു മൊശയൊടു നീ ഞങ്ങളൊടു പറക- ഞങ്ങൾ മരിക്കാ
തിരിക്കെണ്ടതിന്നു ദൈവം ഞങ്ങളൊടു സംസാരിക്കരുത് ദൈവം നി
ന്നൊടു കല്പിക്കുന്നതൊക്കയും ഞങ്ങൾ കെട്ടനുസരിക്കും എന്നു പറഞ്ഞപ്പൊ
ൾ യഹൊവ മൊശയൊടു അവർക്കും മക്കൾക്കും എന്നും നന്മ വരെണ്ടതിന്നു എ
ന്നെ ഭയപ്പെട്ടു എൻ കല്പനകളൊക്കയും പ്രമാണിപ്പാൻ തക്ക ഹൃദയം ഉ
ണ്ടായാൽ കൊള്ളാക്കുന്നു എന്നു കല്പിച്ചു- മൊശെ മലമുകളിലെ മെഘ

ത്തിൽ ൪൦ രാപ്പകൽ പാൎത്തു യഹോവ സകല വചനങ്ങളെയും പറഞ്ഞു തീ
ൎന്ന ശെഷം തിരുവിരൽ കൊണ്ടു സാക്ഷ്യത്തിന്നു ആധാരമായി എഴുതിയ ര
ണ്ടു കല്പലകകളെ മൊശെക്ക കൊടുക്കയും ചെയ്തു—

മൊശെ അവറെറ എടുത്തു മലയിൽനിന്നു ഇറങ്ങി പാളയത്തിൽ എത്തിയാ
റെ ജനക്കൊക്കെ ജനം ഒരു കാളക്കുട്ടിയുടെ സ്വരൂപം തീൎത്തു അതിനെ പ്ര
ദക്ഷിണം വെച്ചും നൃത്തം ചെയ്തും പാടിക്കളിച്ചും വണങ്ങുന്നതിനെ കണ്ടിട്ടു
ക്രുദ്ധിച്ചു കല്പലകകളെ ചാടി പൊട്ടിച്ചു— അഹരൊനൊടു നീ ഈ ജനത്തി
ന്മെൽ ഇത്ര വലിയ പാപത്തെ വരുത്തുവാൻ അവർ നിന്നൊടു എന്തു ചെ
യ്തു എന്നു പറഞ്ഞപ്പൊൾ അഹരൊൻ എൻ കൎത്താവിന്റെ കൊപം ജ്വ
ലിച്ചു വരരുതെ— ഈ ജനം ദൊഷത്തിൽ ഇരിക്കുന്നു എന്നു നീ അറിയു
ന്നുവല്ലൊ നീ മലമെൽ താമസിച്ചപ്പൊൾ അവർ എന്നൊടു ഞങ്ങളെ മി
സ്രയിൽനിന്നു പുറപ്പെടുവിച്ച മൊശെക്കു എന്തു സംഭവിച്ചു എന്നു അറിയു
ന്നില്ല ഞങ്ങൾക്കു മുന്നടക്കെണ്ടതിന്നു ദെവന്മാരെ ഉണ്ടാക്കെണം എന്നു പറഞ്ഞാ
റെ ഞാൻ സ്ത്രീകളും കുട്ടികളും മുതലായവർ കാതിൽ ഉള്ള പൊൻകുണുക്കുകൾ എല്ലാം വാങ്ങി വാൎപ്പി
ച്ചു കാളക്കുട്ടിയുടെ സ്വരൂപം തീൎപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു— പിന്നെ മൊശെ
ആ വിഗ്രഹത്തെ എടുത്തു തീയിൽ ഇട്ടു ചുട്ടു പൊടിച്ചു പൊടിയെ വെള്ളത്തി
ൽ വിതറി ഇസ്രയെല്യരെ കുടിപ്പിച്ചതിന്റെ ശെഷം അവൻ മലമുക
ളിൽ കരെറി യഹൊവയൊടു അല്ലയൊ ദൈവമെ ഈ ജനം മഹാപാപം
ചെയ്തു തങ്ങൾക്കു പൊന്നു കൊണ്ടു ഒരു ദെവനെ ഉണ്ടാക്കിയിരിക്കുന്നു— ഇപ്പൊ
ൾ അവരുടെ പാപത്തെ ക്ഷമിച്ചു കൊണ്ടാലും അല്ലാഞ്ഞാൽ നീ എഴുതി
യ പുസ്തകത്തിൽനിന്നു എന്നെ മാച്ചു കളയെണമെ എന്നു പ്രാൎത്ഥിച്ചാറെ
യഹൊവ നീ പൊയി ഞാൻ കല്പിച്ചിട്ടുള്ള സ്ഥലത്തെക്കു ജനത്തെ നട
ത്തുക ഞാൻ എന്റെ ദൂതനെ നിന്റെ മുമ്പിൽ നടത്തും— സന്ദൎശിക്കുന്ന സമയത്തു
ഞാൻ അവരുടെ പാപത്തെ വിചാരിക്കും എന്നു പറഞ്ഞ ശെഷം മൊശെ
ഉടഞ്ഞ കല്ലുകൾ പ്രകാരം മുമ്പെ പൊലെ രണ്ടു കല്പലകകളെ ചെത്തി എടുത്തു
പിറ്റെ ദിവസം രാവിലെ പിന്നെയും മലമെൽ കരെറി ൪൦ രാപ്പകൽ

ദൈവസന്നിധിയിൽ വാങ്ങിയ യെഹോവ നിയമത്തിന്റെ രണ്ടു കല്പ
ലകകളിന്മേൽ എഴുതി കൊടുക്കയും ചെയ്തു—

(൧൫)· രാജ്യമൎയ്യാദകളും മതാചാരങ്ങളും

മുൻപറഞ്ഞ പത്തുവാക്യങ്ങളല്ലാതെ ദൈവം നാട്ടുമൎയ്യാദകളെയും മതാ ചാരങ്ങളെയും സങ്കല്പിച്ചു - ത്യാജ്യഭക്ഷണം അശുദ്ധം എന്നു വെച്ചു അതിനെ തിന്മാൻ വിരോധിച്ചു - വിവാഹം അവകാശം കൃഷി മുതലായ വറ്റിന്നും ഒരൊ വെപ്പുകളെ നിശ്ചയിച്ചു - കുലവുകുല തുടങ്ങിയുള്ള അപ രാധങ്ങൾക്കും അതാതു ശിക്ഷകളെ കല്പിച്ചു - യുദ്ധം ചെയ്യുന്നവർ മാതാപി താക്കന്മാർ വിധവമാർ അനാഥർ ദരിദ്രർ കുരുടർ ഊമർ ദാസർ എന്നി വൎക്കും വെവ്വെറെ ചട്ടങ്ങളെ നിയമിച്ചു - പക്ഷിക്കൂടുകളെയും ഫലവൃക്ഷങ്ങ ളെയും പണിക്കാളകളെയും കുറിച്ചും ഒരൊന്നു നിശ്ചയിച്ചു - രണ്ടാകാള ളിൽ ഉഴ താവിത് - മെതിക്കുന്ന കാളയുടെ വായി കെട്ടരുത് - ഫലവൃക്ഷ ങ്ങളെ നഷ്ടമാക്കരുത് - പക്ഷിക്കൂടു കിട്ടിയാൽ കുട്ടിയൊടു കൂടയുള്ള തള്ള യെ എടുക്കാതെ വിട്ടുകളയെണ്ടു ഇപ്രകാരം ചെയ്താൽ ദീൎഘായുസ്സുണ്ടാ കും പൈനവാക്കും ശത്രുവിന്റെ ഒരു കാളയൊ കഴുതയൊ ചുമടൊടു കൂട വീണു കിടക്കുന്നതു കണ്ടാൽ സഹായിക്കേണം - ചെകിടനെ ശപിക്ക രുത് - നിന്റെ ദൈവത്തെ ഭയപ്പെട്ടിട്ടു കുരുടന്നു വഴിയിൽ ഒരു വിഘ്നം വെക്കരുത്—

മൊശയുടെ ഗൊത്രക്കാരായ ലെവ്യൎക്കു പ്രത്യെകം സ്ഥാനമാനങ്ങൾ ല ഭിച്ചു - ദൈവകല്പനപ്രകാരം അഹരൊനും സന്തതിക്കും ആചാൎയ്യസ്ഥാ നത്തിലാക്കി - ജനത്തിന്റെ ഉപദെഷ്ടാക്കന്മാർ വൈദ്യർ മുതലായവർ എല്ലാവരും ലെവിഗൊത്രക്കാർ തന്നെ - മഹാചാൎയ്യവൃത്തി നടത്തെണ്ടു ന്നതിന്നു അഹരൊന്നു അഭിഷെകവും വിശുദ്ധവസ്ത്രങ്ങളും സാധിച്ചു മൊശെ ആരാധനെക്കു വെണ്ടി ശൊഭയുള്ള ഒരു കൂടാരത്തെ തീൎപ്പിച്ചു - അതിൽ ഉൾമുറിയായ അതിവിശുദ്ധസ്ഥലത്തെ വെച്ചിട്ടു പൊൻ പൊതിഞ്ഞ പെട്ടിയിൽ ദൈവം എഴുതിച്ച രണ്ടു കല്പലകകൾ

ഉണ്ടാക്കിരുന്നു- പുറമ്മതിയാകുന്ന ശുദ്ധസ്ഥലത്തിൽ ആചാൎയ്യൻ ദിവസെന ധൂപം കാട്ടി പ്രാൎത്ഥനയെയും കഴിച്ചുവന്നു- കൂടാരത്തിന്നു ചുറ്റുമുള്ള പ്രാകാരത്തിൽ ആചാൎയ്യർ ജനങ്ങൾ കൊണ്ടുവന്ന മൃഗങ്ങളെ അറുത്ത ബലികഴിക്കയും ചെയ്തു- ഈ അവസ്ഥയെ തൊട്ടു ദൈവം കല്പിച്ചതിൻപ്രകാരം ആരെങ്കിലും ഹോമബലിയൊ ആഹാരബലിയൊ സ്തോത്രബലിയൊ കഴിപ്പാൻ ഭാവിച്ചാൽ ആയതിനെ ഞാൻ നിശ്ചയിച്ച പ്രകാരത്തിലും സ്ഥലത്തിലും കഴിക്കെണം- [illegible] അപരാധങ്ങൾക്കായിക്കുറ്റബലികളും പരിഹാരബലികളും നിശ്ചയിച്ചിട്ടുണ്ടായിരുന്നു—

വൎഷന്തൊറും എല്ലാപുരുഷന്മാരും കൂടിവരെണ്ടുന്ന മൂന്നു ഉത്സവങ്ങൾ ഉണ്ടു ൧. മിസ്രയിൽ നിന്നുള്ള പുറപ്പാടിനെ സ്മരിപ്പിക്കുന്ന പെസഹ പെരുന്നാൾ അതിൽ ഇസ്രയെല്യർ എല്ലാവരും ആചാൎയ്യന്മാർ എന്നപൊലെ ഒരൊ ആട്ടിൻകുട്ടിയെ ബലികഴിച്ചു രക്തം തളിച്ചു മാംസം ഭക്ഷിക്കയും പുതിയധാന്യത്തെ കൊണ്ടുവന്ന ദൈവത്തിന്നു വഴിപാടായി വെക്കയും ചെയ്യും ൨. സീനായിപൎവ്വതത്തിൽ നിന്ന കല്പിച്ചുകൊടുത്ത ന്യായപ്രമാണത്തെ ഓൎമ്മവെച്ചിരുന്ന പെന്തെകൊസ്താ പെരുന്നാൾ എന്നു കൊയ്ത്തിൻ വഴിപാടിനെ കഴിക്കുന്നതല്ലാതെ പുളിപ്പുള്ള രണ്ടു അപ്പങ്ങളെയും അൎപ്പിക്കും- ൩. കൂടാരനാൾ അതിൽ ജനങ്ങൾ കുരുത്തൊല മുതലായ സാധനങ്ങളെ കൊണ്ടു കുടിലുകളുണ്ടാക്കി എഴുദിവസം സഞ്ചാരികൾ എന്നപൊലെ പാൎത്തു പൂൎവ്വന്മാരെ മരുഭൂമിയിൽ കൂടെ രക്ഷിച്ചു അവകാശദേശത്തിൽ ആക്കിയതിനെ ഓൎത്തു പറമ്പുകളിൽ ഉള്ള മുന്തിരിങ്ങാ മുതലായ അനുഭവങ്ങളെ എടുത്തതിൻ [illegible]അനാൽ സ്തുതിച്ചു സന്തൊഷിക്കയും ചെയ്യും-

൨൩. ദുൎമ്മൊഹികളുടെ ശവക്കുഴികൾ-

ഇസ്രയെല്യർ എകദെശം ഒരുവൎഷം സീനായിമലയുടെ താഴ്വരയിൽ പാൎത്തു പെസഹപെരുന്നാൾ കൊണ്ടാടിയശെഷം ഒരു ദിവസം സാക്ഷികൂടാരത്തിൻ മീതെ ഇരുന്ന മെഘസ്തംഭം ഉയൎന്നു വാഗ്ദത്തം ചെയ്യപ്പെട്ട ദെശത്തെക്ക യാത്രയാകുവാൻ ജനങ്ങൾ ഒരുങ്ങി സന്തൊഷത്തൊടെ പുറപ്പെട്ടു- മൂന്നുദിവസം

മാത്രം സഞ്ചരിച്ചാറെ തങ്ങൾ മിസ്രയിൽ നിന്നു കൂടെ വന്ന ഹീനജനങ്ങൾ ഇറ
ച്ചിയെ മോഹിച്ചു മുഷിച്ചിലായപ്പോൾ ഇസ്രയേല്യരും സങ്കടപ്പെട്ടു കരഞ്ഞു മാം
സം എങ്ങിനെ കിട്ടും മിസ്രയിൽ വെറുതെ ഭുജിച്ചു തിന്ന മത്സ്യങ്ങളെയും വെള്ള
രിക്ക- വത്തക്ക- ഉള്ളി മുതലായവറ്റെയും ഓൎക്കുന്നു ഇപ്പോൾ ഈ മന്നയല്ലാ
തെ മറ്റൊന്നും കാണ്മാനില്ല- എന്നു പിറുപിറുത്തു പറഞ്ഞു- അപ്പോൾ യഹോ
വയിങ്കൽ കരഞ്ഞു ആഗ്രഹിച്ച പ്രകാരം നാളെ മാംസത്തെ തരും നിങ്ങളുടെ ന
ടുവിൽ ഇരിക്കുന്ന യഹോവയെ വെറുത്തിട്ടു ഞങ്ങൾ മിസ്രയിൽനിന്നു പുറപ്പെ
ട്ടു പോന്നത് എന്തിന്നു എന്നു പറഞ്ഞതിനാൽ ഒന്നും രണ്ടും പത്തും ഇരുപതും
ദിവസം അല്ല ഒരു മാസം മുഴുവനും തന്നെ അറെപ്പു വരുവോളം മാംസത്തെ
ഭക്ഷിപ്പാറാക്കാം എന്നു കല്പിച്ചു- അതിന്നു മോശെ ആറു ലക്ഷം ഭടന്മാരായു
ള്ള ജനത്തിന്നു ഒരു മാസം മുഴുവനും ഇറച്ചി കൊടുപ്പാൻ എങ്ങിനെ എന്നു
സംശയിച്ചു പറഞ്ഞപ്പോൾ യഹോവ എൻ കൈ കുറുകിപ്പോയൊ എൻ
വാക്കിൻ പ്രകാരം വരുമൊ ഇല്ലയൊ എന്നതു ഇപ്പോൾ കാണ്മാറാകും കാറ്റിനെ അ
യച്ചു കടലിൽനിന്നു കാടക്കൂട്ടങ്ങളെ പാളയത്തിന്മേൽ വരുത്തിച്ചു ഭൂമി
യിൽനിന്നു രണ്ടു മുഴം ഉയരത്തിൽ പറപ്പിച്ചു- ജനം രണ്ടു ദിവസം മുഴുവനും
കാടകളെ പിടിച്ചു കൂട്ടി- ഭക്ഷിച്ചു തീരും മുമ്പെ ഒരു കഠിന ബാധ ഉണ്ടാക്കി അ
നെകം ആളുകൾ മരിച്ചു അവരെ അവിടെ തന്നെ കുഴിച്ചിട്ടതിനാൽ ആ സ്ഥല
ത്തിന്നു മോഹക്കുഴികൾ എന്നു പേർ വരികയും ചെയ്തു—

൨൭. ഒററുകാർ

ഇസ്രയേല്യർ പാറാൻ വനത്തിൽ എത്തിയപ്പോൾ മോശെ ഓരോ ഗോത്രത്തിൽ
നിന്നു ഒരാളെ നിശ്ചയിച്ചു കനാൻ ദേശം പോയി നോക്കി ഗുണദോഷങ്ങളെ
യും മനുഷ്യവിശേഷങ്ങളെയും മറ്റും കണ്ടറിയേണ്ടതിന്നു പറഞ്ഞയച്ചു- അവ
ർ തെക്കെ അതിരിൽനിന്നു പുറപ്പെട്ടു വടക്കെ അതിരോളം സഞ്ചരിച്ചു ശോധ
ന കഴിച്ചു ഉറുമാമ്പഴങ്ങളെയും അത്തിപ്പഴങ്ങളെയും തണ്ടിൽ കെട്ടിയ മുന്തിരി
ങ്ങാക്കുലകളെയും കൂട വഹിച്ചു ഒരു മണ്ഡലം കഴിഞ്ഞ ശേഷം മടങ്ങി പാളയത്തി
ൽ വന്നു വൎത്തമാനം അറിയിച്ചു ഫലങ്ങളെയും കാണിച്ചു- നാം ചെന്ന ദേശ

അപ്പൂദെശത്തെക്കുറിച്ചു വൊഷിവന്നതു നല്ലതു തന്നെ അതിൽ പാലും തെനും ഒഴുകുന്ന വഴികളും ഉണ്ടാ എങ്കിലും അതിൽ പാർക്കുന്ന ജനങ്ങൾ ബലവാന്മാർ നഗരങ്ങൾക്കു വളിപ്പവും ഉറപ്പും ഉണ്ടു അവിടെ ഉള്ള ജനങ്ങളുടെ നെരെ നാം വെട്ടുക്കിളികൾ അത്രെ എന്നും മറ്റും പറഞ്ഞാറെ ജനങ്ങൾ എല്ലാവരും ഭയപ്പെട്ടു അയ്യൊ മിസ്രയിൽ വെച്ചു മരിച്ചു എങ്കിൽ കൊള്ളാമായിരുന്നു നാം ഒരു തലവനെ ഉണ്ടാക്കി മടങ്ങി പൊക എന്നും മറ്റും തങ്ങളിൽ സംസാരിച്ചു- ഒറുകാരായ യൊശുവും കാലെബും അപ്രകാരം അരുത് ഭയം ഒട്ടും വെണ്ടാ യഹൊവ തുണയായാൽ ആ ദെശക്കാരെ ജയിപ്പാൻ കഴിയും നിശ്ചയം എന്നു പറഞ്ഞപ്പൊൾ ഇവരെ കല്ലെറിയിൻ എന്നു ജനസംഘങ്ങൾ ഒക്കയും വിളിച്ചു പറഞ്ഞാറെ യഹൊവയുടെ തെജസ്സു കൂടാരത്തിൽ പ്രകാശിച്ചു വെറ ജനം എത്രൊടം എന്നെ നിരസിക്കും ഞാൻ അവരുടെ ഇടയിൽ ചെയ്ത അടയാളങ്ങളെ കണ്ടിട്ടും വിശ്വസിക്കാതെ ഇരിക്കും- അവർ ഞാൻ കെൾക്കെ പറഞ്ഞ പ്രകാരം തന്നെ ഞാൻ അവരൊടു ചെയ്യും- അവർ എന്നെ പത്തു വട്ടം പരീക്ഷിച്ചതു കൊണ്ടു അവർ ആരും വാഗത്ത ദെശത്തെ കാണുകയില്ല നിശ്ചയം- കാലെബും യൊശുവും എന്നെ അനുസരിച്ചതിനാൽ ആ ദെശത്തിൽ പ്രവെശിക്കും- അതല്ലാതെ ഇവയസ്സിന്നു മെല്പെട്ടുള്ളവർ എല്ലാവരും ഈ വനത്തിൽ തന്നെ മരിച്ചു വീഴും- കാവൽ പൊകും എന്നു പറഞ്ഞിട്ടുള്ള നിങ്ങളുടെ മക്കൾ നിങ്ങളുടെ ദൊഷം നിമിത്തം ൪൦ സംവത്സരം മരുഭൂമിയിൽ സഞ്ചരിച്ചു ശെഷം ഞാൻ കനാനിൽ വരുത്തി നിങ്ങൾ നിരസിച്ചതിനെ അനുഭവിക്കുമാറാക്കും- എന്നു യഹൊവ കല്പിച്ചു- ജനങ്ങൾ മടങ്ങി ഒരൊ സ്ഥലത്തിൽ വച്ചു ശിക്ഷയെ അനുഭവിക്കയും ചെയ്തു-

൨൭. ഇസ്രയെല്യരുടെ പിറുപിറുപ്പു-

അവർ ദൈവത്തിന്റെ വിധിയെ കെട്ടിട്ടു മരുഭൂമിയിൽ സഞ്ചരിച്ചപ്പൊൾ ലെവി ഗൊത്രത്തിൽ കൊരഹ രൂബെനിൽ ദാഥാൻ അബിരാം ഇങ്ങിനെ മൂന്നു പ്രഭുക്കന്മാരും തലവന്മാർ ൨൫൦ പെരും ദ്രൊഹം വിചാരിച്ചു കൂട്ടി കൂടി മൊശെ അഹരൊൻ എന്നവരൊടു നിങ്ങളുടെ വാഴ്ച ഇപ്പൊൾ

മതിസഭയെല്ലാവരും ശുദ്ധമുള്ളവർ യഹോവ അവരിൽ ഉണ്ടു പിന്നെ നിങ്ങൾ യഹോവയുടെ സംഘത്തിന്മേൽ ഉയൎന്നുകൊള്ളുന്നത് എന്ത് എന്നു മത്സരിച്ചു പറഞ്ഞപ്പോൾ മോശെ നിങ്ങൾ കലശങ്ങൾ എടുത്തു നാളെ ധൂപം കാട്ടുവിൻ അപ്പോൾ യഹോവെക്ക ബോധിക്കുന്നവൻ ശുദ്ധൻ ആർ എന്നറിയും എന്നു പറഞ്ഞതു കേട്ടു-പിറെറനാൾ കോരഹ മുതലായവർ സഭയൊടുകൂട കൂടാരവാതില്ക്കൽ നിന്നപ്പോൾ യഹോവ ഈ മത്സരക്കാരുടെ ചുററിൽ നിന്നു മാറി നില്പിൻ ഞാൻ അവരെ ക്ഷണത്തിൽ സംഹരിക്കും എന്നു കല്പിച്ചു ഉടനെ ഭൂമി പിളൎന്നു അവരെയും അവരോടു കൂടയുള്ളവരെയും സകല സമ്പത്തുകളെയും വിഴുങ്ങിക്കളഞ്ഞു-പിന്നെ കൂടാരവാതിക്കൽ ധൂപം കാട്ടിക്കൊണ്ടിരുന്ന ൨൫൦ പേരെയും അഗ്നി ദഹിപ്പിച്ചു-ജനങ്ങൾ മോശെ അഹരൊന്മാരെ വെറുത്തു നിങ്ങൾ തന്നെ ഇവൎക്കു നാശം വരുത്തിയത് എന്നു പറഞ്ഞപ്പോൾ യഹോവയിൽനിന്നു ഒരു ബാധ പുറപ്പെട്ടു വന്നു ബാധിച്ചു-൧൪൭൦൦ പേർ മരിക്കയും ചെയ്തു—

അനന്തരം അവർ കാദെശിൽ പാൎത്തു വെള്ളം ഇല്ലായ്കകൊണ്ടു മോശെ അഹരൊന്മാരോടു മത്സരിച്ചപ്പോൾ യഹോവ പ്രത്യക്ഷനായി ഈ ജനസംഘത്തെയും കാണ്കെ നീ പാറയോടു പറക എന്നാൽ വെള്ളം ഒഴുകും എന്നു കല്പിച്ചു അപ്രകാരം മോശയും അഹരോനും അവരെ കൂട്ടിയപ്പോൾ മോശെ കൈയിൽ ഹെ കലഹക്കാരെ ഈ പാറയിൽനിന്നു നിങ്ങൾക്കു വെള്ളം പുറപ്പെടിക്കാമൊ എന്നു പറഞ്ഞു പാറയെ രണ്ടടിച്ചു ഉടനെ വെള്ളം വളരെ പുറപ്പെട്ടു ജനസംഘവും മൃഗങ്ങളും കുടിച്ചു-പിന്നെ യഹോവ അവരോടു നിങ്ങളും വിശ്വസിക്കാതെ സംശയിച്ചിട്ട് എന്നെ ഈ സഭയുടെ മുമ്പാകെ ബഹുമാനിക്കായ്കകൊണ്ടു നിങ്ങൾ ഇവരെ വാഗ്ദത്ത ദേശത്തിൽ പ്രവേശിപ്പിക്കയില്ല എന്നു കല്പിച്ചു-അന്നു മുതൽ ആ സ്ഥലത്തിന്നു വിവാദവെള്ളം എന്നു പേർ വരികയും ചെയ്തു—

അവർ ൪൦ാം വൎഷത്തിൽ എദോം രാജ്യം ചുററി നടന്നു വലഞ്ഞ സമയം ഈ വനത്തിൽ മരിപ്പാൻ ഞങ്ങളെ എന്തിന്നു കൂട്ടിക്കൊണ്ടു വന്നു അപ്പവും വെള്ളവും ഇല്ല-ഈ നിസ്സാര ഭക്ഷണത്തിൽ (മനസ്സിൽ) ഉഴച്ചു വരുന്നു എന്നു പിറുപിറു

ആ പറഞ്ഞപ്പൊൾ യഹൊവ ജനങ്ങളുടെ ഇടയിൽ സൎപ്പങ്ങളെ അയച്ചു അ
വ കടിച്ചു പല ജനങ്ങൾ മരിച്ചു - അപ്പൊൾ അവർ വന്നു മൊശയൊടു ഞങ്ങൾ
പാപം ചെയ്തിരിക്കുന്നു ഈ സൎപ്പങ്ങളെ നീക്കെണ്ടതിന്നു നീ യഹൊവയൊടു അ
പെക്ഷിക്കെണമെ എന്നു പറഞ്ഞു - മൊശെ അവൎക്കു വെണ്ടി പ്രാൎത്ഥിച്ചാറെ പി
ച്ചള സൎപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മെൽ തൂക്കുക കടിയെറ്റവൻ അതി
നെ നൊക്കുമ്പൊൾ ജീവിക്കും എന്നു യഹൊവ കല്പന പ്രകാരം മൊശെ ചെ
മ്പു കൊണ്ടു സൎപ്പത്തെ തീൎത്തു കൊടിമെൽ തൂക്കിച്ചു അതിനെ നൊക്കിയവ
ർ എല്ലാവരും ജീവിക്കയും ചെയ്തു -

൧൬. ബിലെയാം -

അനന്തരം ഇസ്രാഎയൽ പിന്നെയും കനാൻ ദെശത്തിന്റെ അതിൎത്തിക്കടു
ത്തു അമൊൎയ്യ രാജാവായ സീഹൊനെയും ബാശാനിൽ വാഴുന്ന ഒഗിനെയും
ജയിച്ചു യൎദ്ദെൻ നദി തീരത്തിൽ പാളയം ഇറങ്ങി പാൎക്കുമ്പൊൾ മൊവബ രാ
ജാവായ ബാലാക്ക മെസൊപതാമ്യയിൽ പാൎത്തുവരുന്ന ബിലെയാം എന്ന പ്ര
വാചകനെ വിളിപ്പാൻ സമ്മാനങ്ങളൊടു കൂട ദൂതരെ അയച്ചു നീ വന്നു എന്റെ
നെരെ പാൎക്കുന്ന ഈ വലിയ ജനസംഘത്തെ ശപിക്കെണം എന്നു പറയിച്ചു
പിന്നെ യഹൊവ രാത്രിയിൽ ദൂതരൊടു കൂട പൊകയും ഞാൻ അനുഗ്രഹി
ച്ച ജനത്തെ ശപിക്കയും അരുത് എന്നു കല്പിച്ചത് കെട്ടു അവൻ കൂട പൊകാതെ
ദൂതരെ വിട്ടയച്ചു - മൊവബ രാജാവ് രണ്ടാമതും ശ്രെഷ്ഠന്മാരെ നിയൊഗി
ച്ചു വരെണം മാനവും ധനവും പലതും ഉണ്ടാകും എന്നു പറയിച്ചപ്പൊൾ ബിലെയാം സ
മ്മതിച്ചു കഴുതക്കയറി ശ്രെഷ്ഠന്മാരൊടു കൂട പുറപ്പെട്ടു പൊകുമ്പൊൾ യഹൊ
വയുടെ ദൂതൻ വഴിക്കൽ അവനെ തടുത്തു നിന്നു അവൻ വാൾ ധരിച്ചു വഴി
യിൽ നില്ക്കുന്നതു കഴുത കണ്ടു വയലിലെക്ക പൊയാറെ ബിലെയാം അടിച്ചു വഴിക്ക
ലാക്കി കഴുത പിന്നെയും ദൂതനെ കണ്ടിട്ടു വീണപ്പൊൾ ബിലെയാം കൊപിച്ചു അടി
അടിക്കുമാറെ കഴുത അവനൊടു നീ എന്നെ അടിപ്പാൻ ഞാൻ എന്തു ചെ
യ്തിരിക്കുന്നു എന്നു മനുഷ്യവചനത്താൽ പറഞ്ഞു - അതിന്റെ ശെഷം ദൈ
വം ബിലെയാമിന്റെ കണ്ണു തുറന്നു അവൻ വാൾ ഊരി നില്ക്കുന്ന ദൂതനെ കണ്ടു - ...

ലാക്കിന്റെ അടുക്കെ പൊകുവാൻ ശങ്കിച്ചപ്പൊൾ ദൈവദൂതൻ നീ പൊക എ
ങ്കിലും ഞാൻ പറയിക്കുന്നത മാത്രമെ പറയാവു എന്ന കല്പിക്കയും ചെയ്തു—
ബിലെയ്യാം ബാലാക്കിന്റെ അടുക്കെ എത്തി ബലികഴിച്ചു അവനൊടുകൂടെ
ഒരു മലമെൽ കരെറി ഇസ്രായെല്യരെ കണ്ടപ്പൊൾ ദൈവം ശപിക്കാത്തവനെ ഞാ
ൻ എങ്ങിനെ ശപിക്കും ദൈവം വെറുക്കാത്തവനെ ഞാൻ എങ്ങിനെ വെറുക്കും
അനുഗ്രഹിപ്പാൻ എനിക്ക കല്പിച്ചിരിക്കുന്നു അവൻ അനുഗ്രഹിച്ചും ഇരിക്കുന്നു. ഇ
തിനെ എനിക്ക മാറ്റിക്കൂടാ എന്ന പറഞ്ഞു എഴുവട്ടം അനുഗ്രഹിച്ചാറെ ബാലാ
ക്ക ശപിപ്പാനാക്കി ഞാൻ നിന്നെ വരുത്തി ഇതാ നീ അവരെ മുറ്റും അനുഗ്രഹി
ച്ചു നീ മടങ്ങി പൊക നിന്നെ മാനിപ്പാൻ എനിക്ക മനസ്സായി എങ്കിലും ദൈവം
നിന്നെ മാനത്തിൽനിന്ന മുടക്കി ഇരിക്കുന്നു എന്ന കല്പിച്ചപ്പൊൾ ബിലെയ്യാം തന്റെ
നാട്ടിലെക്ക തിരിച്ചു പൊയി അതിന്റെ ശെഷം മൊവാബ്യർ ഇസ്രായെ
ല്യരൊട്ട പടകൂടി തൊറ്റു സൈന്യം എല്ലാം പട്ടുപൊകയും ചെയ്തു—

൩൦. മൊശയുടെ മരണം

മിസ്രയിൽനിന്ന പുറപ്പെട്ടു പൊയ പുരുഷന്മാരിൽ യൊശുവും കാലെബും ഒഴി
കെ എല്ലാവരും വനത്തിൽ വെച്ചു മരിച്ചതിന്റെ ശെഷം യഹൊവ മൊശെ
യൊടു നീ അബരീം എന്ന മലമെൽ കരെറി ഞാൻ ഇസ്രായെല്യൎക്ക കൊടുക്കു
ന്ന ദെശത്തെ നൊക്കുക കണ്ണാലെ നീ അതിനെ കാണും എങ്കിലും നീ അതിലെക്ക
പ്രവെശിക്ക ഇല്ല എന്ന കല്പിച്ചത കെട്ടാറെ മൊശെ ദൈവം ചെയ്ത കരുണാപ്ര
വൃത്തികളെയും ഇനി അവർ നടക്കെണ്ടുന്ന ന്യായങ്ങളെയും നിനച്ചു
അനുസരിച്ചാൽ അനുഗ്രഹവും അനുസരിക്കാതിരുന്നാൽ ശാപവും എന്ന
രണ്ടിനെയും മുമ്പിൽ വെച്ചു യഹൊവ നിങ്ങൾക്ക നിന്റെ സഹൊദരന്മാരിൽ നി
ന്ന എന്നൊടു സമനായ ഒരു പ്രവാചകനെ ഉദിപ്പിക്കും അവനെ ചെവികൊ
ള്ളെണം എന്ന അറിയിച്ചാറെ മലമെൽ കരെറി വാഗ്ദത്ത ദെശത്തെ കണ്ട
ശെഷം മരിച്ചു ദൈവം തന്നെ അവന്റെ ശവത്തെ ആരും അറിയാത്ത സ്ഥലത്ത
അടക്കി - മരണസമയത്ത ൧൨൦ വയസ്സുള്ളവൻ എങ്കിലും കണ്ണുകാഴ്ച കുറ
ച്ചു പൊകാതെയും ആരൊഗ്യം വിടാതെയും ഇരുന്നു ഇസ്രായെലിന്റെ വാഴ്ച

നായിൽ അവനെ പൊലെ മറ്റൊരു പ്രവാചകൻ ഉണ്ടായില്ല-

൩൯. യൊശു

യഹൊവ മൊശയൊടു ഇരുന്ന പ്രകാരം യൊശുവൊടു കൂടെ ഇരുന്നു- മൊശെ
ഇസ്രയെല്യരെ ചെങ്കടലൂടെ നടത്തിയ പ്രകാരം തന്നെ അവൻ അവരെ
യൎദ്ദൻ പുഴയെ കടത്തി- ആചാൎയ്യർ ദൈവകല്പനെക്കനുസരിച്ചു സാക്ഷി
പെട്ടകം എടുത്തു ആ പുഴക്കിൽ ഇറങ്ങിയപ്പൊൾ വെള്ളം തെറ്റുത്തുനിന്നു
താഴെ വെള്ളം വാൎന്നു ജനങ്ങൾ എല്ലാവരും കടന്നതിന്നാറെ പുഴ മുമ്പെ
പൊലെ തന്നെ ഒഴുകി- അതിന്റെ ശെഷം അവർ ഉറപ്പുള്ള യറിഹൊ
പട്ടണത്തിന്നു സമീപിച്ചു വളഞ്ഞതിന്നാറെ യഹൊവ യൊശുവൊടു ഉരൊ
ഞാൻ ഈ പട്ടണത്തെയും രാജാവെയും നിന്റെ വശത്തിൽ ഏല്പിച്ചിരിക്കുന്നു
എന്നു കല്പിച്ചപ്പിന്നെ ആചാൎയ്യന്മാർ സാക്ഷിപെട്ടിയെ എടുത്തു മുന്നട
ന്നും പടജ്ജനങ്ങൾ പിന്നൊന്നും കൊണ്ടു ഇങ്ങിനെ ൬ ദിവസം പട്ടണത്തെ വ
ലം വെച്ചു ൭ാം ദിവസത്തിൽ ആചാൎയ്യർ കാഹളങ്ങളെ ഊതിയ ശെഷം
യൊശു ആൎത്തുകൊൾവിൻ ദൈവം ഈ പട്ടണം നമുക്കു തന്നിരിക്കുന്നു എന്നു
ജനത്തൊടു കല്പിച്ചു- അവർ ആൎത്തുകൊണ്ടു കാഹളം ഊതിയപ്പൊൾ പട്ട
ണത്തിന്റെ മതിലുകൾ ഇടിഞ്ഞു വീണു പുരുഷാരം എല്ലാം അകത്തു കടന്നു
ജനങ്ങളെ വധിച്ചു ഭവനങ്ങളെ ചുട്ടുകളകയും ചെയ്തു-

ഈ പ്രകാരം ദൈവം ഇസ്രയെല്യൎക്കു തുണനിന്നു കനാൻ ദെശത്തിലെ എല്ലാ
രാജാക്കന്മാരും പ്രഭുക്കന്മാരും തൊറ്റു പൊകും സമയം വരെ നായകനായ
യൊശുവെ നടത്തി അവന്റെ വഴിയെ സാധിപ്പിച്ചു- അയല്യാൻ താഴ്വരയിൽ
പടസമൎപ്പിച്ചു ശത്രുക്കൾ ഉടഞ്ഞു പൊകുവൊളം യൊശുവിന്റെ കല്പനയാ
ൽ ആദിത്യചന്ദ്രന്മാർ അസ്തമിക്കാതെ നിന്നു- അമൊൎയ്യർ സംഹാരത്തിൽ
നിന്നു ഒടിപ്പൊയപ്പൊൾ ദൈവം കല്മഴയെ പെയ്യിച്ചു അവരെ നിഗ്രഹിച്ചു-
ചില വൎഷത്തിന്നകം വാഗ്ദത്ത ദെശത്തെ അടക്കി സ്വാധീനത്തിൽ ആക്കി
യ ശെഷം യൊശു അതിനെ ദൈവകല്പന പ്രകാരം ൧൨ ഗൊത്രങ്ങൾക്കു വിഭാ
ഗിച്ചു കൊടുത്തു- രൂബൻ- ഗാദ്- പാതി മനശ്ശെ എന്നെ രണ്ടര ഗൊത്രക്കാർ

യൎദ്ദൻ നദിക്കു കിഴക്കെ കരയുള്ള ദെശത്തിൽ വസിച്ചു ശെഷിച്ചു ഒമ്പതര ഗൊത്രങ്ങളും നദിയുടെ അക്കരയുള്ള നാടെല്ലാം പ്രാപിച്ചു - ലെവി ഗൊത്രത്തിന്നു ഭൂമ്യവകാശം ഒട്ടും പകരാതെ പാൎക്കെണ്ടതിന്നു ഒരൊരൊ ഗൊത്ര ഭൂമിയിൽ ഒരൊരൊ പട്ടണങ്ങൾ ലഭിച്ചു ശെഷം സാക്ഷി കൂടാരത്തെ ശിലൊ പട്ടണത്തിൽ സ്ഥാപിച്ചു അവിടെ തന്നെ സഭായൊഗവും മറ്റും ഉണ്ടാകയും ചെയ്തു —

യൊശുവ പിന്നെ എല്ലാം തീൎത്ത ൧൧൦ വയസ്സായപ്പൊൾ ഇസ്രയെല്യ പ്രമാണികളെയും മൂപ്പന്മാരെയും ശിഖെം പട്ടണത്തിൽ വരുത്തി ദൈവം ചെയ്ത ഉപകാരങ്ങളെയും എല്ലാം ഓൎമ്മപ്പെടുത്തി ദിവ്യകരാറെ ലംഘിക്കാതെ നിങ്ങൾ യഹൊവയെ സ്നെഹിച്ചും ശങ്കിച്ചും എപ്പൊഴും മുഴുമനസ്സൊടെ സെവിപ്പിൻ - അന്യദെവന്മാരെ സെവിക്കയും മാനിക്കയും അരുത് - യഹൊവ അല്ലാതെ മറ്റൊരു ദൈവം നന്ന എന്ന തൊന്നിയാൽ ഇഷ്ടം പൊലെ പ്രതിഷ്ഠിച്ചു സെവിക്കാം ഞാനും കുഡുംബവും യഹൊവയെ തന്നെ സെവിക്ക ഉള്ളു എന്ന കല്പിച്ചതിന്റെ ശെഷം ജനം എല്ലാം യഹൊവയെ ഉപെക്ഷിച്ചു അന്യദെവകളെ സെവിപ്പാൻ ഒരു നാളും സംഗതി വരരുതെ എന്നു പ്രതിജ്ഞ പറകയും ചെയ്തു —

൩൧. നായകന്മാർ.

യൊശുവ മരിച്ചു ശെഷം ഇസ്രയെല്യർ ഞങ്ങൾ അന്യദെവകളെ അല്ല യഹൊവയെ തന്നെ സെവിക്കും എന്നു പറഞ്ഞ വാക്കു വെഗം മറന്നു കരാറെ ലംഘിച്ചു ഇഷ്ടം പൊലെ ഒരൊ ദെവകളെ പ്രതിഷ്ഠിച്ചു പല വക മഹാ ദൊഷങ്ങളിൽ അകപ്പെട്ടു പൊയി - അവർ ഈ പ്രകാരം ഉള്ള അശുദ്ധ പ്രവൃത്തികളെ നടത്തി കൊണ്ടിരുന്നപ്പൊൾ യഹൊവ അവരെ ശിക്ഷിച്ചു ശത്രുക്കളുടെ കൈയിൽ ഏല്പിച്ചു - അവർ അടങ്ങി അനുതാപം ചെയ്തു ക്ഷമ ചൊദിക്കുന്ന സമയം ദൈവം മനസ്സലിഞ്ഞു നായകന്മാരെ ഉദിപ്പിച്ചു അവരെക്കൊണ്ടു ശത്രുക്കളിൽ നിന്നു രക്ഷ വരുത്തി - ഈ നായകന്മാർ ഏകദെശം ൩൦൦ വൎഷം ഇസ്രയെല്യരിൽ വാണു ശത്രുക്കളെ അമൎത്തു കാൎയ്യാദികളെ നടത്തുകയും ചെയ്തു —

ഒരു സമയത്തു മിദ്യാനർ ഒട്ടകക്കൂട്ടങ്ങളൊടു കൂടെ വന്നു രാജ്യത്തിൽ പരന്നും ജനങ്ങളെ ഒടിച്ചു കൃഷികളെ നശിപ്പിച്ചും കവൎന്നും ൭ വൎഷം ഉപദ്രവം ചെയ്തു

ഇസ്രായെല്യർ സങ്കടപ്പെട്ടു ആവലാതിയൊടെ അപെക്ഷിച്ചപ്പൊൾ ഒരു ദൈവദൂ
തൻ മനശ്ശെ ഗൊത്രക്കാരനായ ഗിദ്യൊന്നു പ്രത്യക്ഷനായി - ഹെ ശൂരവീരനായുള്ളൊ
വെ കർത്താവ് നിന്നൊടു കൂടെ ഉണ്ടു എന്നു പറഞ്ഞപ്പൊൾ ഗിദ്യൊൻ അവനൊ
ടു കർത്താവ് ഞങ്ങളൊടു കൂടെ ഉണ്ടെങ്കിൽ ഇപ്രകാരം വരുമൊ ഞങ്ങളുടെ പിതാക്കന്മാർ
പറഞ്ഞിട്ടുള്ള അതിശയങ്ങൾ എവിടെ എന്നു ചൊദിച്ചപ്പൊൾ ദൈവദൂതൻ അവ
നൊടു കല്പിച്ചു നിന്റെ ശക്തികൊണ്ടു തന്നെ മിദ്യാനരെ ജയിച്ചു ഇസ്രായെല്യ
രെ രക്ഷിക്കുവാൻ ഞാൻ തന്നെ നിന്നെ അയക്കുന്നു എന്നു കല്പിച്ചാറെ ഗിദ്യൊ
ൻ എന്റെ സഹൊദരന്മാരിൽ ചെറിയവനും എളിയവനുമായ ഞാൻ എന്തു
കൊണ്ടു ഇസ്രായെല്യരെ രക്ഷിക്കും എന്നു പറഞ്ഞതിന്നു യഹൊവ ഞാൻ
നിന്നൊടു കൂടെ ഇരിക്കയാൽ മിദ്യാന സൈന്യങ്ങളെ ഒരാളെ പൊലെ ജയിക്കും എന്ന
രുളിച്ചെയ്തു - അനന്തരം ഗിദ്യൊൻ അച്ഛന്റെ ഭവനത്തൊടു ചെൎന്ന ബാൽ
ദെവന്റെ തറയെ നശിപ്പിച്ചു ബിംബത്തെ മുറിച്ചു കളഞ്ഞു - എന്നാ
റെ ജനങ്ങൾ കൊപിച്ചു അവനെ കൊല്ലുവാൻ നൊക്കിയപ്പൊൾ ഗിദ്യൊ
ന്റെ അച്ഛൻ അവരൊടു ബാൽ ദെവന്നു വെണ്ടി വ്യവഹരിക്കുന്നത് എ
ന്തിന്നു അവൻ ദെവനായാൽ കാൎയ്യം താൻ നൊക്കട്ടെ എന്നു പറഞ്ഞു ആ
വരെ ശമിപ്പിച്ചു - പിന്നെ ഇസ്രായെല്യരെ ശത്രുവശത്തിൽ നിന്നു രക്ഷിക്കെണ്ട
തിന്നുള്ള നിയൊഗം ദൈവത്തിൽ നിന്നു തന്നെയൊ എന്നു നിശ്ചയമായി
അറിവാൻ ഗിദ്യൊൻ അടയാളം ചൊദിച്ചു - ഒരു രാത്രിയിൽ ഒരു തൊ
ൽ കളത്തിൽ വെച്ചപ്പൊൾ അതു മാത്രം മഞ്ഞു നനഞ്ഞും ഭൂമി വരണ്ടും കണ്ടു -
പിറ്റെ ദിവസം രാത്രിയിൽ തൊൽ ഉണങ്ങിയും ഭൂമി നനഞ്ഞും കണ്ടാറെ
ദൈവം എന്നെ നിയൊഗിച്ചതു നിശ്ചയം എന്നു പറഞ്ഞു ൩൨൦൦൦ പടജ്ജന
ങ്ങളെ കൂട്ടിയാറെ ജനസംഖ്യ ഏറിയതിന്നു ഭയം ഉണ്ടെങ്കിൽ അവർ മടങ്ങി പൊ
കട്ടെ എന്നെ രക്ഷിച്ചതു എന്റെ കൈ എന്നു പറയാതിരിക്കെണ്ടതിന്നു ഭയമു
ള്ളവർ പൊവാൻ തക്കവണ്ണം അറിയിക്കെണം എന്നു ദൈവം കല്പിച്ചു
ഗിദ്യൊൻ അപ്രകാരം ചെയ്തു ശെഷിച്ചവർ ൧൦൦൦൦ എന്നു കണ്ടാറെ ദൈവ
ം ഇനിയും അധികം ഞാൻ ശൊധന ചെയ്യുന്നവരെ നൊക്കും എന്നു ദൈവ

പറഞ്ഞു ശൊധന കഴിച്ചു വെണ്ടാത്തവരെ അയച്ചു ൩൦൦ പെരെ മാത്രം വാ
ങ്ങിക്കയും ചെയ്തു—

അതിന്റെ ശെഷം ഗിദ്യൊൻ ആ ൩൦൦ പുരുഷന്മാരെ മൂന്നു കൂട്ടമാക്കി പകുത്തു
ഒരൊരുത്തന്റെ വക്കൽ ഒരൊ കാഹളവും ചട്ടികളും ചട്ടിയിൽ ദീവട്ടികളും
കൊടുത്തു സന്നദ്ധമാക്കി മിദ്യാനരുടെ പാളയത്തിൽ അയച്ചു- അവർ രാത്രിയി
ൽ എത്തി എല്ലാവരും കാഹളം ഊതി ചട്ടികളും ഉടെച്ചു ദീവട്ടികളെയും ഉയ൪
ത്തി യഹൊവെക്കും ഗിദ്യൊനും ഉള്ള വാളാകുന്നു എന്നു വിളിച്ചു
ശത്രുക്കൾക്കു ഭയം വരുത്തിയപ്പൊൾ അവർ തങ്ങളിൽ തന്നെ കുത്തി
ചിതറി ഓടിയാറെ ഗിദ്യൊൻ മുതലായവർ പിന്തുടൎന്നു പിടിച്ചു വെട്ടി ഒരു ലക്ഷത്തി
ൽ അധികം ആളുകളെ കൊന്നു കവൎച്ചകളെ കഴിച്ചു- അവൻ മടങ്ങി വ
ന്നാറെ ജനങ്ങൾ അവനെ രാജാവാക്കുവാൻ ഭാവിച്ചപ്പൊൾ അവൻ അപ്രകാ
രം അല്ല യഹൊവ തന്നെ നിങ്ങളുടെ രാജാവാകെണ്ടു എന്നു കല്പിച്ചു തന്റെ
മരണം വരെ ഇസ്രയെല്യൎക്കു സ്വസ്ഥത വരുത്തുകയും ചെയ്തു—

൩൯. രൂത്ത.

ന്യായകന്മാരുടെ കാലത്ത കനാൻ ദെശത്തിൽ ക്ഷാമം ഉണ്ടായപ്പൊൾ ബെ
ത്ലഹെമിൽ പാൎത്തു വരുന്ന എലിമെലെക്ക ഭാൎയ്യയായ നവൂമിയെയും രണ്ടു
പുത്രന്മാരെയും കൂട്ടിക്കൊണ്ടു മൊവാബ ദെശത്തിൽ ചെന്നു പാൎത്തു അവിടെ മ
രിക്കുമ്പൊൾ അവന്റെ പുത്രന്മാർ അൎപ്പാ രൂത എന്ന മൊവാബ്യസ്ത്രീകളെ
വിവാഹം കഴിച്ചു- എലിമെലെക്കും പുത്രന്മാരും മരിച്ച ശെഷം നവൂമി ബെത്ല
ഹെമിൽ മടങ്ങി ചെന്നു മരുമക്കളും കൂട വന്നപ്പൊൾ അവരൊടു നിങ്ങൾ തിരിച്ചു
പൊയി നിങ്ങളുടെ നാട്ടിൽ പാൎത്താൽ കൊള്ളാം എന്നു പറഞ്ഞാറെ ഒൎപ്പാ മടങ്ങി
പൊയി രൂത്തു നിന്നെ വിട്ടു പിരിഞ്ഞിരിപ്പാൻ എന്നൊടു പറയരുതെ നീ പൊകു
ന്നെടത്ത ഞാൻ വന്നു പാൎക്കും നിന്റെ ജനം എന്റെ ജനവും നിന്റെ ദൈ
വം എന്റെ ദൈവവും ആകുന്നു- നീ മരിക്കുന്ന സ്ഥലത്ത ഞാനും മരിക്കും എന്ന
ചൊല്ലി കൂട പൊരുകയും ചെയ്തു—

നവൂമി ബെത്ലഹെമിൽ എത്തിയപ്പൊൾ ജനങ്ങൾ വന്നു കൂടി ഇവൾ നവൂ

മി തന്നെയൊ എന്ന തമ്മിൽ തമ്മിൽ പറഞ്ഞാറെ അവൾ എന്നെ നവൊമി (സുന്ദരി) എന്നല്ല- മാറ (ദുഃഖിത) എന്ന തന്നെ വിളിക്കെണം സമ്പത്തൊടുകൂടെ ഞാൻ പുറപ്പെട്ടു പൊയി ഒന്നും ഇല്ലാത്തവളാക്കി ദൈവം എന്നെ മടങ്ങുമാറാക്കി ഇരിക്കുന്നു എന്ന പറഞ്ഞു- പിന്നെ കൊയ്ത്തുകാലത്ത റൂത്ത കൊയ്യുന്നവർ ഒഴിച്ച ധാന്യങ്ങളെ പെറുക്കുവാൻ പൊയി- ദൈവഗത്യാ എലിമെലെക്കിന്റെ വംശക്കാരനായ ബൊവസ്സിന്റെ വയലിൽ ചെന്ന പെറുക്കി ബൊവസ്സ അവളുടെ അടക്കവും ഉത്സാഹവും കണ്ടു സന്തൊഷിച്ചു ഇന്നവൾ എന്ന ചൊദിച്ചറിഞ്ഞാറെ അവളൊടു നിന്റെ ഭൎത്താവ മരിച്ച ശെഷം നിന്റെ അമ്മാവിയമ്മെക്ക നീ ചെയ്ത ഉപകാരങ്ങളെ ഞാൻ അറികുന്നു- നീ ആശ്രയിച്ചുവന്ന ഇസ്രായെല്യരുടെ ദൈവം നിനക്ക പ്രതിഫലം നല്കട്ടെ എന്ന പറഞ്ഞു കൊയ്യുന്നവരൊടു ഒരൊ മെചഞ്ചുകളെ മാനിച്ചു അവൾ ധാന്യം പെറുക്കട്ടെ എങ്ങിനെ നൊക്കി കൊള്ളിൻ എന്ന കല്പിച്ചു— റൂത്ത വീട്ടിൽ വന്ന അവസ്ഥയെ അറിയിച്ചപ്പൊൾ നവൊമി അവൾ നമ്മുടെ ചാൎച്ചക്കാരൻ തന്നെ അവൻ ജീവിക്കുന്നവൎക്കും മരിച്ചവൎക്കും കാട്ടിയ ദയ ദൈവം ഓൎത്ത അവനെ അനുഗ്രഹിക്കട്ടെ എന്ന പറഞ്ഞതല്ലാതെ അനന്തരം വിവാഹത്തിന്ന യൊഗ്യത ഉണ്ടെന്ന അറിയിച്ചു- മൎയ്യാദപൊലെ റൂത്ത അവനെ ചെന്ന കണ്ടു കാൎയ്യം പറഞ്ഞാറെ അവൻ പ്രസാദിച്ചു അവളെ വിവാഹം കഴിച്ചു- അല്പകാലം കഴിഞ്ഞ ശെഷം അവൎക്ക ഒരു പുത്രൻ ജനിച്ചു അവന്ന ഒബെദ് എന്ന പെർ വിളിച്ചു ഈ ഒബെദ് തന്നെ ദാവിദ് രാജാവിന്റെ മുത്തച്ഛൻ ആകുന്നു—

൩൪. എലിയും ശമുവെലും

നായകന്മാരുടെ ശെഷം മഹാചാൎയ്യനായ എലി ഇസ്രായെലിൽ ൪൦ വൎഷത്തൊളം രാജ്യകാൎയ്യങ്ങളെ വിചാരിച്ചു നടത്തി- ഉത്സവങ്ങളെ കൊണ്ടാടി ബലികളെ കഴിപ്പാൻ ഇസ്രായെല്യർ സാക്ഷികൂടാരം സ്ഥാപിച്ചിരിക്കുന്ന ശിലൊവിൽ വന്ന സമയത്ത എല്ക്കാനായിന്റെ ഭാൎയ്യയായ ഹന്നാ താൻ മച്ചിയായതിനാൽ ദുഃഖിച്ചു സാക്ഷികൂടാരത്തിന്റെ പ്രാകാരത്തിൽ മുട്ടുകുത്തി കരഞ്ഞു പ്രാൎത്ഥിച്ചു സൈന്യങ്ങളുടെ യഹൊവയെ എന്റെ സങ്കടം നൊക്കി വിചാരിച്ചു ഒരു മകനെ

തരെണമെ തന്നാൽ അവനെ ജീവപൎയ്യന്തം യഹൊവെക്കു തരെട്ടിരിക്കും എന്നു നെൎന്നിരിക്കുമ്പൊൾ എളി അടുത്തുനിന്നു സൂക്ഷിച്ചു നൊക്കി ശബ്ദിച്ചിരിക്കുന്നില്ല എങ്കിലും അധരങ്ങൾ അനങ്ങുന്നതു കണ്ടിട്ടു അവൾ മദ്യപാനം ചെയ്തു എന്നു വിചാരിച്ചു അവസ്ഥ ചൊദിച്ചറിഞ്ഞപ്പൊൾ മനസ്സുതെളിഞ്ഞു സമാധാനത്തൊടെ പൊയിക്കൊൾക ഇസ്രയെൽ ദൈവം നിന്റെ അപെക്ഷപ്രകാരം നല്കും എന്നു പറഞ്ഞു ആശ്വസിപ്പിച്ചു - അതിന്റെ ശെഷം ഹന്ന സന്തൊഷത്തൊടെ മടങ്ങി രാമയിൽ എത്തി പൊയതാറെ യഹൊവ അവളുടെ അപെക്ഷ കെട്ടു ഒരു പുത്രനെ കൊടുത്തു ദൈവത്തൊടു ചൊദിച്ചതിനാൽ ലഭിച്ചു എന്നൎത്ഥമുള്ള ശമുവെൽ എന്ന പെർ വിളിക്കയും ചെയ്തു - ചില സംവത്സരങ്ങൾ കഴിഞ്ഞ ശെഷം മാതാപിതാക്കന്മാർ കുട്ടിയെ എടുത്തു ശിലൊവിൽ വന്നു വളൎത്തുവാനായി എളിയുടെ കൈക്കൽ എല്പിച്ചു - ശമുവെൽ അവിടെ വളൎന്നു ദൈവഭക്തിയൊടെ നടക്കും സമയം എളിയുടെ പുത്രന്മാരായ ഹൊഫ്നി - ഫിനഹാസ് എന്നവർ ദുഷ്ടപ്രകാരങ്ങളൊടെ മഹാദൊഷം ചെയ്തു ശുദ്ധസ്ഥലത്തെ അശുദ്ധമാക്കിയാറെ അഛ്ശൻ ഒട്ടും പിള്ളമക്കളെ ശാസിച്ചു എങ്കിലും വാത്സല്യം വളരെ ഉണ്ടായതിനാൽ ധൎമ്മപ്രകാരമുള്ള ശിക്ഷകളെ നടത്താതെ ഇരുന്നു —

ആകാലത്തു ശമുവെൽ ഒരു രാത്രിയിൽ ഉറങ്ങുമ്പൊൾ തന്റെ പെർ വിളിക്കുന്നതു കെട്ടു എളി വിളിച്ചു എന്നു വിചാരിച്ചു അവന്റെ അടുക്കെ ചെന്നു എന്തു എന്നു ചൊദിച്ചാറെ ഞാൻ വിളിച്ചില്ല എന്നു പറഞ്ഞതു കെട്ടു ശമുവെൽ പിന്നെയും കിടന്നുറങ്ങി രണ്ടാമതും മൂന്നാമതും മുമ്പെത്ത പ്രകാരം വിളി ഉണ്ടായതാറെ എളിയൊടു അറിയിച്ചപ്പൊൾ അവൻ ഇനിയും വിളി കെട്ടാൽ അല്ലയൊ കൎത്താവെ പറക അടിയൻ കെൾക്കുന്നു എന്നുത്തരം പറയെണം എന്നു പറഞ്ഞു - പിന്നെയും ശമുവെൽ എന്നു വിളി നാലാമതും കെട്ടപ്പൊൾ അവൻ പറക കൎത്താവെ അടിയൻ കെൾക്കുന്നു എന്നു ചൊന്നാറെ യഹൊവ അരുളിച്ചെയ്തു - കെൾക്കുന്നവരുടെ ചെവികൾ കുലുങ്ങത്തക്കവണ്ണം ഞാൻ ഇസ്രയെലിൽ ഒരു കാൎയ്യം ചെയ്യും - അന്നു ഞാൻ എളിയെയും പുത്രന്മാരെയും ശിക്ഷി

സന്തതിയെയും നശിപ്പിക്കും അതിന്റെ കാരണം പുത്രന്മാർ തങ്ങൾക്കുതന്നെ
ശാപം വരുത്തുന്നു എന്ന അറിഞ്ഞു എങ്കിലും അവൻ അവരെ അടക്കായ്കകൊണ്ടു
ആ- പിറ്റെദിവസം രാവിലെ എളി ശമുവെലിനെ വിളിച്ചു മകനെ ദൈവം നി
ന്നൊടു അറിയിച്ച കാര്യം ഏതൊന്നും മറക്കരുത് എന്ന ചോദിച്ചപ്പൊൾ ശമുവെ
ൽ ശങ്കിച്ചുവെങ്കിലും ദൈവം കല്പിച്ചതിനെ ഒക്കയും അറിയിച്ചു അതിന്നു എളി
അവൻ യഹൊവയല്ലൊ അവന്റെ ഇഷ്ടപ്രകാരം ചെയ്യുമാറാകട്ടെ എന്നു പറ
ഞ്ഞു- അന്നു മുതൽ ശമുവെലിന്ന ദൈവത്തൊടു ഉള്ള പരിചയം വൎദ്ധിച്ചു കൂടക്കൂട
അവന്റെ വചനം കെട്ടു ദൈവം ഒപ്പിച്ചതു കണ്ടു ഇസ്രയെല്യർ അവനെ പ്ര
വാചകൻ എന്നറിഞ്ഞു പ്രമാണിക്കയും ചെയ്തു-

കുറെ കാലം കഴിഞ്ഞ ശെഷം യഹൊവ ശമുവെലൊടു അറിയിച്ച പ്രകാരം ഒക്ക
യും സംഭവിച്ചു- ഇസ്രയെല്യർ ഫലിഷ്ടരൊടു പട ഏറ്റു തൊറ്റപ്പൊൾ മൂപ്പന്മാ
രുടെ ഉപദെശപ്രകാരം സാക്ഷിപെട്ടകത്തെ രക്ഷക്കായി പൊൎക്കളത്തിൽ
കൊണ്ടുവന്നു- എളിയുടെ പുത്രന്മാർ അതിനൊടു കൂട വന്നപ്പൊൾ പടജനങ്ങ
ൾ സന്തൊഷിച്ചാൎത്തു യുദ്ധം പിന്നെയും ഏറ്റാറെ ഇസ്രയെല്യർ അശെഷം
തൊറ്റു ൩൦൦൦൦ ആളുകൾ പെട്ടുപൊയി എളിയുടെ പുത്രന്മാരും മരിച്ചു സാക്ഷി
പെട്ടകവും ശത്രുകൈവശമായി പൊയി- ഓടിപ്പൊയവരിൽ ഒരുവൻ കീറിയ
വസ്ത്രങ്ങളൊടും കൂട ശീലൊവിൽ എത്തി ഇസ്രയെല്യർ തൊറ്റു ഓടിപ്പൊന
ങ്ങളും നിന്റെ രണ്ടു പുത്രന്മാരും മരിച്ചു പെട്ടകവും ശത്രുകൈവശമായി പൊയി എ
ന്നുള്ള വൎത്തമാനം അറിയിച്ചപ്പൊൾ എളി ഭ്രമിച്ചു ഇരുന്ന പീഠത്തിന്മെൽനിന്നു
വീണു കഴുത്തൊടിഞ്ഞു മരിക്കയും ചെയ്തു-

അനന്തരം ഫലിഷ്ടർ സാക്ഷിപെട്ടകം എടുത്തു അസ്തൊദിൽ കൊണ്ടുപൊ
യി ദാഗൊൻ ദെവന്റെ ക്ഷെത്രത്തിൽ ബിംബത്തിന്നരികെ വെച്ചു- പിറെ
റ്റ ദിവസം രാവിലെ നൊക്കിയപ്പൊൾ അവർ ബിംബം പെട്ടകത്തിന്മുമ്പാകെ
വീണു കൈകാലുകളും തലയും മുറിഞ്ഞു കിടക്കുന്നതു കണ്ടു ദുഃഖിച്ചു പട്ടണക്കാർ
മൂലവ്യാധികളും മറ്റും പല അസഹ്യങ്ങളും ഉണ്ടായാറെ പെട്ടകത്തെ അവിടെ
നിന്നു എക്രൊനിലെക്കു കൊണ്ടുപൊകയും ചെയ്തു- അവിടെയും ബാധ

വാഴിച്ചു നഗരക്കാർ കുഴങ്ങി മുറയിട്ടു കൊണ്ടിരുന്നു ൭ മാസം കഴിഞ്ഞാറെ ഫെലിസ്ത്യർ
പെട്ടകത്തെ മടക്കി അയച്ചു - ഈ പ്രകാരം പെട്ടകം ലഭിച്ചു എങ്കിലും അവർ പെലി
ഷ്ടരുടെ കരത്തെ ൨൦ വർഷം വഹിക്കെണ്ടി വന്നു - അവർ പിന്നെ അന്യതാവാ
ച്ചു അന്യദെവകളെ നീക്കി യഹൊവയെ മാത്രം സെവിച്ചു രക്ഷക്കായി അപെ
ക്ഷിച്ചാറെ ദൈവം മനസ്സലിഞ്ഞു തുണനിന്നു അപ്പൊൾ അവർ പിന്നെ
അടിമയായ പട്ടണങ്ങളെ വീണ്ടും പിടിച്ചു ശത്രുക്കളെ ഒടിച്ചു നാട്ടിൽനിന്നു പുറത്താക്കി
ക്കളഞ്ഞു അവരുടെ ദെശത്തിന്റെ അതിർക്കകത്തു ആ സമയം ശമുവെൽ ഒ
രു കല്ലു സ്ഥാപിച്ചു ഭൂമിയിൽ നിറുത്തി യഹൊവ നമ്മെ ഇതുവരെയും സഹായിച്ചു
എന്നു പറഞ്ഞു (സഹായക്കല്ലു) എബെനെസ്സെർ എന്നു പെരും വിളിച്ചു - അതി
ന്റെ ശെഷം അവൻ ശത്രുക്കളെ അമർത്തു സമാധാനത്തെ ഉണ്ടാക്കിച്ചു നെടും
ന്യായാധിപനായി നടത്തി ജീവപര്യന്തം ദൈവജ്ഞാനത്തെ രക്ഷിച്ചു പൊരുകയും
ചെയ്തു —

൩൫. ശമുവെലും ശൌലും.

ശമുവെൽ വൃദ്ധനായപ്പൊൾ പുത്രന്മാരെ തന്നൊടു കൂട ന്യായാധിപന്മാരാക്കി
ബെർശബായിൽ പാർപ്പിച്ചു - അവർ അപ്പന്റെ വഴിയിൽ നടക്കാതെ
ദ്രവ്യാഗ്രഹം നിമിത്തം കൈക്കൂലി വാങ്ങി ന്യായം മറിച്ചു കളഞ്ഞതിനാൽ ആയം
ഇസ്രയെല്യമൂപ്പന്മാർ എല്ലാവരും ക്രുദ്ധരായി ചെന്നു ശമുവെലൊടു
കണ്ടു നീ വൃദ്ധനാകുന്നു പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ലല്ലൊ
ഞങ്ങൾക്കു എല്ലാ ജാതികൾക്കും ഉള്ളതു പൊലെ ഞങ്ങളും ഒരു രാജാവിനെ കല്പി
ച്ചു തരെണം എന്നു പറഞ്ഞു - ഈ വാക്കു ശമുവെലിന്നു രസക്കെടായി തൊന്നി
അവൻ പ്രാർത്ഥിക്കുമ്പൊൾ യഹൊവ ഈ ജനം ചൊദിക്കുന്നതെല്ലാം
അനുസരിച്ചു ചെയ്ക അവർ നിന്നെ അല്ല ഞാൻ അവരുടെ മെൽ രാജാവാ
കാതിരിപ്പാൻ എന്നെ തന്നെ ഉപെക്ഷിച്ചു കളഞ്ഞു എന്നു കല്പിച്ചു —
ആ കാലത്തു ബെന്യമീൻ ഗൊത്രക്കാരനായ കീശ് എന്നവന്നു ചില കഴുതക
ൾ തെറ്റിക്കാണാതെ പൊയി - അവറ്റെ അന്വെഷിക്കെണ്ടതിന്നു തന്റെ സു
ന്ദരപുത്രനായ ശൌലിനെയും ഒരു വെലക്കാരനെയും നിയൊഗിച്ചു - അവ

ർനൊക്കിനടന്ന കാണാതെ ഇരുന്നപ്പൊൾ വെലക്കാരൻ താമസിച്ചെദിക്ക്
റിൽ ഒരുത്തൻ ഉണ്ട അവൻ പറയുന്നതൊക്കയും ഒത്തുവരുന്നു നമ്മുടെ അവസ്ഥ
യവനൊടു പറഞ്ഞാൽ കഴിവുണ്ടാകും എന്ന ശൌലിനൊടു പറഞ്ഞു ഇ
രുവരും അവന്റെ അടുക്കെ ചെന്നു അവസ്ഥ അറിയിച്ചപ്പൊൾ ശമുവെൽ
ഈ ശൌൽ തന്നെ ഇസ്രയെല്യരുടെമെൽ വാഴെണ്ടുന്നവൻ എന്ന ദൈ
വവശാൽ അറിഞ്ഞു അവനൊടു കാണാതെ പൊയ കഴുതകളെ ചൊല്ലി
വിഷാദിക്കെണ്ട അവ എത്തി ഇരിക്കുന്നു ഇസ്രയെലിലെ ഇഷ്ടകാര്യം നി
നക്കല്ലാതെ ആർക്ക ഉണ്ടാകും എന്നു പറഞ്ഞത് കെട്ടു എങ്കിലും അതിന്റെ
അർത്ഥം ഇന്നതെന്ന ശൌൽ അറിഞ്ഞില്ല- അവൻ പിറ്റെ ദിവസം അവിട
ന്നിന്ന പൊകുവാൻ പുറപ്പെട്ടപ്പൊൾ ശമുവെലും കൂട പൊയി വെലക്കാ
രനെ കുറെ മുമ്പിൽ നടപ്പാൻ അയച്ചാറെ ശൌലിനൊടു ദൈവനിയൊഗം
അറിയിപ്പാൻ അല്പം നില്ക്ക എന്ന ചൊല്ലി ഒരു തൈലക്കൊമ്പു എടുത്തു അ
വന്റെ തലമെൽ ഒഴിച്ചു അവനെ ചുംബിച്ചു പറഞ്ഞു യഹൊവ തന്റെ അ
വകാശത്തെ ഭരിപ്പാൻ നിന്നെ അഭിഷെകം ചെയ്തിരിക്കു
ന്നു എന്നു ധരിച്ചു കൊൾക- പിന്നെ ശൌൽ വീട്ടിൽ എത്തിയാറെ സംഭവിച്ച
കാര്യം ഒരുത്തരൊടും അറിയിച്ചില്ല താനും—

അനന്തരം ശമുവെൽ ജനത്തെ മിസ്പയിൽ യൊഗം കൂട്ടി ശൌലെ വരു
ത്തി കാണിച്ചു ഇവനെ തന്നെ യഹൊവ വരിച്ചു രാജാവാക്കി എന്നു പറഞ്ഞ
പ്പൊൾ ജനങ്ങൾ ഒക്കയും ജയ ജയ എന്നു പറഞ്ഞു അതിന്റെ ശെഷം
അവൻ ദൈവസഹായത്താലെ അമ്മൊന്യർ മുതലായ ശത്രുക്കളൊടു പൊ
രുതി ജയിച്ചു രാജ്യത്തിന്ന സുഖം വരുത്തിയാറെ ജനങ്ങൾ എല്ലാ
വരും സന്തൊഷിച്ചു അവനെ സ്തുതിച്ചു- പിന്നെ അമലെക്യരൊടു പട എടു
പ്പാൻ കല്പിച്ചു അവരെ മുലൊടെ വരുത്തുവാനായുള്ള ദൈവകല്പന അ
റിഞ്ഞു എങ്കിലും ശ്രെഷ്ഠമായ [illegible] ങ്ങളെയും [illegible] ഇ
ഷ്ടമൃഗങ്ങളെയും രക്ഷിച്ചു വെച്ചപ്പൊൾ ശമുവെൽ പറഞ്ഞു യഹൊവെ
ക്ക കല്പന കെട്ടനുസരിക്കുന്നതല്ലാതെ ബലിയിൽ പ്രസാദം ഇഷ്ടമുണ്ടാ

ന്ദ്രുഷിക്കുന്നവൊബലിയെക്കാൾ അനുസരണം തന്നെ നല്ലു മന്ത്രവാ-
ദദൊഷം പൊലെ അനനുസരണക്കെടും വിഗ്രഹാരാധന പൊലെ മാത്സര്യ-
വും ആകുന്നു നീ യഹോവാ വചനത്തെ നിരസിച്ചതുകൊണ്ടു അവൻ നിന്നെ-
യും നിരസിച്ചുകളഞ്ഞു - അന്നുമുതൽ ശൗൽ അനനുസരണക്കെടുവഴി-
ച്ചു ദെവാജ്ഞാവ്യതിക്രമത്താലെ നീങ്ങിപ്പൊകയും ചെയ്തു —

൬൭. ദാവിദിന്റെ ജയനായത്

അനന്തരം യഹോവ ശമുവെലൊടു നീ കൊമ്പിൽ എണ്ണ നിറെച്ചു ബെത്ലെഹെമി-
ൽ ചെല്ലുക അവിടെ ഒബെദിന്റെ മകനായ ഇശായുടെ പുത്രന്മാരിൽ ഒരുവ-
നെ രാജാവാക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു കല്പിച്ചതു കെട്ടാ-
റെ ശമുവെൽ പുറപ്പെട്ടു ബെത്ലെഹെമിൽ എത്തി ഇശായിപുത്രന്മാരെ വരുത്തി-
ക്കാണിച്ചു യഹോവ നിയമിച്ചവൻ ഇവരിൽ ഇല്ല എന്നു കണ്ടാറെ കുട്ടികൾ തി-
കഞ്ഞുവൊ എന്നു ചൊദിച്ചു - അതിന്നു ഇശായി ഇനി ഇളയവൻ ഉണ്ടു അ-
വൻ ആടുകളെ മെയ്പാൻ പൊയിരിക്കുന്നു എന്നു കെട്ടപ്പൊൾ അവനെ വിളി-
പ്പാൻ പറഞ്ഞു - അവൻ വന്നാറെ ചെമ്പിച്ച തലമുടിയും ശൊഭനമായ ക-
ണ്ണും നല്ല കൊലത്തെയും കണ്ടു യഹോവയും ഇവനെ തന്നെ എടുക്കെന്നു ക-
ല്പിക്കയാൽ ശമുവെൽ സഹൊദരന്മാരുടെ മുമ്പാകെ അ-
വനെ തൈലാഭിഷെകം കഴിച്ചു അന്നുമുതൽ യഹോവയുടെ ആത്മാവു
ശൗലിൽനിന്നു മാറിപ്പൊയി ദെവത്തിൽനിന്നു ഒരു ദുരാത്മാവ് ശൗലിനെ ബ്രമി-
പ്പിക്കയും ചെയ്തു - അപ്പൊൾ ഭൃത്യന്മാർ രാജാവൊടു നിന്നെ വാദ്യം വായിപ്പാൻ പ്രവീണ്യ-
മുള്ളവനെ വരുത്തി വായിപ്പിച്ചാൽ ബുദ്ധിഭ്രമം തീരും എന്നു അറിയിച്ചത്
രാജാവിന്നു ബൊധിച്ചപ്പൊൾ അവർ ദാവിദിന്റെ വീണ-
വായനയും കീർത്തിയും അറിയിച്ചു ശൗൽ
അവനെ കൂട്ടി ക്രൂത്തിൽ വെച്ചു വീണ വായിപ്പിച്ചു ശാന്-
തിയും ചെയ്തു —

പിന്നെ ഫലിഷ്ടരൊടു യുദ്ധം തുടങ്ങി ശൗൽ ദാവിദിനെ വിട്ടയ-
ച്ചു താൻ പടക്കുപ്പായങ്ങളെ കൂട പുറപ്പെട്ടു ശത്രുക്കളെ നെരിട്ടു - യുദ്ധം

ഉടുപ്പൊ ഒരെങ്കിന്ന ദാവിദും പെലിശ്ത്യനും ചെന്നു അസ്സൂൻ അവെക്കുവത്ത
പറഞ്ഞു വിനാശപ്പൊൾ ശത്രുവെ സൈന്യത്തിൽ നിന്നു മുൻ പിടിച്ചു കൂട്ടങ്ങളെ
കൊണ്ടു വരുന്നവൻ പരിഹസിച്ചു ദുഷിക്കുന്നതും ഇസ്രയെല്യർ ഭയപ്പെടുന്നതിൽ
പിന്നെ അവനെ കൊല്ലുന്നവന്ന രാജാവ് പുത്രിയെയും ദ്രവ്യത്തെയും മറ്റും
കൊടുക്കും എന്ന സംസാരിക്കുന്നതും കെട്ടു ദാവിദ് ആ ഫെലിഷ്ടന്റെ ദുഷിവാ
ക്കുകളെയും ഇസ്രയെല്യരുടെ ഭയവും ധൈര്യക്കുറവും വിചാരിച്ചു ദുഃഖി
ച്ചു ദൈവസഹായത്താലെ ഞാൻ അവനെ കൊന്നുകളയും എന്ന ചൊന്നത
രാജാവ് കെട്ടു അവനെ വരുത്തി ശത്രുവെ നിഗ്രഹിപ്പാൻ നിനക്ക് പ്രാപ്തി
പൊരാ അവൻ യുദ്ധവിദഗ്ദ്ധൻ നീ യൊ ബാലൻ എന്നു കല്പിച്ചപ്പൊൾ
ദാവിദ് അടിയൻ ആടുകളെ മെയ്ക്കുന്ന സമയത്ത് സിംഹത്തെയും കരടി
യെയും കൊന്നു ആട്ടിൻ കൂട്ടങ്ങളിൽ നിന്ന രക്ഷിച്ചു യഹൊവ ആ ഫെലിഷ്ടന്റെ
കൈയിൽ നിന്നും രക്ഷിക്കും എന്നു പറഞ്ഞു - അനന്തരം ശൌൽ അവനെ തന്റെ
യുദ്ധവസ്ത്രവും പടച്ചട്ടയും ധരിപ്പിച്ചു അതൊടു കൂടെ നടപ്പാൻ ശീലമില്ലായ്കകൊ
ണ്ടു അവ ഊരി കളഞ്ഞിട്ടു പിന്നെ തന്റെ വടിയെയും മിനുസമുള്ള കല്ലുകളെയും
എടുത്തു സഞ്ചിയിൽ ഇട്ടു കവിണയൊടു കൂടെ ശത്രുവിന്റെ നെരെ ചെന്നു
അവൻ ബാലനെ കണ്ടാറെ നിന്ദിച്ചു വടിയൊടു കൂടെ വരുവാൻ എന്താ ഞാൻ നാ
യൊ നിന്റെ മാംസം പക്ഷികൾക്കു ഇരയാക്കും എന്നു പറഞ്ഞപ്പൊൾ ദാവിദ് നീ വാ
ളൊടും കുന്തത്തൊടും പരിശയൊടും കൂടെ വരുന്നു - ഞാൻ നീ നിന്ദിച്ചിട്ടുള്ള ഇസ്ര
എൽ സൈന്യങ്ങളുടെ യഹൊവ നാമത്തിൽ നിന്നെ കൊള്ളെ വരുന്നു എന്നു പ
റഞ്ഞു - പിന്നെ ഫെലിഷ്ടൻ എഴുനീറ്റു വന്നു ദാവിദിനൊടു എതിൎപ്പാൻ അടു
ത്തപ്പൊൾ ദാവിദ് നെരെ ഓടി സഞ്ചിയിൽ നിന്നു കല്ലിനെ എടുത്തു കവിണയിൽ
വെച്ചു ശത്രുവിന്റെ നെറ്റിമെൽ എറിഞ്ഞു അവൻ ഉടനെ ഭൂമിയിൽ കവി
ണ്ണു വീണു ദാവിദ് ബദ്ധപ്പെട്ടു ഫെലിഷ്ടന്റെ വാൾ ഊരി തല വെട്ടിക്കളഞ്ഞു
ഇതിനെ ഫെലിഷ്ടർ കണ്ടപ്പൊൾ പിന്വാങ്ങി ഓടിപ്പൊയി ഇസ്രയെല്യരും യഹൂദരും
അവരുടെ പട്ടണങ്ങളിൽ എത്തുവൊളം പിന്തുടരുകയും ചെയ്തു -
ഇങ്ങനെ ദാവിദ് അങ്കക്കാരനായ ഗൊലിയത്തിനെ കൊന്ന ശെഷം മടങ്ങി

വന്നരാജാവിന്റെ അടുക്കെ എത്തിയാറെ ഹെ ബാലകാ നീ ആരുടെ പുത്രൻ എ
ന്നരാജാവ് ചൊദിച്ചാറെ ഞാൻ ബെത്ലഹെംകാരനായ ഇശായുടെ മകൻ അടി
യാൻ എന്നു ദാവീദ് ഉണർത്തിച്ചതിന്റെ അനന്തരം രാജപുത്രനായ യൊനതാൻ അവനെ
കണ്ടു സ്നെഹിച്ചു രണ്ടാളുകളും ഒന്നായി ചെർന്നു - അവൻ സഖ്യലക്ഷണത്തിനായി
ദാവീദിന്നു തന്റെ മെൽകുപ്പായം വാൾ വില്ലു അരക്കച്ച എന്നിവ കൊടുത്തു
രാജാവും ദാവീദിനെ മാനിച്ചു തന്നൊടു കൂടെ പാർപ്പിക്കയും ചെയ്തു -

൩൬. ദാവീദിന്നു വന്ന ഉപദ്രവം.

ദാവീദ് രാജഗൃഹത്തിൽ അല്പകാലമത്രെ സുഖമായി പാർത്തുള്ളു ഇസ്രയെ
ല്യർ ജയഘൊഷത്തൊടെ ഫെലിസ്ത്യ യുദ്ധത്തിൽനിന്നു മടങ്ങിവന്നപ്പൊൾ
സ്ത്രീകളും കൂടെ ചെന്നു നൃത്തമാടി പാടിയത് ആയിരത്തെ ശൌലും പതിനായി
രത്തെ ദാവീദും കൊന്നു - എന്നത് ശൌൽ കെട്ടാറെ കൊപിച്ചു ഇനി രാജ്യം അല്ലാ
തെ അവന്നു കിട്ടുവാൻ എന്തുള്ളു എന്നു ചൊല്ലി ദാവീദിൽ അസൂയ ഭാവിച്ചു തുട
ങ്ങി - ഗുണാധിക്യം നിമിത്തം ദാവീദിങ്കൽ ജനരഞ്ജന വർദ്ധിക്കും തൊറും
ശൌലിന്റെ അസൂയയും കൊപവും വർദ്ധിക്കും ഒടുവിൽ അവനെ കൊന്നുക
ളവാൻ അന്വെഷിച്ചു - രാജാവിന്നു ഭ്രമത പിടിച്ചു ഒരു നാൾ ദാവീദ് അവ
ന്റെ മുമ്പാകെ വീണ വായിച്ചു അവനെ കുന്തം പിടിച്ചു ദാവീദിന്റെ നെരെ
ചാടിച്ചു അവൻ തെറ്റി മിട്ടിൽ ഒളിച്ചു പൊയാറെ അവനെ നിഗ്രഹിപ്പാൻ ചെ
കവരെ കല്പിച്ചു വാതില്ക്കൽ പാർപ്പിച്ചു രാജപുത്രിയായ ഭാര്യ അതിനെ
അറിഞ്ഞു ഒളിവൊടെ കൊണ്ടുവന്നു ഭർത്താവിനെ കിളിവാതിലിൽ കൂടി ഇറക്കി അ
യച്ചു - അതിന്റെ ശെഷം ദാവീദ് ഗൊല്യത്തിന്റെ വാൾ മഹാചാര്യനായ അഹി
മെലെക്കൊടു വാങ്ങി ഓടിപ്പൊയി ഫെലിസ്ത്യ രാജാവായ ആഖീശിന്റെ ശരണം പ്രാ
പിച്ചു - മന്ത്രികൾക്കു സംശയം തൊന്നി അവൻ ഇസ്രയെല്യരുടെ ശൂരനായ ദാവീദ് അ
ത്രെ എന്നും മറ്റും രാജാവെ ഉണർത്തിച്ചാറെ ദാവീദ് ഭയപ്പെട്ടു അവി
ടെനിന്നു വിട്ടുപൊയി പിന്നെയും സ്വരാജ്യത്തിൽ എത്തിയപ്പൊൾ യൊനതാൻ
അച്ഛന്റെ അടുക്കെ ചെന്നു വൈരഭാവത്തെ മാറ്റുവാൻ ശ്രമിച്ചു ... രാജാവ
ൽ ഒന്നും കെൾക്കാതെ അവൻ മകനെ കൊല്ലുവാൻ ഭാവിച്ചു ...

നതാൻ അച്ചനെ വിട്ടു ദാവിദു മാത്രി കണ്ട സ്നെഹകാരരെ ഉറപ്പിച്ചു കൂടി വെച്ചവാ
ന്റൊ ഉടൽ ഇല്ല — അതിന്റെ ശെഷം ദാവിദ് യഹൂദമലയിൽ ഒരു ഗുഹയിൽ
ഒളിച്ചു പാർത്തു വരുന്ന സമയം അവന്റെ കൂട്ടും ബാക്കാരും ബുദ്ധിമുട്ടുള്ളവരും നാ
നൂറാളും രാജാവിനെ ഭയപ്പെട്ടിട്ട അവനൊടു ചെന്ന് അവനെ തലവനാ
ക്കി സെവിച്ചു വന്നു — ശൌൽ അവരെ കണ്ടുപിടിക്കെണ്ടതിന്നു അന്വെ
ഷണം കഴിച്ചപ്പൊൾ ദൊവഗ് എന്നവൻ ദാവിദ് നൊബിൽ വന്നു മഹാചാ
ര്യനൊടു സംസാരിച്ചു അയവൻ അവനു ഭക്ഷണവും ഗൊല്യത്തിന്റെ വാ
ളും കൊടുക്കുന്നത ഞാൻ കണ്ടു എന്നു രാജാവെ ബൊധിപ്പിച്ചപ്പൊൾ
ശൌൽ ക്രുദ്ധിച്ചു അവരെ സംഹരിപ്പാൻ ദൊവഗെ അയച്ചു അയവൻ ചെന്നി
അഹിമെലെക്ക മുതലായ എണ്പത്തഞ്ച ആചാര്യന്മാരെ കൊന്നു അവരുടെ പട്ടണത്തി
ലെ ശിശുക്കളെയും സ്ത്രീ പുരുഷന്മാരെയും മൃഗങ്ങളെയും പട്ടണത്തെയും നശി
പ്പിച്ചു — മഹാചാര്യന്റെ പുത്രന്മാരിൽ അബ്യതാർ എന്നവൻ തെറ്റി ഓടി ചെ
ന്നു ദാവിദിന്റെ അടുക്കെ ഈ വർത്തമാനം അറിയിച്ചു അവനൊടു കൂട
പാർക്കയും ചെയ്തു —

അനന്തരം യൊനതാൻ ദാവിദിനെ ചെന്നു കണ്ടു ആശ്വസിപ്പിച്ചശെഷം അ
വൻ തന്റെ ആളുകളൊടു കൂട ഏംഗദി കാട്ടിൽ വാങ്ങി പാർത്തു — അയത ശൌൽ മൂ
ന്ന ൩൦൦൦ പട ആളുകളെ ചെർത്തു കൊണ്ടു പുറപ്പെട്ടു അന്വെഷിച്ചാറെ വഴി അ
രികെ ഒരു ഗുഹയെ കണ്ടു കാൽ മടക്കുവാൻ അകത്ത് പ്രവെശിച്ചു ദാവിദ മുതലായ
വർ ആ ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്ന് അറിഞ്ഞതും ഇല്ല. അപ്പൊൾ ദാവിദി
ന്റെ ജനങ്ങൾ യഹൊവ ശത്രുവെ നിൻ കൈക്കൽ എല്പിക്കുന്ന ദിവസം വന്നു
എന്നു പറഞ്ഞപ്പൊൾ ദാവിദ് എഴുനീറ്റു പതുക്കെ ചെന്നു രാജവസ്ത്രത്തിന്റെ
കൊന്തല മുറിച്ചു എടുത്തു — തന്റെ പുരുഷന്മാരൊടു ഞാൻ യഹൊവയാൽ
അഭിഷിക്തൻ അവനെ തൊടെണ്ടതിന്നു യഹൊവ ഒരുനാളും എനിക്ക സമ്മ
തിക്കരുതെ എന്നു പറഞ്ഞു പിന്നെ ശൌൽ പൊയപ്പൊൾ ദാവിദും പുറ
പ്പെട്ടു എന്റെ യജമാനനായ രാജാവെ യഹൊവ നിന്നെ ഗുഹയിൽ
വെച്ചു എൻ കൈക്കൽ എല്പിച്ചിരുന്നു എങ്കിലും യഹൊവാഭിഷിക്തനെ ഞാ

ൻ തൊടുകയില്ല എന്നുവെച്ചു പിന്നെ വിട്ടു- ഇതാ പിതാവിന്റെ വസ്ത്രത്തി
ന്റെ തൊങ്ങൽ എന്റെ കൈക്കൽ ഉണ്ട എന്നും മറ്റും വിളിച്ചുപറഞ്ഞു
കൊണ്ടിരിക്കുമ്പോൾ ശൌൽ കരഞ്ഞു ഞാൻ ചെയ്ത ദോഷത്തിന്നു പ്രതിക്രിയ
നന്മ ചെയ്കകൊണ്ടു നീ എന്നെക്കാൾ നീതിയുള്ളവൻ എന്നു പറഞ്ഞു നാട്ടിൽ
മടങ്ങിപ്പൊകയും ചെയ്തു--

അല്പകാലം കഴിഞ്ഞശെഷം ശൌൽ വൈരം മുഴുത്തു പിന്നെയും പട്ടാളങ്ങളെ
കൂട്ടിക്കൊണ്ടു പുറപ്പെട്ടു ദാവീദ ഒളിച്ചിരിക്കുന്ന ദിക്കിൽ എത്തി രാത്രിക്കു കൂടാ
രം അടിച്ചു തേരുകളെ ചുറ്റും നിറുത്തിക്കൊണ്ടു നടുവിൽ പാർത്തു എല്ലാവ
രും ഉറങ്ങുമ്പൊൾ ദാവീദും അബിശായും പാളയത്തിൽ ഇറങ്ങി ശൌലും പട
നായകന്മാരും എല്ലാരും കിടന്നുറങ്ങുന്ന സ്ഥലത്തു ചെന്നു രാജാവിന്റെ കു
ന്തവും മുരുടയും തലക്കൽനിന്നെടുത്തു ഉടനെ അരികുള്ള മലമെൽ കയറി നിന്നു
സേനാപതിയോടു ദാവീദ അബ്നെർ കെൾക്കുന്നില്ലയൊ എന്നു വിളിച്ചാറെ അബ്നെ
ർ ഞാൻ- രാജസന്നിധിക്കൽ ഇപ്രകാരം വിളിക്കുന്നതാർ എന്നു ചൊ
ദിച്ചതിന്നു ദാവീദ പറഞ്ഞു നീ പുരുഷനല്ലയൊ ഇസ്രയെലിൽ നിനക്കു സ
മന്മാർ ഇല്ലയൊ നിന്റെ യജമാനനെ കാത്തുകൊള്ളാഞ്ഞതെന്ത രാജാവെ കൊല്ലുവാൻ ഒ
രുത്തൻ അകത്തു വന്നിരുന്നു നൊക്ക രാജാവിന്റെ കുന്തവും ജലപാത്രവും എവി
ടെ- എന്നാറെ ശൌൽ ഇതു എന്റെ മകൻ ദാവീദിന്റെ ശബ്ദം അല്ലയൊ എന്നു ചൊ
ദിച്ചപ്പൊൾ ദാവീദ എന്റെ യജമാനനായ രാജാവെ എന്തിനു എന്നെ തെടി നടക്കുന്നത് എന്തി
ന്നു അടിയൻ എന്തു ചെയ്തു എന്തു ദൊഷം കണ്ടിരിക്കുന്നു- ഒരു കാട്ടുകൊ
ഴിയെ എന്ന പൊലെ എന്നെ തെരുവാൻ രാജാവ് സൈന്യത്തൊ
ടു കൂടെ പുറപ്പെട്ടുവന്നില്ലയൊ എന്നും മറ്റും പറഞ്ഞപ്പൊൾ ശൌൽ താൻ മ
ഹാപാപം ചെയ്തിരിക്കുന്നു പുത്ര നീ മടങ്ങി വാ ഞാൻ ഇനിമെൽ നിനക്കു ദൊ
ഷം ചെയ്കയില്ല എന്നു കല്പിച്ചാറെ ദാവീദ അവന്റെ വൈരഭാവം അ
റിഞ്ഞിട്ടു താൻ ചെല്ലാതെ ബാല്യക്കാരിൽ ഒരുത്തൻ വന്നു രാജാവിന്റെ കു
ന്തവും ജലപാത്രവും വാങ്ങിക്കൊണ്ടുപൊകട്ടെ എന്നു പറഞ്ഞു പിരിഞ്ഞു പൊയി-
പിന്നെ രാജാവൊടു സംസാരിപ്പാൻ ഇടവന്നില്ല-

൩൮. ശൌലിന്റെ മരണവും ദാവീദ് രാജാവായതും

അനന്തരം ദാവീദ് ശൌലിന്റെ വൈരം ശമിക്കയില്ല എന്നു വിചാരിച്ചു അവന്റെ കൈക്കൽ അകപ്പെടാതിരിക്കേണ്ടതിന്നു തന്റെ ൬൦൦ ആളുകളോടും കൂടെ ഇസ്രയെൽ ദെശത്തെ കടന്നു ഗാഥിലെ രാജാവായ അഖീശെ ചെന്നു കണ്ടൊറെ രാജാവ് ചിക്ലാഗ പട്ടണം വാസസ്ഥാനമാക്കി കല്പിച്ചു കൊടുത്തു- പിന്നെ പലിസ്ത്യരും ശൌലുമായി യുദ്ധമുണ്ടായി ദാവീദ് പൊരിന്നു പൊകെണം എന്നു അഖീശ് കല്പിച്ചു പുറപ്പെട്ടു പൊയാറെ പ്രഭുക്കന്മാർ അവൻ ശത്രുപക്ഷത്തിൽ തിരിയും എന്നു വെച്ചു വിരൊധിച്ചപ്പൊൾ രാജാവ് ദാവീദിനെ മടക്കി അയച്ചു അവൻ തന്റെ ആളുകളൊടു കൂട ചിക്ലാഗിൽ എത്തിയാറെ അമാലെക്യർ പട്ടണം മുഴുവനും ചുട്ടു സ്ത്രീകളെയും കുട്ടികളെയും കവൎന്നു കൊണ്ടു പൊയ പ്രകാരം കണ്ടു ദുഃഖിച്ചു- ഉൾപ്പൂ വിചാരിയാതെ പിന്തുടൎന്നു രാത്രി മുഴുവനും പിറ്റെ ദിവസം രാവിലെ കവൎച്ചക്കാരെ കണ്ടെത്തി പൊരുതി ജയിച്ചു കവൎന്നതൊക്കെയും പിടിച്ചെടുത്തു വളരെ സമ്പത്തൊടു കൂട മടങ്ങി പൊരികയും ചെയ്തു-

അങ്ങിനെ ഇരിക്കുമ്പൊൾ പലിസ്ത സൈന്യങ്ങളും ഇസ്രയെല്യരും ഗില്ബൊവ മലമെൽ വെച്ചു എതിരിട്ടു പടവെട്ടി ഇസ്രയെല്യർ തൊറ്റു ഓടിയപ്പൊൾ ശൌലിന്റെ പുത്രന്മാർ സഹൊദരന്മാരൊടു കൂട പട്ടുപൊയി- ശൌൽ അമ്പാൽ ഏറ്റു നിരാശ്രയനായി വാളിന്മെൽ വീണു മരിച്ചു- അതിന്റെ ശെഷം ഒരു അമലെക്യൻ ദാവീദിന്റെ അടുക്കെ വന്നു ഇസ്രയെല്യർ തൊറ്റു ഓടിപ്പൊയി പട്ടുപൊയി ശൌൽ മുറിയെറ്റു കിടന്നു എന്നെ കൊല്ലുക എന്നു അപെക്ഷിച്ചതിനാൽ ഞാൻ അടുത്തു ചെന്നു കൊന്നു അവന്റെ കിരീടവും വളയും രാജചിഹ്നമായി കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞാറെ ദാവീദ് വസ്ത്രം കീറി കരഞ്ഞു യഹൊവാഭിഷിക്തനെ കുല ചെയ്വാൻ നിനക്കു ഭയമില്ലാഞ്ഞതെന്തു നിന്റെ രക്തം നിന്റെ തലമെൽ വരട്ടെ എന്നു കല്പിച്ചു അവനെ കൊല്ലിക്കയും ചെയ്തു- പിന്നെ ദാവീദ് ഹെബ്രൊനിൽ തന്റെ ആളുകളൊടു കൂട

സ്വരാജ്യത്തിൽ മടങ്ങി ഹെബ്രോനിൽ വന്നപ്പോൾ യെഹൂദമൂപ്പന്മാർ അ
വിടെ വന്നു കൂടി അവനെ രാജാവാക്കി അഭിഷെകം കഴിച്ചു- അപ്പോൾ
ശൌലിന്റെ പുത്രനായ ഇഷ്ബൊശെത്ത് എന്നവൻ ഇസ്രയെലിന്മെൽ രാജാവായി
വാഴിച്ചു ഏഴര വർഷം വാണു രാജ്യം വെല്ലെക്കപ്പൊരാത്തവൻ എന്നു കണ്ടാ
റെ ഒരു ദിവസം രണ്ടാൾ ചെന്നു അവനെ കൊന്നു കളഞ്ഞു അതിന്റെ
ശെഷം ദാവീദ് എല്ലാ ഇസ്രയെലിന്മെലും രാജാവായിരിക്കയും ചെയ്തു-

൩൩. ഉറിയാവെന്ന പടനായകനെ കൊല്ലിച്ചത്-

ദാവീദിന്നു സർവ്വാധിപത്യം വന്നു യരുശലെം പട്ടണം ശത്രുസ്ഥാനത്തിൽ നിന്നു കൊ
ള്ളുവാൻ ഭാവിച്ചു ... പട്ടണത്തിൽ പാർത്തു വരുന്ന യബുസ്യരൊടു യുദ്ധം
ചെയ്തു ജയിച്ചു അവരെ പുറത്താക്കി പട്ടണത്തെ ഉറപ്പിച്ചു ശെഷം ദൈവ
ത്തിന്റെ ആരാധനപ്പെട്ടിയെ അതിൽ സ്ഥാപിച്ചു സാക്ഷിപ്പെട്ടകത്തെയും മറ്റും വരുത്തി
വെച്ചു വിശുദ്ധ ആരാധന മൊശയുടെ പ്രകാരം ക്രമപ്പെടുത്തി ഇസ്രയെല്യർക്കു
ദൈവഭക്തി വർദ്ധിച്ചു വരെണ്ടതിന്നു അവരെ ഉത്സാഹിപ്പിക്കയും ചെയ്തു-
അവൻ ദൈവസഹായത്താലെ യുദ്ധങ്ങളിൽ ജയം പ്രാപിച്ചു ശത്രുക്കളെ
ഒതുക്കി- പടിഞ്ഞാറു മദ്ധ്യധരണ്യക്കടൽ- കിഴക്കു ഫ്രാത്ത നദി- തെക്കു മിസ്ര
വടക്കു ദമസ്കു എന്നിവയിൽ ഉൾപ്പെട്ട ദെശങ്ങളെ ഒക്കെയും അവൻ വശ
ത്തിലാക്കി രാജ്യശാസനം അനുസരിപ്പിച്ചു- ദാവീദ് ദൈവഭയത്തോ
ടെ രാജ്യകാര്യങ്ങളെ നടത്തിയതിനാൽ അവന്റെ സാമ്രാജ്യക്കാ
ർക്കു സുഖം വർദ്ധിച്ചു വന്നു- എദൊമ്യർ മൊവബ്യർ പലിസ്തർ മുതലായ
ജാതികളിൽ സാധുക്കൾ ഒക്കെയും രാജാവിൻ ഗുണം വാഴ്ത്തി സന്തൊ
ഷിച്ചു- ദാവീദ് ഇപ്രകാരം സുഖേന വാഴുന്ന കാലം തന്റെ ദുരഭിലാഷങ്ങ
ളെ വെണ്ടും വണ്ണം അടക്കായ്കയാൽ വലുതായുള്ള ഒരു ദൊഷത്തിൽ അ
കപ്പെട്ടുപൊയി- അത് എങ്ങിനെ എന്നാൽ സെനാപതിയായ ഉറിയാക്കു
സുന്ദരസ്ത്രീ ഉണ്ടായിരുന്നു രാജാവ് അവളെ കണ്ടു മൊഹിച്ചു ഭാര്യയാ
ക്കിക്കൊള്ളെണ്ടതിന്നു ഭർത്താവിനെ അമ്മൊന്യരോടുള്ള യുദ്ധത്തിൽ പട്ടുപൊ
കുവാൻ തക്ക സ്ഥലത്തിൽ നിറുത്തുവാൻ കല്പിച്ചു ...- രാജാവ് ദുർമ്മൊഹം നി

മിത്തം ഭ്രമിച്ചതിനാൽ മുമ്പെ അനെകം പാപങ്ങളും ധൈൎയ്യം നഷ്ടം ശങ്കയും മ
റിയപ്പൊൾ ഞാറ്റിൽ നിന്നും രക്ഷിച്ച പ്രകാരവും ഓൎമ്മയിൽ വന്നില്ല. എന്നിട്ടും ഒരു
കാലത്തെക്ക ദൈവത്തെ അറിയാത്തവനെ ദൈവം ഉപെക്ഷിച്ചു
ന്നു. മഹാപാപത്തിന്നക്കൊണ്ട അനുതാപപ്പെടുത്തി. ഗൎഭം ധരിച്ചു ദാവീദിന്റെ
ഭാൎയ്യയായ ബത്ശബെയെ പരിഗ്രഹിച്ച ശെഷം നാഥാൻ പ്രവാചകൻ ദൈ
വനിയൊഗത്താൽ രാജാവിന്റെ അടുക്കൽ വന്ന പറഞ്ഞത് ഒരു പട്ടണ
ത്തിൽ രണ്ടു മനുഷ്യരുണ്ടായിരുന്നതിൽ ഒരുവൻ ധനവാൻ ഒരുത്തൻ
ദരിദ്രൻ. ദരിദ്രൻ ഒരു കുഞ്ഞാടിനെ കൊണ്ടു വളൎത്തി തന്നോടു കൂട ഭക്ഷി
ച്ചു കുടിച്ചു കുട്ടിയെന്ന പൊലെ മടിക്കിൽ ഉറങ്ങുമാറാക്കി ഒരു ദിവസം ധനവാ
ന്റെ വീട്ടിൽ ഒരു വഴിപൊക്കൻ വന്നപ്പൊൾ തന്റെ ആടുകളെയും മാടുകളിൽ
നിന്നൊട്ടും എടുപ്പാൻ മനസ്സാകാതെ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ചു അറുത്തു പാ
കം ചെയ്തു. ദാവീദ് ഇങ്ങിനെ കെട്ടപ്പൊൾ ക്രുദ്ധിച്ചു രാജവിധി വെണം എ
ന്നു വിചാരിച്ചു യഹൊവയുടെ ജീവനാണ ഇത് ചെയ്തവൻ മരണയൊഗ്യൻ എന്നു
കല്പിച്ചു. എന്നാറെ നാഥാൻ ആ പുരുഷൻ നീ തന്നെ. ഇസ്രയെലിൽ ദൈവമാ
കുന്ന യഹൊവയുടെ അരുളപ്പാടാവിത്. ഞാൻ നിന്നെ രാജാവാക്കി അഭിഷെ
കം ചെയ്തു ശൌലിന്റെ കൈയിൽ നിന്നു വിടുവിച്ചു വല്ലൊ. നീ യഹൊ
വായുടെ കല്പനയെ നിരസിച്ചു ഈ മഹാദൊഷത്തെ ചെയ്തത് എന്തിന്നു.
ഉരിയാവെ നീ അമ്മൊന്യരാൽ കൊന്നു കൊല്ലിച്ചു ഭാൎയ്യയെ എടുത്തിരിക്കു
ന്നു ആകയാൽ ഞാൻ നിൻ ഭവനത്തിൽ നിന്നു ദൊഷത്തെ നിന്റെ മെൽ വരുമാ
റാക്കും എന്നിപ്രകാരം കെട്ടപ്പൊൾ ദാവീദ് ദുഃഖിച്ചു ദൊഷക്രിയയെ സമ്മതി
ച്ചു ഞാൻ യഹൊവെക്കു വിരൊധമായി മഹാപാപം ചെയ്തിരിക്കുന്നു എന്നു
പറഞ്ഞാറെ നാഥാൻ യഹൊവ നിന്റെ പാപത്തെ ക്ഷമിച്ചു നീ മരിക്കയില്ല എ
ങ്കിലും ശത്രുക്കൾ യഹൊവയെ ദൂഷിപ്പാറാക്കി സംഗതി ഉണ്ടാക്കിയത് കൊ
ണ്ടു നിനക്കു ജനിച്ചിട്ടുള്ള പൈതൽ മരിക്കും. എന്നു പറഞ്ഞു പൊകയും ചെ
യ്തു—

അതിന്റെ ശെഷം യഹൊവ കുഞ്ഞനെ ബാധിച്ചു ദൈവകരുണ കുണ്ടാ

യിട്ടുകുട്ടി മരിക്കാതിരിക്കെണ്ടതിന്നു ദാവിദ് രാപ്പകൽ കരഞ്ഞും ഉപവസിച്ചും നിലത്തു കിടന്നു പ്രാൎത്ഥിച്ചു - ദൈവമെ നിന്റെ ദയാപ്രകാരം എന്നൊടു കനിവുണ്ടാകെണമെ നിന്റെ വാത്സല്യത്തിന്റെ ബഹുത്വത്തിൻ പ്രകാരം എന്റെ അതിക്രമം മാച്ചുകളഞ്ഞും എന്നെ കഴുകി വെടിപ്പാക്കെണം എന്റെ ദ്രൊഹങ്ങളെ ഞാൻ അറിയുന്നു എന്റെ പാപം നിത്യം എന്റെ മുമ്പാകെ ഇരിക്കുന്നു നിന്നൊടു മാത്രം വിരൊധമായി ഞാൻ പാപം ചെയ്തു നിന്റെ കണ്ണുകളിൽ ദൊഷമായതു ഞാൻ പ്രവൃത്തിച്ചിരിക്കുന്നു - ദൈവമെ ശുദ്ധഹൃദയത്തെ സൃഷ്ടിച്ചു നമ്മെ എന്റെ ഉള്ളിൽ സ്ഥിരമുള്ളൊരു മനസ്സിനെ പുതുക്കി വിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കാതെ ഇരിക്കെണമെ - പിന്നെ ഏഴാം ദിവസത്തിൽ കുട്ടി മരിച്ചശെഷം ദാവിദ് എഴുനീറ്റു തൈലം പൂശി ദൈവാലയത്തിൽ ചെന്നു നമസ്കരിച്ചു ഇപ്രകാരം പറഞ്ഞു എൻ ആത്മാവെ യഹൊവയെയും എന്റെ ഉള്ളമെ അവന്റെ ശുദ്ധനാമത്തെയും വാഴ്ത്തുക - എൻ ആത്മാവെ യഹൊവയെ തന്നെ വാഴ്ത്തുക - അവന്റെ സകല ഉപകാരങ്ങളെ മറക്കയും അരുത് - അവൻ നിന്റെ സൎവ്വാപരാധങ്ങളെയും ക്ഷമിച്ചു നിന്റെ എല്ലാ ദീനങ്ങളെയും പൊറുക്കുന്നു - നിന്റെ ജീവനെ നാശത്തിൽനിന്നു വിടുവിച്ചു കൃപാകരുണകളെ ചൂടിച്ചിരിക്കുന്നു മനുഷ്യനൊ അവന്റെ ദിവസങ്ങൾ പുല്ലു പൊലെ ആകുന്നു വയലിലെ പുഷ്പത്തിനു സമമായി അവൻ പൂക്കുന്നു - കാറ്റു അതിന്മെൽ അടിക്കുമ്പൊൾ അതു ഇല്ലാതെ ആയി അതിന്റെ സ്ഥലവും അറിയുന്നതുമില്ല - യഹൊവയുടെ കരുണയൊ അവനെ ശങ്കിക്കുന്നവരിലും അവന്റെ നീതി മക്കളുടെ മക്കളിലും എന്നെന്നെക്കും ഇരിക്കുന്നു —

൫൦. അബ്ശലൊമിന്റെ അവസ്ഥ -

അക്കുട്ടി മരിച്ച ശെഷം ദാവിദിന്റെ ഭവനത്തിൽ നിന്നു ജനിച്ചു വന്ന ദുഃഖം മുഴുവനും തീൎന്നതും ഇല്ല - രാജാവിന്റെ പുത്രനായ അബ്ശലൊം തന്റെ സഹൊദരനെ കൊന്നതിനാൽ അച്ഛൻ നീരസഭാവം കാട്ടി കുലപാതകൻ എന്റെ മുഖം കാണരുത് എന്നു കല്പിച്ചു നാട്ടിൽ കുന്നിരിക്കയല്ലൊ അബ്ശലൊം അച്ഛനൊടു ദ്വെഷ്യപ്പെട്ടു അവനെ സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു - അച്ഛന്റെ

ശ്രേഷ്ഠമന്ത്രിയായ അഹിതോഫൽ അവനോടു ചെൎന്ന മത്സരപ്രവൃത്തിക്കിൽ സഹാ
യിച്ചതല്ലാതെ അവൻ മഹാസുന്ദരനും കൌശലക്കാരനും ആകകൊണ്ട പ്രജ
കൾ ഇക്കാവാറും അവനെ അനുസരിച്ചു സെവിപ്പാനും നിശ്ചയിച്ചിരുന്നു-ഉ
രുസമയത്ത് അവരെല്ലാവരും ഹെബ്രൊനിൽ രാജാവാക്കി വാഴുന്നു എന്നുള്ള ശ്രു
തി യരുശലെമിൽ എത്തിയാറെ ദാവിദ് ഭ്രമിച്ചു വിശ്വസ്തന്മാരൊടു കൂടവെ
കാതെ ഒടിപ്പൊക പട്ടണത്തിന്നു യുദ്ധനാശം വരരുത് എന്നു കല്പിച്ചു പുറപ്പെ
ട്ടു ചെരിപ്പൂരി തല മൂടി എച്ചു കരഞ്ഞു കിദ്രൊൻ പുഴയെ കടന്നു ഒലിവമലയെ
കരെറി യാത്രയായി-ബെന്യമിൻ നാട്ടിൽ കൂടെ ചെല്ലുമ്പൊൾ ശൌലിന്റെ ബ
ന്ധുവായ ശിമ്മി എന്നവൻ അവനെ കണ്ടു ശപിച്ചു കല്ലെറിഞ്ഞു പൊ പൊ
രക്തപുരുഷ എന്നും മററും വിളിച്ചു പറഞ്ഞാറെ ദാവിദിന്റെ സ്നെഹിത
നായ അബിശയി അവനെ കൊല്ലുവാൻ ഭാവിച്ചപ്പൊൾ ദാവിദ് വെണ്ടാ അ
വൻ ശപിക്കട്ടെ ഇപ്രകാരം ചെയ്വാൻ യഹൊവ കല്പിച്ചതല്ലൊ എന്നു പറഞ്ഞു-
[illegible]-ാം. ദാവിദ് യൎദ്ദൻ നദിയെ കടന്നു മഹനൈംകൊട്ടയിൽ എത്തിയപ്പൊ
ൾ അബ്ശലൊം യരുശലെമിൽ പ്രവെശിച്ചു രാജാസനത്തിന്മെൽ ഇരു
ന്നു രാജ്യം സാധിച്ചു എന്നു വിചാരിച്ചു അച്ശനെ വല്ല പ്രകാരവും മുടിപ്പാൻ നി
ശ്ചയിച്ചാറെ ദാവിദ് തന്റെ വിശ്വസ്തരെ ചെൎത്തു യൊവാബ് എന്ന സെനാപ
തിയുടെ വശത്തിൽ ഏല്പിച്ചു മത്സരക്കാരെ അടക്കി വെപ്പാൻ അയച്ചു-പൊ
കുമ്പൊൾ സൂക്ഷിപ്പിൻ ബാലകനായ അബ്ശലൊമൊടു പതുക്കെ ചെയ്യാവു എന്നു
കല്പിച്ചു-അവർ വന്നെത്തി പട തുടങ്ങിയാറെ ശത്രുക്കൾ തൊററു അബ്ശലൊം കൊ
വെക്കഴുതപ്പുറത്തു ഏറി പാഞ്ഞു ഒരു മരാമരത്തിൻ കീഴെ വന്നപ്പൊൾ അവന്റെ
നീണ്ട തലമുടി കൊമ്പിന്മെൽ പിടിപ്പെട്ടു അവൻ തൂങ്ങിനിന്നു കഴുത ഒടിപ്പൊയി-
അതിനെ കണ്ട ഒരുത്തൻ യൊവാബെ അറിയിച്ചു നീ അവനെ കൊല്ലാഞ്ഞത്
എന്തെന്നു ചൊദിച്ചാറെ അവൻ എനിക്ക ൧൦൦൦ ശെക്കൽ വെള്ളി തന്നാ
ലും ഞാൻ രാജപുത്രന്റെ നെരെ കൈ നീട്ടുകയില്ല-ബാലനെ സൂക്ഷിച്ചു കൊ
ള്ളുവിൻ എന്ന് രാജാവിന്റെ കല്പന ഞാൻ കെട്ടുവല്ലൊ എന്നു പറയുമ്പൊൾ
യൊവാബ് ഞാൻ താമസിക്കയില്ല എന്നു ചൊല്ലി മൂന്നു കുന്തം എടുത്തു പൊയി

ശാലൊമിന്റെ മാറിൽ കുത്തി കൊല്ലിക്കയും ചെയ്തു—
അനന്തരം ചില ആളുകൾ ദാവീദിന്റെ അടുക്കെ എത്തി ശത്രുക്കൾ തൊറ്റു
മകനും മരിച്ചിരിക്കുന്നു എന്ന അറിയിച്ചപ്പൊൾ അവൻ ഭ്രമിച്ചു എൻ മക
നായ അബ്ശാലൊമെ ഞാൻ നിണക്കു പകരം എന്തുകൊണ്ടു മരിക്കാതിരുന്നു
എന്റെ മകനെ എൻ മകനെ എന്നു വിളിച്ചു കരഞ്ഞു കൊണ്ടിരുന്നു- ആ അപജയ
ത്താൽ മത്സരിച്ചവർ എല്ലാവരും അടങ്ങി രാജാവൊടു ഇണക്കവും ശരണ
വും അപെക്ഷിച്ചു- പിന്നെ യഹൂദഗൊത്രക്കാർ യൎദ്ദൻ തീരത്തു വന്നു ദാവീദി
നെ എതിരെറ്റു കടത്തിയപ്പൊൾ ശിമയിയും വന്നു രാജാവെ കണ്ടു തൊഴുതു
മുമ്പെ ശപിച്ചതിന്നു അവരെ താല്പൎയ്യത്തൊടെ ക്ഷമ ചൊദിച്ചു- ഇപ്രകാരം ദാ
വീദ് ജയഘൊഷത്തൊടെ യരുശലെമിൽ മടങ്ങി വന്നു ജീവപൎയ്യന്തം രാജാ
വായി വാണു സൎവ്വപ്രജകളെയും രക്ഷിച്ചു പൊരുകയും ചെയ്തു—

൪൰. ഇസ്രയെലിലെ രൊഗബാധ-

ദാവീദ് യരുശലെമിലെക്ക വരുമ്പൊൾ മത്സരഭാവം പുതുതായി തുടങ്ങി
ബെന്യമീൻകാരനായ ശെബ എന്ന ഒരുത്തൻ കലഹത്തിന്നായി കാഹളം ഊതി
ദാവീദ് ഭവനത്തൊടു ഞങ്ങൾക്ക എന്തൊരു ചെൎച്ച ഒരൊ ഗൊത്രക്കാർ തങ്ങ
ൾക്ക ബൊധിക്കുന്ന പ്രകാരം കാൎയ്യാദികളെ നടത്താമല്ലൊ എന്നും മറ്റും പറഞ്ഞു
ദ്രൊഹിച്ചാറെ യൊവാബ് പട്ടാളങ്ങളെ ചെൎത്തു കലഹക്കാരെ പിന്തുടൎന്നു ശെ
ബയെ കൊല്ലിച്ചു അവനൊടു ചെൎന്നവരെ അമൎത്തു വെക്കയും ചെയ്തു
കുറയ കാലം കഴിഞ്ഞ ശെഷം മത്സരദൊഷം ദാവീദിന്റെ ഭവനത്തിൽ
തന്നെ ജനിച്ചു വന്നു- രാജാവ് വൃദ്ധനായപ്പൊൾ അബ്ശാലൊമിന്റെ
അനുജനായ അദൊനിയാ [illegible] തന്റെ [illegible] കളെയും മറ്റും സ
മ്പാദിച്ചു യൊവാബിന്റെ സഹായത്താൽ രാജാസനം കരെറിയപ്പൊൾ അവ
കാരം വാഴ്ത്തുവാൻ പ്രതിജ്ഞ [illegible] രാജാവിന്റെ പുത്രനായ ശലൊമൊനെ വരെ [illegible]
കൊണ്ടു [illegible] സാദൊക്ക [illegible] സാഹസത്തിന്നു [illegible] ശലൊമൊന്റെ
[illegible] രാജാവ് എന്നു ഘൊഷിപ്പിക്കയും ചെയ്തു—
അവൻ രാജാസനം കരെറും [illegible] രാജ്യത്തിൽ [illegible]

ധ്യുണ്ടായിരുന്നതിന്റെ സംഗതി എന്തെന്നാൽ- സാത്താൻ ഇസ്രായെലിന്നു വി
രൊധം ഭാവിച്ചു രാജാവെ വശീകരിച്ചപ്പൊൾ ദാവിദ് മന്ത്രികളൊടു ഇസ്രായെ
ലിൽ പടെക്കു പ്രാപ്തിയുള്ള പുരുഷന്മാരെ എണ്ണുവിൻ എന്നു കല്പിച്ചു- യൊ
വബ് ഈ കാൎയ്യം ദൈവത്തിന്ന് അനിഷ്ടം എന്നറിഞ്ഞു വിരൊധിച്ചു എങ്കി
ലും രാജാവ് കെൾക്കായ്കകൊണ്ടു തലവന്മാരൊടു കൂടെ പുറപ്പെട്ടു ഒമ്പതു മാസത്തി
ന്നകം എല്ലാവരെയും എണ്ണി ചാൎത്തി കണക്ക് അറിയിച്ചാറെ രാജാവിന്നു
ഇതു അകൃത്യം എന്ന ബൊധം വന്നു ദുഃഖിച്ചു യഹൊവയൊടു ഞാൻ ചെയ്ത പാ
പത്തെ ക്ഷമിക്കെണമെ എന്നു അപെക്ഷിച്ചു അപ്പൊൾ ദൈവനിയൊ
ഗത്താൽ പ്രവാചകനായ ഗാദ് രാജാവെ ചെന്നു കണ്ടു യഹൊവ മൂന്നിൽ ഒ
ന്നു വരിപ്പാൻ കല്പിക്കുന്നു ൭ വൎഷത്തെ ക്ഷാമമൊ- മൂന്നു മാസത്തെ അപ
ജയമൊ- മൂന്നു ദിവസത്തെ രൊഗബാധയൊ എന്തു വെണ്ടു എന്നു പറഞ്ഞു
കെട്ടാറെ ദാവിദ് എനിക്ക് അത്യന്തം വ്യാകുലം ഉണ്ടു യഹൊവ മഹാ കരുണ
യുള്ളവനാകകൊണ്ടു ഞാൻ അവന്റെ കൈയിൽ വീഴട്ടെ മനുഷ്യരുടെ
കൈയിൽ അരുത് എന്നു പറഞ്ഞ ശെഷം യഹൊവ മഹാഘൊരത്തെ ഇസ്ര
യെലിൽ വരുത്തി ദാനിൽനിന്നു ബെൎശബ വരെക്കും ൭൦൦൦൦ ജനങ്ങൾ മരിക്ക
യും ചെയ്തു- പിന്നെ ദൈവദൂതൻ യരുശലെമിൽ നാശം ചെയ്യുമ്പൊൾ യഹൊ
വ മനസ്സലിഞ്ഞു മതി എന്നു കല്പിച്ചു- ദാവിദ് ദൈവദൂതൻ മൊറിയമല
മെൽ അരവ്നാ എന്ന യബൂസ്യ പ്രഭുവിന്റെ കളത്തിൽ നില്ക്കുന്നത് കണ്ടപ്പൊൾ
പ്രാൎത്ഥിച്ചു പിന്നെ അങ്ങൊട്ടു ചെന്നു ആ പ്രഭുവൊടു കാളകളെയും കളത്തെ
യും വിലെക്കു വാങ്ങി യഹൊവെക്കു ബലിപീഠത്തെ പണിയിച്ചു ബലികഴി
ച്ചു പ്രാൎത്ഥിച്ചു ഉടനെ ബാധ തീരുകയും ചെയ്തു-

അനന്തരം ദാവിദ് മൊശ കുടെയുള്ള പ്രകാരം ലെവ്യരിൽനിന്നു ൩൮൦൦൦ പെ
രെ വരിച്ചു ന്യായാധിപതികളാക്കി- ശെഷം ലെവ്യരെ വകുപ്പുകളാക്കി ദൈവാ
ലയത്തിലെ സെവക്കായി നിയമിച്ചു- പിന്നെ ആസാഫിന്റെ പുത്രന്മാരിൽ
നിന്നു ൪൦൦൦ ആളുകളെ എടുത്തു അവരെയും വകുപ്പാക്കി ദൈവാലയത്തിലെ
വാദ്യഘൊഷവണിക്കാരാക്കി വെച്ചു ഇവൎക്കു മൂപ്പന്മാർ യദുതൂൻ- ഹെമാൻ- എ

തിരുവൎത്തനെം-

൪൨. ശലൊമൊൻ-

ദാവിദ്‌രാജാവ് അധികടത്തെന്റെ വാഴ്ചയുടെ ഒടുക്കത്തിൽ ദൈവാരാധനാ ക്രമത്തിൽ ആദിയിസകലവും വഴിപൊലെ നടക്കെണ്ടതിന്നു ഉത്സാഹിച്ചു പ്രകാരം അവസാനം വരെ ആ വിശുദ്ധകാൎയ്യം തന്നെ മനസ്സിൽ ധരിച്ചു വെഹു താല്പൎയ്യത്തൊടെ നടത്തി- അവൻ രാജ്യത്തിലെ പ്രധാനികളെയും ശ്രെഷ്ഠന്മാരെയും വരുത്തി അവരുടെ മുമ്പാകെ തന്റെ പുത്രനായ ശലൊമൊന്റെ വക്കൽ രാജ്യഭാരം എല്പിച്ചു താൻ പണിയിപ്പാൻ ഭാവിച്ച ദൈവാലയത്തെ താമസം കൂടാതെ കെട്ടിതീൎക്കെണം എന്നു കല്പിച്ചു- പിന്നെ താൻ വരച്ച മാതൃകകളെയും കെട്ടിപണിക്ക് തെറ്റമില്ലാതെ തൊകം സ്വരൂപിച്ചു വെള്ളി ചെമ്പ് ഇരിമ്പു മുതലായ ലൊഹങ്ങൾ കിട്ടിയുള്ള പൊൻ വെള്ളി പാത്രങ്ങൾ മുറിച്ചു ഒരുക്കി മരങ്ങൾ ചെത്തിയ കല്ലുകൾ ഇവ ഒക്കെയും എല്പിച്ചു കൊടുത്തശെഷം ജനങ്ങളൊടും പ്രത്യെകം ധനവാന്മാരൊടും നിങ്ങളും പ്രാപ്തിപൊലെ വിശുദ്ധ പണിക്കായി പൊൻ വെള്ളി മുതലായ വസ്തുക്കളെ ഇങ്ങു കൊണ്ടുകൊടുപ്പിൻ എന്നു പറഞ്ഞു ഉത്സാഹിപ്പിക്കയും ചെയ്തു- ശലൊമൊന്നു ഉണ്ടായ ധനപുഷ്ടിപൊലെ ആ കാലത്തുള്ള രാജാക്കന്മാൎക്ക് ആൎക്കും ഉണ്ടായില്ല- ഇസ്രയെല്യർ അവന്റെ വാഴ്ചയിൽ സമാധാനത്തൊടെ പാൎത്തു രാജ്യത്തിലെ ഫലപുഷ്ടി സുഖെന അനുഭവിച്ചു- എന്നാലൊ ധനത്തെക്കാളും രാജാവിന്നു ജ്ഞാനം അധികമായി വന്നു- അതിന്റെ കാരണം അവൻ രാജ്യഭാരം എറ്റപ്പൊൾ യഹൊവ ഒരു സ്വപ്നത്തിൽ പ്രത്യക്ഷനായി നിനക്ക് ഇഷ്ടമായതിനെ ചൊദിക്ക എന്നു കല്പിച്ചപ്പൊൾ ശലൊമൊൻ നിന്റെ അസംഖ്യ ജനത്തെ ഭരിക്കെണ്ടതിന്നു ഞാൻ ചെറുപ്പം ആകുന്നു ക്രാന്തവൊലനാസ്തന്ത്രത്തൊടു ഗുണദൊഷങ്ങളെ തിരിച്ചു നെരും ന്യായവും നിന്റെ വംശത്തിൽ നടത്തെണ്ടതിന്നു കെട്ടുറപ്പുള്ള ഹൃദയം തരിക്കെണമെ എന്നെ പ്രകാരം അവൻ ചൊദിച്ചപ്പൊൾ യഹൊവ പ്രസാദിച്ചു ദീൎഘായുസ്സു സമ്പത്തു ശത്രുനാശം ഇവ കൂടെ വരം ഒക്കെയും അനുസരിക്കുന്ന

ഹൃദയനെരൊടെ ചൊദിച്ചതുകൊണ്ടും ഞാൻ നിന്റെ അപെക്ഷപൊലെ ലൊകത്തിലാൎക്കും വരാത്ത ജ്ഞാനവും വിവെകവുമുള്ള ഹൃദയം ഞാൻ നിനക്കു തരുന്നു നീ അപെക്ഷിക്കാത്ത ഐശ്വൎയ്യവും തെജസ്സും നിന്റെ കാലത്തുള്ള രാജാക്കന്മാരിലും അധികമാക്കി സാധിപ്പിച്ചു തരികയും ചെയ്യുമെന്നു കല്പിച്ചു - ആ പ്രകാരം തന്നെ അവന്നു സംഭവിക്കയും ചെയ്തു

ശലൊമൊന്നുണ്ടായ ജ്ഞാനസമ്പത്തു പ്രതാപം എന്നിവ വൎദ്ധിച്ചിരുന്നതി-വൻ തന്നെ എല്ലാ രാജാക്കന്മാരിലും കീൎത്തി ഏറിയവൻ - അവൻ ഒഫീരാദികളിൽ കപ്പലുകളെ അയച്ചു വ്യാപാരം നടത്തി - ദൂരദെശങ്ങളിൽനിന്നു രാജാക്കന്മാർ അവനെ ചെന്നു കണ്ടു അവന്റെ ജ്ഞാനത്തെ കെട്ടു ആശ്ചൎയ്യപ്പെട്ടു - അവന്റെ സുഭാഷിതങ്ങൾ ഇന്നും മൂഢന്മാൎക്കും ബുദ്ധിമാന്മാൎക്കും ബുദ്ധിവിസ്താരത്തിനും ഫലമെകുന്ന ജ്ഞാനവൃക്ഷമായിരിക്കുന്നു - ഇത്ര അത്യന്തവിശെഷം രാജാവിന്നുണ്ടായിരുന്നു എങ്കിലും അവൻ പാപത്തിൽനിന്നു തെറ്റി ശുദ്ധനായി പാൎത്തുവന്നവനല്ല - അവൻ മൊവാബ്യർ മിസ്ര മുതലായ ദെശങ്ങളിൽനിന്നും കനാൻ വംശത്തിൽനിന്നും മറ്റും പലജാതി രാജപുത്രിമാരെ വരുത്തി രാജധാനിയിൽ പാൎപ്പിച്ചു അവർ തങ്ങളുടെ ബിംബങ്ങളെയും കൊണ്ടുവന്നു വെച്ചു സെവിച്ചു ശലൊമൊന്റെ മനസ്സും വഷളാക്കിക്കളഞ്ഞു - ആ പ്രകാരം ജ്ഞാനമെറിയ രാജാവ് യഹൊവയും ഇസ്രയെല്യരും ഒഴിച്ചുകൂടാതെ ഇരിക്കുന്ന മഹാപാപത്തിൽ അകപ്പെട്ടുപൊയതിനാൽ ഫലവും അനുഭവിക്കെണ്ടിവന്നു - ഈവക ദൊഷങ്ങളെ ഭയപ്പെട്ടു ഒഴിഞ്ഞുനില്പാൻ അവൻ എല്ലാവൎക്കും ദൃഷ്ടാന്തമായി ഭവിക്കയും ചെയ്തു

൧൬. രാജ്യവിഭാഗം

ശലൊമൊ മരിച്ചതിന്റെ ശെഷം പുതിയ രാജാവെ വാഴിപ്പാൻ ഇസ്രയെൽ പുരുഷന്മാർ എല്ലാവരും ശികെമിൽ വന്നുകൂടി - അവർ ശലൊമൊന്റെ പുത്രനായ രഹബ്യാമിന്റെ ദുശ്ശീലവും ക്രൂരസ്വഭാവവും അറിഞ്ഞിട്ടു യരൊബ്യാം എന്ന മിസ്ര്യസ്ഥാൻ മുഖാന്തരം അവനൊടു നിന്റെ പിതാവ് ഞങ്ങളുടെ മെൽ അധികം ഭാരമാക്കി വെച്ചിരിക്കുന്ന [illegible] നുകം കുറച്ചു ഞങ്ങൾക്കു ഗുണം വരുത്തിയാൽ

ൾ ഞങ്ങൾക്കിനിയെന്നനുസരിച്ചു സെവിക്കാം എന്നു ബൊധിപ്പിച്ചാറെ രെഹബ്യാം
കാര്യം വിചാരിച്ചു എൻ പിതാവ് നിങ്ങളുടെ നുകത്തെ ഭാരമാക്കി എന്നാൽ ഞാൻ
അതിൽ നിന്നു കുറക്കാതെ ഇല്ലാ കൂട്ടുകയത്രെ ചെയ്യും അപ്പന്റെ അരയെക്കാളും എ
ൻ ചെറുവിരൽ തടിച്ചതാകുന്നു എന്നപ്പൻ ചമ്മട്ടികളെ കൊണ്ട് അടിച്ചു ഞാൻ തേളാ
ന്റെ ചമ്മട്ടികളാകുന്ന തെളുകളെക്കൊണ്ടു ശിക്ഷിക്കും എന്നു കല്പിച്ചു
ഈ കഠിന വാക്കു കെട്ടു അവരിൽ നിന്നു ഗുണം വരികയില്ല എന്നു കണ്ടപ്പൊൾ ഇ
സ്രയെല്യർ ദാവിദ് വംശം നമുക്കു എന്തു ഇസ്രയെലെ നിന്റെ കുടികളിലെക്കു തിരിച്ചു
ചെല്ലുക - ദാവിദെ നിന്റെ ഭവനത്തെ നൊക്കുക എന്നു പറഞ്ഞു പിരിഞ്ഞു - ഇപ്രകാ
രം പത്തു ഗൊത്രങ്ങൾ ദാവിദ് ഗൃഹത്തിൽ നിന്നു നീങ്ങി തങ്ങൾക്കു ഇ
സ്രയെൽ രാജ്യത്തെ സ്ഥാപിച്ചു യരൊബ്യാം എന്ന പ്രാപ്തിയുള്ള നായകനെ രാജാ
വാക്കി അനുസരിക്കും ചെയ്തു - പിന്നെ രഹബ്യാം പിരിഞ്ഞു പൊയ ഇസ്രയെലെ
രൊടു പകവീളുവാൻ യുദ്ധത്തിന്നു വട്ടം കൂട്ടി പുറപ്പെട്ടാറെ യഹൊവ ശമയ്യ എന്ന
പ്രവാചകനെ അയച്ചു പറയിച്ചതു നിങ്ങൾ സഹൊദരന്മാരൊടു പൊരുവാൻ പൊ
ല്ലാതെ മടങ്ങി പൊകുവിൻ ഈ കാര്യം എന്നിൽ നിന്നു ഉണ്ടായതു - എന്നു ഇപ്രകാ
രം കെട്ടപ്പൊൾ അവർ അനുസരിച്ചു മടങ്ങി പൊകയും ചെയ്തു -
എന്നാറെ യരൊബ്യാം ഇസ്രയെൽ ദൈവമായ യഹൊവയെ ഉപെക്ഷിച്ചു ജ
നങ്ങൾ ആരാധനക്കായി ബെഥെൽ ദാൻ എന്ന രണ്ടു സ്ഥലങ്ങളിൽ പൊൻ കാളകളെ
പ്രതിഷ്ഠിച്ചു ഇസ്രയെൽ പെരുന്നാളിന്നു യരുശലെമിലെക്കു പൊകുന്നതും വി
രൊധിച്ചു പിന്നെ ബെഥെലിൽ ഉണ്ടാക്കിയ ബലിപീഠത്തിന്മെൽ താൻ ധൂപം
കഴിപ്പാൻ ഭാവിച്ചപ്പൊൾ യഹൊവ യഹൂദയിൽ നിന്നു അയച്ചിരുന്ന
ഒരു ദീർഘദർശി ചെന്നു ബലിപീഠത്തെ നൊക്കി യഹൊവയുടെ വാക്കു കെട്ടു ദാവിദ് വംശ
ത്തിൽ നിന്നു യൊശിയാ എന്ന ഒരുത്തൻ ജനിച്ചു നിന്റെ മെൽ പൂജാരികളെ അറുത്തു അ
സ്ഥികളെയും ചുട്ടുകളയും എന്നും മറ്റും കെട്ടാറെ യരൊബ്യാം കൈ നീട്ടി അവ
നെ പിടിപ്പിൻ എന്നു കല്പിച്ചപ്പൊൾ കൈ ശൊഷിച്ചു പീഠം പിളർന്നു
ചാരം തൂകി - പിന്നെ രാജാവ് ദീർഘദർശിയൊടു നീ എനിക്കു വെണ്ടി യഹൊവയൊടു
പ്രാർത്ഥിക്കെണം എന്നു അപെക്ഷിച്ചാറെ അവൻ പ്രാർത്ഥിച്ചു രാജാവിന്റെ കൈ

സ്മാരകവസ്തുക്കളാകും എന്നു — അനന്തരം യെഹൂദായിൽനിന്ന് ദൈവകല്പനപ്രകാരം
ചെയ്തൊരുവൻ തന്റെ വീട്ടിലേക്ക് യാത്രയായപ്പോൾ വൃദ്ധനായൊരു പ്രവാചകൻ ബെത്തെ
ലിൽനിന്നു വന്നു അവന്റെ വഴിയിൽ ചെന്നു പറഞ്ഞു അവനെ മ
ടക്കി തന്റെ വീട്ടിൽ പാർപ്പിച്ചു — അവൻ ദൈവകല്പനെക്കു വിരോധമായി ഭക്ഷിച്ചു
കുടിച്ചു ശേഷം പിന്നെ തന്റെ സ്ഥലത്തേക്കു പുറപ്പെട്ടു പോയി
വഴിയിൽ വെച്ചു ഒരു സിംഹം അവനെ കണ്ടു പിടിച്ചു കൊന്നു കഴുതയെയും
ശവത്തെയും തൊടാതെ നിന്നുകൊണ്ടിരുന്നു — വൃദ്ധനായ ബെത്തെലിലെ ആ പ്രവാ
ചകൻ കേട്ടപ്പോൾ ഈ ദൈവമനുഷ്യനെ കൊണ്ടുവന്നു തന്റെ കല്ലറയിൽ അടക്കി പുറപ്പെ
ട്ടു പോയിരുന്ന അവനെ ചൊല്ലി ദുഃഖിക്കയും ചെയ്തു —
യരോബ്യാം ഇപ്രകാരമുള്ള ദൈവശിക്ഷകളെ കണ്ടിട്ടും ദുർനടപ്പിനെ വിടാ
തെയും മനസ്സു തിരിയാതെയും ബിംബങ്ങളെ സേവിച്ചു രാജ്യത്തെയും
പ്രജകളെയും വഷളാക്കി കളഞ്ഞു — ഇസ്രായേൽ യഹോവയെ വിട്ടു അന്യ
ദേവകളെ ആരാധിച്ചുകൊണ്ടിരിക്കുമ്പോൾ സൌഖ്യവും സമാധാനവും രാ
ജ്യത്തിൽനിന്നു നീങ്ങി കലഹമത്സരങ്ങളും ജനിച്ചു ഒരൊരുത്തർ ഉപദ്രവിച്ചു രാ
ജാവെ ഭ്രഷ്ടനാക്കി കൊന്നു തങ്ങൾ രാജാസനം ഏറുവാൻ തുനിയും — അ
വർ യരോബ്യാം സ്ഥാപിച്ച വൃഷഭസേവയെ മാത്രമല്ല അന്യജാതികളുടെ
സകല ബിംബാരാധനയെയും സ്വീകരിച്ചു നടത്തി നരബലികളെയും കഴിച്ചു ഏ
റ്റം അധമമായ കർമ്മങ്ങളിൽ രസിച്ചു ദുഷ്ടരായി ചമകയും ചെയ്തു —

൫൫. ഏലിയാ —

യഹോവയെ ഉപേക്ഷിച്ചു അന്യദേവകളെ സേവിച്ച രാജാക്കന്മാരിൽ
ആഹാബ് എന്നവൻ പ്രധാനൻ — അവന്റെ ഭാര്യയാകുന്ന ഈസെബെൽ ശമ
ര്യാവട്ടത്തിൽ ബാലിനുള്ള ക്ഷേത്രങ്ങളെ പണിയിച്ചു അവറ്റിൽ ഇടോ
ന്യദേവകളെ പ്രതിഷ്ഠിച്ചു — ബാൽദേവനു ൪൫൦ അസ്തരോത്തിന്നു ൪൦൦
പ്രവാചകന്മാരെയും വെച്ചു ഉഗ്രമായ സേവയെ നടത്തി — ഏറ്റവും യഹോവയെ ഉപേ
ക്ഷിച്ചു യഹോവയുടെ പ്രവാചകന്മാരെ കൊല്ലുകയും ചെയ്തു — അ
ന്നു ആഹാബിന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ മാത്രം യഹോവയെ ഭ

യപ്പെട്ട അവൻ രാജാക്കന്മാരുടെ ശത്രു പ്രവൃത്തിയെ താന്നെ ദുഃഖിച്ചു - ഹാ - പ്രവാച
കന്മാരെ പ്രവാചകന്മാരിൽ ഉൾപ്പിട്ടു പരസ്യമാക്കി അപ്പവും വെള്ളവും കൊണ്ടു പോ
ട്ടുന്നു - ആ കാലത്തിൽ എലിയാസ് ദീർഘദർശിയാകുന്ന മഹാത്മാവ് ഞാൻ സേവി
ക്കുന്ന യഹോവ ജീവനാണ എന്നോൻ പറഞ്ഞപോലെ ഈ സംവത്സരങ്ങളിൽ
മഴയും മഞ്ഞും ഉണ്ടാകയില്ല എന്നു പറഞ്ഞു - പിന്നെ അവൻ ക്ഷാമം ...
വെള്ളത്തെ കുടിച്ചിട്ടും അതിൽ കാക്കകൾ കൊണ്ടുവന്ന അപ്പങ്ങ
ളും ഇറച്ചികളും തെക്കൊപ്പത്തിരിക്കും കൂടിക്കയും ചെയ്തു

അനന്തരം തോട്ടു വറ്റിപ്പോയാറെ ഷറപ്പത്തിലെക്ക പൊകുവാൻ കല്പനയായി -
അവൻ അ നഗരത്തിന്റെ പുറത്തു വാതിൽക്കലെ ചെന്നപ്പോൾ വിറകു പെറുക്കുന്ന ഒരു വിധവ
യെ കണ്ടു വെള്ളത്തിനും അപ്പത്തിനും ചോദിച്ചാറെ ഒരു പിടി മാവും എണ്ണയും
ഒഴികെ ഒന്നും ഇല്ലായിരിക്കുന്നു വിറകു കൊണ്ടു ചെന്നു പുത്രന
മായിട്ടു അപ്പം ചുട്ടു തിന്നിട്ടു പിന്നെ മരണം കാത്തിരിക്കുന്നു എന്ന
വൾ പറഞ്ഞപ്പോൾ എലിയാസ് ഭയപ്പെടെണ്ട ഇനി എന്റെ ...
നിക്കുമ്പൊൾ കൊണ്ടുവാ പിന്നെ നിനക്കും മകനും ... മാവും എണ്ണ
യും മഴ പെയ്യുന്ന ദിവസത്തോളം കുറഞ്ഞു കാണില്ല എന്ന ദൈവത്തിന്റെ
ദേവം കല്പിക്കുന്നു എന്നു പറഞ്ഞു അവൾ കൊടുത്തു അവർ ഭക്ഷിച്ചു ദിവസ
ത്തോളം അവരുടെ ... ദൈവവചന പ്രകാരം തീരാതിരുന്ന
പാത്രം കുറഞ്ഞു പോകാതിരിക്കയും ചെയ്തു -

പിന്നെ മഴ ഒട്ടും ഉണ്ടാകാതെ മൂന്നു വർഷം കഴിഞ്ഞതിന്റെ ശേഷം യഹോവ താ
ൻ മഴ പെയ്യിപ്പാൻ പോകുന്നു ... ആഹാബിനോടു ...
ൽ ചെല്ലുക എന്നു കല്പിച്ചു എലിയാസ് ചെന്നപ്പോൾ ... അവൻ
... ദൈവത്തിന്റെ വചനം ... കൽപ്പിച്ചിരിക്കുന്നു ഞാൻ ...
യും നിൻ പിതാവിൻ കുഡുംബവും യഹോവയുടെ കല്പനയെ ...
... കല്പനകളെ ... എന്ന പറഞ്ഞു -
അനന്തരം ... പ്രകാരം ...
... കൎമ്മലമലയിൽ വന്നു കൂടിയപ്പോൾ ...

ൾ രണ്ടു പക്ഷമാകുന്നതു എത്രൊളം യഹൊവാ ദൈവമെങ്കിൽ അവനെ പി
ഞ്ചെല്ലുവിൻ ബാൾ എങ്കിൽ അവനെ പിഞ്ചെല്ലുവിൻ എന്ന
പറഞ്ഞതിന്നു ഉത്തരം മിണ്ടാതെ പാർത്ത സമയം യഹൊവാ പ്രവാചകനിൽ ഞാന
ത്രെ ശെഷിച്ചുള്ളു ബാളിന്നുള്ളവർ ൪൫൦ പെരുണ്ടല്ലൊ - ഒരു കാളയെ അ
വരും ഒരു കാളയെ ഞാനും ബലികഴിക്കട്ടെ ആരും തീ കൊളുത്തരുത് - അ
വർ തങ്ങളുടെ ദെവനാമത്തെ വിളിക്കട്ടെ ഞാനും യഹൊവാ നാമത്തെ വിളിക്കും
അഗ്നികൊണ്ടു ഉത്തരം കല്പിക്കുന്നവൻ അത്രെ ദൈവമാകെണ്ടു എന്നു പറഞ്ഞ
തു എല്ലാവർക്കും സമ്മതമായി - പൂജാരികൾ ഒരു കാളയെ കൊന്നു ഒരുക്കി തറ
മെൽ വെച്ചു ഉദയം മുതൽ ഉച്ചയൊളം ബാളെ വിളിച്ചു തുള്ളിച്ചുറ്റികൊണ്ടി
രുന്നു - ഉത്തരം ഒന്നും വരാഞ്ഞപ്പൊൾ ഏലിയ പരിഹസിച്ചു ബാൾ ധ്യാനിക്കുന്ന
വൊ പ്രയാണമായൊ ഉറങ്ങുന്നവൊ എന്തായിട്ടും വിളിപ്പിൻ എന്നു പറഞ്ഞ
തു കെട്ടു അവർ നിലവിളിച്ചു തങ്ങളെ കുത്തി വെട്ടി മുറിച്ചും കൊണ്ടു സന്ധ്യ
യാഗം വെളിച്ചപ്പാടു കഴിച്ചു എന്നിട്ടും ഉത്തരം ഉണ്ടായതുമില്ല -
ബലി കഴിക്കെണ്ടിയ നെരം ആയപ്പൊൾ ഏലിയാ ജനങ്ങളെ അടുക്കെ
വിളിച്ചു ഇടിഞ്ഞു പൊയ യഹൊവാ തറയെ നന്നാക്കി ൧൨ കല്ലും കൊണ്ടു കെ
ട്ടി കാളയെ ഖണ്ഡിച്ചു തറമെൽ വെച്ചു കുഴി നിറവൊളം ബലിയുടെ മെൽ വെ
ള്ളം ഒഴിപ്പിച്ചു ശെഷം അബ്രഹാം ഇസ്സാക്ക് യാക്കൊബ എന്നവരുടെ ദൈവ
മായ യഹൊവയെ ഇസ്രയെലിൽ നീ ദൈവം എന്നും ഞാൻ നിന്റെ ഭൃത്യൻ
എന്നും ഇതൊക്കയും നിന്റെ വചനപ്രകാരം ചെയ്തു എന്നും ഇന്നു അറിയുമാറാകെ
ണം എന്നു പ്രാർത്ഥിച്ചു ഉടനെ യഹൊവയുടെ അഗ്നി ഇറങ്ങി ബലിയെയും
ചാലിലെ വെള്ളത്തെയും മറ്റും സംഹരിച്ചു ജനം എല്ലാം മുഖം കവിണ്ണു വീണ
യഹൊവാ തന്നെ ദൈവം എന്നു വിളിച്ചു പറഞ്ഞു ഏലിയാ ബാളിന്റെ പൂ
ജാരികളെ പിടിപ്പിച്ചു കൊല്ലിക്കയും ചെയ്തു - പിന്നെ നാട്ടിലെ വറൾച്ചയെ കണ്ടു മ
ഴ ഉണ്ടാകുവാൻ ഏറ്റം പ്രാർത്ഥിച്ചു ബാല്യക്കാരനെ ൭ പ്രാവശ്യം പടിഞ്ഞാറൊ
ട്ടു നൊക്കുവാൻ നിയൊഗിച്ചു അവൻ ൭ാമത് നൊക്കിയപ്പൊൾ കടലിൽനിന്നു
കൈപ്പത്തിപ്രമാണം കാർ എഴുന്നെതു കണ്ട പ്രകാരം അറിയിച്ചു - പിന്നെ ഏലിയാ അ

ഹാബൊതെലിൽ കരെറി നാസ്ഥധാനിക്കയല്ലാറെ ആകാശം കാരുത്തവാന്ന
പൂർവ്വകൃത്യം ചൊല്ക

അനന്തരം ആഹാബിന്റെ പുത്രനായ അഹസ്യ ദീനം പിടിച്ചു തനിക്കു സൌഖ്യം ഉണ്ടാകുമൊ എന്നു ഫെലിസ്ത ദെവനായ ബാൽസെബുബിനൊടു ചൊദിപ്പാൻ എക്രൊനിൽ ദൂതരെ അയച്ചപ്പൊൾ എലിയാ അവരെ എതിരെറ്റു ഇസ്രയെലിൽ ദൈവം ഇല്ല എന്നു വെച്ചൊ നിങ്ങൾ എക്രൊനിൽ പൊകുന്നതു ഗുണം വരാതെ നീ മരിക്കും നിശ്ചയം എന്ന യഹൊവയുടെ അരുളപ്പാടാകുന്നു എന്നു പറഞ്ഞപ്പൊൾ ദൂതന്മാർ മടങ്ങി അഹസ്യയെ ചെന്നു കണ്ടു രൊമക്കുപ്പായം ധരിച്ചുള്ളൊരു ആൾ ഞങ്ങളെ എതിരെറ്റു രാജാവ് നിശ്ചയമായി മരിക്കും എന്നു കല്പിച്ചു കെട്ട പ്രകാരം ബൊധിപ്പിച്ചാറെ അഹസ്യ അയാൾ എലിയാ തന്നെ എന്നു ചൊല്ലി അവനെ കെട്ടി കൊണ്ടുവരെണ്ടതിന്നു ൫൦ ഭടന്മാരെ നിയൊഗിച്ചയച്ചു അവർ മലകരെറി എലിയാവുടെ അടുക്കെ എത്തിയപ്പൊൾ തലവൻ ഹെ ദൈവപുരുഷ രാജാവിന്റെ കല്പന പ്രകാരം നീ ഇറങ്ങിവാ എന്നു പറഞ്ഞു. അപ്പൊൾ എലിയ ഞാൻ ദൈവപുരുഷനായാൽ സ്വർഗ്ഗത്തിൽനിന്നു അഗ്നി വീണു നിന്നെയും നിന്റെ ൫൦ ഭടന്മാരെയും സംഹരിക്കുക എന്നു കല്പിച്ചു അപ്രകാരവും സംഭവിച്ചു- അതിന്റെ ശെഷം രാജാവ് മറെറാരുത്തനെ ൫൦ ആളുകളൊടു കൂട അയച്ചു അവരും തീയാൽ നശിച്ചു മൂന്നാമത്തും ഒരുവൻ ചെന്നു എത്തി വണങ്ങി ദൈവപുരുഷ കരുണ വിചാരിച്ചു ഞങ്ങളെ സംഹരിക്കാതിരിക്കെണമെ എന്ന് അപെക്ഷിച്ചപ്പൊൾ എലിയാ ദൈവവചനപ്രകാരം അവനൊടു കൂട മലയിൽനിന്നു ഇറങ്ങി രാജാവെ ചെന്നു കണ്ടു- ഇസ്രയെലിൽ ദൈവം ഇല്ല എന്ന പൊലെ എക്രൊനിൽ വാഴുന്ന ബാൽസെബുബിനൊടു ചൊദിപ്പാൻ നീ ദൂതരെ അയച്ചതിനാൽ ഈ ദീനത്തിന്നു ഗുണം വരാതെ നീ മരിക്കും നിശ്ചയം എന്ന യഹൊവയുടെ അരുളപ്പാടാകുന്നു എന്നു പറഞ്ഞു- അഹസ്യ ആ വചനപ്രകാരം മരിക്കയും ചെയ്തു-

൪൫. എലിശ

എലിയാ ദൈവനിയൊഗപ്രകാരം തന്റെ ശിഷ്യനായ എലിശയെ സ്വ

സ്ഥാനത്തിൽ ആക്കിയശെഷം യഹൊവ അവനെ കൊടുങ്കാറ്റിൽ കൂടി സ്വർഗ്ഗ
ത്തിൽ കരെറ്റുമാറാക്കി അവന്റെ ആത്മശക്തി ഒക്കയും എലിശമെൽ അധിവസി
ച്ചു- എലിശ പിന്നെ ബെത്തെലിലെക്ക കയറി പൊകുമ്പൊൾ ബാല്യക്കാർ എ
തിരെറ്റു അവനെ നിന്ദിച്ചു മൊട്ടത്തലയാ കയറിവാ എന്ന് ഹസിച്ചപ്പൊൾ അ
വൻ അപ്പൊൾ കൊപിക്കെണ്ടുന്ന സമയമല്ലന്നറിഞ്ഞു അവരെ യഹൊവാനാ
മത്തിൽ ശപിച്ചാറെ കാട്ടിൽനിന്ന രണ്ടു കരടികൾ പാഞ്ഞു വന്ന ആ ദുഷ്ടന്മാ
രെ പല പെരെയും കീറിക്കളകയും ചെയ്തു-

അനന്തരം എലിശ ഒരു സ്ഥലത്ത വന്ന ഒരു ദീർഘദർശിയുടെ വിധവ അവ
നെ കണ്ടപ്പൊൾ എന്റെ ഭർത്താവ് മരിച്ചു പൊയി അപ്പൊൾ കടക്കാരൻ എന്റെ രണ്ടു
പുത്രന്മാരെ അടിമക്കാരാക്കി കൊണ്ടു പൊകുവാൻ വന്നിരിക്കുന്നു എന്ന സങ്കട
പ്പെട്ടു പറഞ്ഞപ്പൊൾ എലിശ നിന്റെ വീട്ടിൽ എന്തുണ്ട എന്ന ചൊദിച്ചതിന്ന അ
വൾ എന്റെ വീട്ടിൽ ഒരു കുടം എണ്ണ മാത്രം ഉണ്ട എന്ന പറഞ്ഞാറെ നീ പൊയി
അയല്ക്കാരിൽ നിന്ന ഒഴിഞ്ഞ പാത്രങ്ങളെ ചൊദിച്ചു വാങ്ങി പിന്നെ നീയും പുത്ര
ന്മാരും അകത്ത പ്രവെശിച്ചു വാതിൽ പൂട്ടി എണ്ണക്കുടത്തിൽനിന്ന പാത്രങ്ങളിൽ വ
ക്കൊളും പകർന്നിറക്ക എന്ന കല്പിച്ചു- അവൾ അപ്രകാരം ചെയ്തു പാത്രങ്ങളെ
നിറച്ചതിന്നാറെ മകനൊടു ഇനിയും ഒരു പാത്രം കൊണ്ടക്കൊടു എന്ന പറഞ്ഞ
തിന്ന പാത്രം എല്ലാം നിറഞ്ഞു എന്ന ചൊന്നാറെ എണ്ണ നിന്നു പൊയി- പി
ന്നെ എലിശ എണ്ണയെ വിറ്റു നിന്റെ കടം തീർത്ത ശെഷമുള്ളതുകൊണ്ടു നീയും പു
ത്രന്മാരും നിന്റെ വൃത്തി കഴിച്ചുകൊൾക എന്നും പറകയും ചെയ്തു

അനന്തരം സുറിയ രാജാവിന്റെ പടനായകനായ നായമാൻ കുഷ്ഠരൊ
ഗം പിടിച്ചു അവന്റെ ഭാര്യയുടെ ദാസിയായ ഒരു ഇസ്രയെല്യസ്ത്രീ അതി
നെ കണ്ടപ്പൊൾ എന്റെ യജമാനൻ ശമര്യയിൽ പാർക്കുന്ന ദീർഘദർശിയെ
ചെന്ന കണ്ടാൽ കൊള്ളാം ആയവൻ രൊഗശാന്തി വരുത്തും എന്ന ബൊധി
പ്പിച്ചാറെ നായമാൻ വളരെ സമ്മാനങ്ങളെ എടുത്തുകൊണ്ടു രഥത്തിൽ കയറി ഇസ്രാ
യെൽ നാട്ടിലെക്ക യാത്രയായി അവൻ ദീർഘദർശിയുടെ ഭവനത്തിന്റെ മുമ്പി
ൽ എത്തി അവസ്ഥ അറിയിച്ചാറെ എലിശ നീ ചെന്ന യർദ്ദനിൽ ഏഴു വട്ടം മുങ്ങിക്ക

എന്നു പറകിലും – നായമാൻ അതിനെ കെട്ടപ്പൊൾ ക്രുദ്ധിച്ചു പുറത്തുവന്നു
നിന്നു അവൻ തന്റെ ദൈവമായ യഹൊവനാമത്തെ വിളിച്ചു കൈ
കൊണ്ടു രൊഗസ്ഥലത്ത തടവിക്കൊണ്ടു കുഷ്ഠരൊഗത്തെ നീക്കും എന്നു
ഞാൻ വിചാരിച്ചിരുന്നു ദമസ്കിലെ നദികൾ ഇസ്രായെലിലെ വെള്ളങ്ങളെക്കാൾ
ഗുണം ഏറയുള്ളതല്ലയൊ എന്നു പറഞ്ഞൊരെ അവന്റെ ആളുകൾ അ
ച്ഛ തിരുവുള്ളത്തിൽ ഒരു വലിയ കാൎയ്യം ചെയ്വാൻ കല്പിച്ചു എങ്കിൽ നീ ചെ
യ്യുകയില്ലയൊ – കുളിക്ക എന്നാൽ ശുദ്ധനാകും എന്നു പറഞ്ഞാൽ എത്ര
അധികം ചെയ്യാവു എന്നു പറഞ്ഞു സമ്മതിപ്പിച്ചു – അപ്പൊൾ അവൻ യൊ
ൎദ്ദാൻ നദിയിൽ ഏഴു വട്ടം മുങ്ങിയാറെ കുഷ്ഠം മാറി അവന്റെ ശരീരം ഒ
രു ബാലന്റെ ശരീരം എന്ന പൊലെ ശുദ്ധമായി – അതിന്റെ ശെഷം അവ
ൻ മടങ്ങി ചെന്നു എലീശയെ കണ്ടു ഇസ്രായെലിൽ അല്ലാതെ ഭൂമിയി
ൽ എങ്ങും ഒരു ദൈവം ഇല്ല എന്നു ഞാൻ ഇപ്പൊൾ അറിഞ്ഞിരിക്കു
ന്നു എന്നു ചൊല്ലി ലഭിച്ച ഉപകാരത്തിന്നായി സമ്മാനങ്ങളെയും വെച്ചു അ
ന്നാൽ തിരുവുള്ളത്തിൽ ഞാൻ സെവിക്കുന്ന യഹൊവ ജീവനാണ ഞാൻ ഒന്നും
എടുക്കുകയില്ല നീ സമാധാനത്തൊടെ പൊയി കൊൾക എന്നു പറഞ്ഞയച്ചു –
അനന്തരം നായമാൻ യാത്രയായാറെ എലീശയുടെ ഭൃത്യനായ ഗഹാജി സ
മ്മാനമൊഹത്താൽ വഴിയെ ചെന്നു എത്തിയപ്പൊൾ തന്നെ രണ്ടു പ്രവാചക
ന്മാർ എന്റെ വീട്ടിൽ വന്നു അവൎക്ക വെണ്ടി ഒരു താലന്ത വെള്ളിയെയും
രണ്ടു കൂട്ടം വസ്ത്രങ്ങളെയും കൊടുത്തയക്കെണം എന്നു യജമാനന്റെ
അപെക്ഷ എന്നു വ്യാജം പറഞ്ഞു വസ്തുക്കൾ വാങ്ങിയിരിച്ചു പൊയി മറ
ച്ചു വീട്ടിൽ എത്തിയപ്പൊൾ എവിടെ നിന്നു വരുന്നു എന്നു എലീശ ചൊദിച്ചാ
റെ ഗഹാജി ഞാൻ എങ്ങും പൊയിട്ടില്ല എന്നുത്തരം പറഞ്ഞു അതിന്നു തിരുവുള്ള
ത്തിൽ നായമാൻ രഥത്തിൽ നിന്നു ഇറങ്ങി നിന്നെ എതിരെറ്റത ഞാൻ
കണ്ടില്ലയൊ ദ്രവ്യവും വസ്ത്രങ്ങളും വാങ്ങി നിലമ്പറമ്പുകളെ മറ്റും മെടി
ക്കെണ്ടുന്ന സമയമൊ നായമാനിൽ നിന്നു മാറിയ കുഷ്ഠം നി
ന്നിലും സന്തതിയിലും ജീവപൎയ്യന്തം പറ്റിയിരിക്കും എന്നു കല്പിച്ചു ഭൃത്യൻ

ഷ്ഠരൊഗിയാക്കിവാങ്ങിപൊകയും ചെയ്തു

അനന്തരം ഇസ്രയെൽ രാജാവ് സുറിയരൊടു പടകൂടിയപ്പൊൾ എലിശ ശ
ത്രുപാളയത്തിൽ നടക്കുന്നതെല്ലാം രാജാവെ അറിയിച്ചു- സുറിയരാജാ
വ അതിനെ കെട്ടറിഞ്ഞാറെ കാവിച്ചു എലിശ പാർത്തുവരുന്ന
ദൊദാൻ പട്ടണത്തെ വളഞ്ഞു ദീർഘദർശിയെ പിടിച്ചുകൊണ്ടുവരുവാൻ
സൈന്യങ്ങളെ അയച്ചു ശത്രുക്കൾ രാത്രിയിൽ എത്തി പട്ടണത്തെ വളഞ്ഞു
ദീർഘദർശിയുടെ ബാലകൻ പുലർച്ചെക്കൽ എഴുനീറ്റു ശത്രുസൈന്യത്തെയും തെ
ർ കുതിരകളെയും കണ്ടപ്പൊൾ യജമാനനെ അയ്യൊ കഷ്ടം നാം എ
ന്തു ചെയ്യെണ്ടു എന്നു നിലവിളിച്ചു പറഞ്ഞാറെ എലിശ പെടിക്കെണ്ട നമ്മുടെ
പക്ഷമായിരിക്കുന്നവർ അവരെക്കാൾ അധികമുള്ളവരാകുന്നു എ
ന്നു പറഞ്ഞു പ്രാർത്ഥിച്ച ശെഷം യഹൊവ ആ ബാലകന്റെ കണ്ണുകളെ
തുറന്നു അവൻ നൊക്കിയപ്പൊൾ മലമെൽ നിറഞ്ഞും എലിശയെ ചു
റ്റി നിന്നും കൊണ്ടിരിക്കുന്ന അഗ്നിമയമായ തെർ കുതിരകളെ കാണുകയും
ചെയ്തു- അവർ ദൈവദൂതന്മാർ എല്ലാവരും രക്ഷയെ അനുഭവിക്കെ
ണ്ടിയവരുടെ ശുശ്രൂഷെക്കായിട്ടു നിയൊഗിച്ചയച്ച ആത്മാക്കൾ അ
ല്ലെയൊ—

൫൩. അശ്ശൂരിലെ പ്രവാസം.

ആഹാബിന്റെ ശെഷം ൧൨ രാജാക്കന്മാർ ക്രമത്താലെ ദശഗൊത്രരാ
ജ്യത്തെ ഭരിച്ചതിൽ ഒരൊരുത്തൻ മറ്റവനെ കൊന്നും തള്ളിയും താ
ൻ സിംഹാസനം വാണു മറ്റൊരുത്തന്റെ അതിക്രമത്താൽ കഴിഞ്ഞു പൊക
യാൽ അവരുടെ വാഴ്ചകാലം അല്പം അത്രെ ആയുള്ളു- സുറിയക്കാ
ർ ഇസ്രയെൽ രാജ്യത്തെ അതിക്രമിച്ചു കവൎച്ചയും പലനാശവും ചെ
യ്തുവെന്നു- പ്രവാചകന്മാർ ബുദ്ധി ചൊല്ലി ദൈവത്തിന്റെ ഭയങ്കരശി
ക്ഷകളെ വർണ്ണിപ്പെട്ടറിയിച്ചാറെയും ജനങ്ങൾക്കു ബൊധം വരാതെ അധികം ബി
ംബാരാധനകളിലും മഹാപാതകങ്ങളിലും തന്നെ രസിച്ചു ലയിച്ചു പൊകയും ചെയ്തു
ഒടുവിൽ ബലമുള്ള അശ്ശൂർ സെനകൾ വന്നു രാജ്യത്തെ പിടിച്ചടക്കുകയും

വാങ്ങിക്കൊണ്ടിരുന്നു- ഹൊശെയ രാജാവ് അശ്ശൂർരാജാവായ ശല്മനസ്സരൊടു ചെയ്ത സന്ധി കരാറെ ലംഘിച്ചപ്പൊൾ അവൻ സൈന്യങ്ങളൊടു കൂട ചുഴലിക്കാറ്റു എന്നപൊലെ വന്നു ശമർയ്യ പട്ടണത്തെ നശിപ്പിച്ചു ൧൦ ഗൊത്രക്കാരെ വാഗ്ദത്തദെശത്തിൽനിന്ന് അശ്ശൂര്യ മുതലായ അന്യരാജ്യങ്ങളിലെക്ക കൊണ്ടുപൊയി പാർപ്പിച്ചു- അല്പം ആളുകൾ മാത്രം ഇസ്രയെൽ നാട്ടിൽ വസിപ്പാൻ സമ്മതിച്ചുള്ളു- അതിന്റെ ശെഷം അശ്ശൂർരാജാവ് സുറിയ മെസൊപൊതാമ്യ മുതലായ നാട്ടുകാരെ വരുത്തി പാഴായിത്തീൎന്ന നാട്ടിൽ കുടിഇരുത്തി ഒരു ആചാര്യനെ വെച്ചു ദെവമാർഗ്ഗത്തെ അവൎക്കു ഉപദെശിപ്പിച്ചു- ഈ പ്രകാരം ൧൦ ഗൊത്രരാജ്യം ഒടുങ്ങി അതിൽ ശെഷിച്ച ഇസ്രയെല്യരും അവരൊടു ചെൎന്നു പാൎത്തുവരുന്ന പുറജാതിക്കാരും സമ്മിശ്രമായ്പൊകയാൽ ശമർയ്യർ എന്ന വകക്കാർ ഉണ്ടായി വരികയും ചെയ്തു-

൫൭. പ്രവാചകനായ യൊന-

അശ്ശൂർദെശത്തിലെക്കും യഹൊവ ഇസ്രയെലിൽനിന്ന് ഒരു പ്രവാചകനെ നിയൊഗിച്ചു- [illegible] ആ രാജ്യത്തിലെ പ്രധാന നഗരമായ നിനവെ വലിപ്പത്താൽ അത്യന്തം ശൊഭയും മൂന്നു ദിവസത്തെ വഴി വിസ്താരവുമായിരുന്നു അതിൽ നടന്നുവരുന്ന ദൊഷങ്ങളെ യഹൊവ കണ്ടിട്ടു യൊന എന്നവനെ നാട്ടിൽനിന്ന് എഴുനീറ്റു വടക്കിന്ന് ആ പട്ടണത്തിൽ ചെന്നു ജനങ്ങളൊടു അനുതാപം ചെയ്വാൻ ഘൊഷിച്ചു വരിക അവരുടെ ദുഷ്ടത എന്റെ അരികിൽ എത്തിയിരിക്കുന്നു എന്നു കല്പിച്ചപ്പൊൾ യൊന അനുസരിയാതെ ഒരു കപ്പൽ കയറി പടിഞ്ഞാറൊട്ടു പൊയാറെ യഹൊവ കൊടുങ്കാറ്റു വരുത്തി അടിപ്പിച്ചു കപ്പലിന്നു ചെതം വരും എന്നു കണ്ടു എല്ലാവരും ഭയപ്പെട്ടു ഒരൊരൊ കുലദെവതകളെ വിളിച്ചു ഭാരം കുറെപ്പാൻ ചരക്കുകളെ കടലിൽ ഇട്ടു കളഞ്ഞു- യൊന കപ്പലിന്റെ അടിത്തട്ടിൽ കിടന്നു ഉറങ്ങുമ്പൊൾ കപ്പൽ പ്രമാണി വന്നു എഴുനീറ്റു നിന്റെ ദെവനെ വിളിക്ക എന്നു കല്പിച്ചു- മറ്റവർ [illegible]

ടെനിമിത്തം നമ്മളുടെമെൽ വന്നിരിക്കുന്നു എന്ന അറിവാനായിനാം ചീട്ടിട്ടുതാ എന്നതിൽ തമ്മിൽ പറഞ്ഞു ചീട്ടു ഇട്ടയൊന തന്നെ കുററക്കാരൻ എന്ന തെളിഞ്ഞു - എന്നാറെ അവൻ എന്നെ എടുത്തു കടലിൽ ചാട്ടുകയിൽ എന്നാൽ സമുദ്രത്തിന്നു അടക്കം വരും എന്നു പറഞ്ഞപ്പൊൾ അവർ യഹൊവയൊടു ഞങ്ങൾ ഇതുനിമിത്തമായിട്ടു ഇവന്റെ ഒടുക്കവും കുററമില്ലാത്ത രക്തത്തെ ഞങ്ങളുടെമെൽ വെക്കയും ചെയ്യരുതെ എന്നു പ്രാർത്ഥിച്ചു - പിന്നെ യൊനയെ എടുത്തു കടലിൽ ഇട്ടുകളഞ്ഞു അത് ശമിച്ചാറെ ജനങ്ങൾ ദൈവത്തെ ഏററവും ഭയപ്പെട്ടു ബലികളും നെർച്ചകളും കഴിക്കയും ചെയ്തു —

അനന്തരം ഒരു വലിയ മത്സ്യം യൊനയെ വിഴുങ്ങി - ദൈവകടാക്ഷത്താൽ നാശം ഒന്നും വരാതെ മൂന്നു രാപ്പകൽ കഴിഞ്ഞ ശെഷം അവനെ കരമെൽ ഛർദ്ദിച്ചുകളഞ്ഞു - എന്നാറെ യഹൊവ രണ്ടാമതും അവനൊടു നീ എഴുനീററു നിനവെപട്ടണത്തിലെക്ക ചെന്നു ഞാൻ പറയുന്നതിനെ ഘൊഷിച്ചു പറക എന്നു കല്പിച്ചപ്പൊൾ അവൻ ചെന്നു ഇനി ൪൦ ദിവസം ചെല്ലുമ്പൊൾ നിനവെ കവിഴ്ന്നുപൊകും എന്നു ഘൊഷിച്ചറിയിച്ചാറെ ജനങ്ങൾ ഭയപ്പെട്ടു ഉപവാസം കഴിച്ചു രട്ടുകളെ ഉടുത്തു രാജാവും ദുഃഖിച്ചു മനുഷ്യരും മൃഗങ്ങളും ഉപവസിച്ചു താല്പര്യമായി ദൈവത്തൊടു നിലവിളിച്ചു ഒരൊരുത്തൻ തന്റെ ദുഷ്ടമാർഗ്ഗത്തെ വിട്ടു മനസ്സു തിരിച്ചുകൊണ്ടിൻ പക്ഷെ ദൈവം കരുണ വിചാരിച്ചു വരെണ്ടുന്ന നാശത്തെ നീക്കികളകയും എന്നു പട്ടണത്തിൽ എങ്ങും പ്രസിദ്ധമായി - അനന്തരം ജനങ്ങൾ അനുതാപപ്പെട്ടു ദൈവം കരുണ കാട്ടി പട്ടണത്തെ രക്ഷിച്ചപ്പൊൾ യൊന മുഷിഞ്ഞു ജീവനെക്കാൾ എനിക്ക മരണം നല്ലു എന്നു പറഞ്ഞു പട്ടണത്തിന്നു എന്തു സംഭവിക്കും എന്നു കാണെണ്ടതിന്നു പുറത്തു പൊയി ഒരു കുടിൽ ഉണ്ടാക്കി അതിൽ പാർത്തു അന്നു രാത്രിയിൽ ദൈവം ഒരു ചുരയെ മുളപ്പിച്ചു യൊനതന്റെ മീതെ പടരുന്നത് കണ്ടപ്പൊൾ സന്തൊഷിച്ചു ആശ്വസിച്ചു - പിറെറദിവസം രാവിലെ ഒരു പുഴു ആ ചുരയെ കടിക്കയാൽ ഉണങ്ങിപ്പൊയി - പിന്നെ

വെയിൽ യോനായുടെ തലെക്കു തട്ടിയ സമയം അവൻ തന്റെ മരണം ജീവനെക്കാളുത്തമം എന്ന പിന്നെയും പറഞ്ഞു. അപ്പോൾ ദൈവം നീ മുൾച്ചെടിയാൽ കോപിക്കുന്നതു ന്യായമോ എന്നു ചോദിച്ചതിന്നു യോനാ ഞാൻ മരണം വരെയും കോപിച്ചിരിക്കുന്നതു ന്യായം തന്നെ എന്നു പറഞ്ഞാറെ ദൈവം നീ നട്ടു വളർത്താതെ ഒരു രാത്രിയിൽ ഉണ്ടായ്‌വന്നും നശിച്ചും ഇരിക്കുന്നതു മൂലം നിമിത്തം നിനക്ക കനിവുണ്ടു. എനിക്കൊ ഇടവും വലവും തിരിയാത്തൊരു ലക്ഷത്തിരുപതിനായിരത്തിൽ പരം ആളുകളും അനേകം നാല്ക്കാലികളും ഉള്ള വലിയ പട്ടണമായ നിനവയോടു കനിവു തോന്നാതിരിക്കുമോ എന്നു കല്പിക്കയും ചെയ്തു —

൮൯. യഹൂദരാജ്യത്തിലെ അന്ത്യരാജാക്കന്മാർ

രാജ്യം രണ്ടായി പിരിഞ്ഞു പോയ ശേഷം യരുശലെമിൽ ൩൮൭ സംവത്സരങ്ങൾക്കകം ദാവിദ്വംശക്കാരായ ൨൦ രാജാക്കന്മാർ ക്രമത്താലെ ഭരിച്ചു. ൧൦ ഗോത്രരാജ്യം ഒടുങ്ങിയതിൽ പിന്നെ യഹൂദരാജ്യം ൱൩൪ സംവത്സരം അവർക്കു തന്നെ ശേഷിച്ചു നിന്നിരുന്നു. യഹൂദരാജാക്കന്മാരിലും യോശഫത്ത് ഹിസ്കിയ യോശിയ മുതലായവർ ഒഴികെ ശേഷമുള്ളവർ മദ്ധ്യമന്മാരും അധമന്മാരുമായി യഹോവയെ വിട്ടു ബിംബാരാധനമുതലായ ദോഷങ്ങളെയും ചെയ്തുകൊണ്ടിരുന്നു —

ആഹാസ് ബാൾദേവന്നു യരുശലെമിലെ വീഥികളിൽ പീഠങ്ങളെ ഉണ്ടാക്കിച്ചു ദൈവാലയത്തിലെ വാതിലിനെ അടച്ചു കളഞ്ഞു — അവന്റെ പുത്രനായ ഹിസ്കിയ യഹോവയെ ഭയപ്പെട്ടു അതിനെ പിന്നെയും തുറന്നു വെച്ചു ബിംബങ്ങളെയും പട്ടണത്തിൽ നിന്നു പുറത്താക്കി കളഞ്ഞു. പിന്നെ പിതാക്കന്മാരുടെ ദൈവത്തിങ്കലെക്കു തിരിഞ്ഞു കൊണ്ടു പെസഹ പെരുന്നാൾ യരുശലെമിൽ വെച്ചു കൊണ്ടാടുവാൻ ൧൦ ഗോത്രക്കാരെ ക്ഷണിച്ചു — അയവർ അശ്ശൂരിലെ പ്രവാസത്തിന്നു പോകേണ്ടി വന്നപ്പോൾ അനേകം ഇസ്രായേല്യർ തങ്ങളുടെ ദേശം വിട്ടു ഓടിപ്പോയി യഹൂദരാജ്യത്തിൽ വന്നു ഹിസ്കിയയെ ആശ്രയിച്ചു പാർക്കയും ചെയ്തു — സല്മനസ്സരുടെ ശേഷം അശ്ശൂരിലെ രാജാവായ

സൻഹെരിബ് സൈന്യങ്ങളെ യഹൂദരാജ്യത്തിലെ ഉറപ്പുള്ള
പട്ടണങ്ങളെ പിടിച്ചു യരുശലെമിനെയും വളഞ്ഞു- അവൻ്റെ ദൂതന്മാർ ദൈ
വത്തെ ദുഷിച്ചപ്പൊൾ ഹിസ്കിയ സ്വവസ്ത്രങ്ങളെ കീറി ഇസ്രയെൽ ദൈവ
ത്തൊടു പ്രാൎത്ഥിച്ചു എന്നാറെ യഹൊവയുടെ ദൂതൻ പുറപ്പെട്ടു അശ്ശൂർ
പാളയത്തിൽ വന്ന ഒരു രാത്രിയിൽ തന്നെ ൧൮൫൦൦൦ ആളുകളെ സം
ഹരിച്ച ശെഷം സൻഹെരിബ ശെഷിച്ചവരൊടു കൂടി നിനവയിലെ
ക്ക മടങ്ങിപ്പൊകയും ചെയ്തു—

അനന്തരം ഒരു മഹാവ്യാധി പിടിച്ചു ഹിസ്കിയ വലഞ്ഞു കിടന്ന സമയം പ്ര
വാചകനായ യശയ അവൻ്റെ അടുക്കെ ചെന്നു നീ മരിക്കുമാറാകയാൽ
നിൻ്റെ ഗൃഹകാൎയ്യങ്ങളെ ക്രമപ്പെടുത്തുക എന്നു ചൊന്നാറെ ഹിസ്കിയ
കരഞ്ഞു ആയുസ്സ നീട്ടി തരുവാൻ ദൈവത്തൊടു അപെക്ഷിച്ചു- യ
ശയ വീട്ടിലെക്ക പൊകുമ്പൊൾ യഹൊവ കല്പിച്ചു നീ മടങ്ങി ചെന്നു ഹി
സ്കിയയൊടു ഞാൻ നിൻ്റെ പ്രാൎത്ഥന കെട്ടു കണ്ണുനീരും കണ്ടിരിക്കുന്നു
ഞാൻ ഇനിയും ൧൫ വൎഷത്തൊളം ആയുസ്സ തരും എന്നു പറക യശയ
ചെന്നു പറഞ്ഞു അത്തിപ്പഴം കൊണ്ടു ഒരു കുഴമ്പുണ്ടാക്കി പരുവിന്മെൽ ഇ
ട്ടു മൂന്നു ദിവസം കഴിഞ്ഞാറെ രാജാവിന്നു സൌഖ്യം വന്നു അവൻ
ദെവാലയത്തിൽ ചെന്നു ദൈവത്തെ വാഴ്ത്തുകയും ചെയ്തു—

ഹിസ്കിയയുടെ ജ്യെഷ്ഠപുത്രനായ മനശ്ശെ ൫൫ വൎഷം വാണു ഭക്തനായ പി
താവിൻ്റെ ചട്ടങ്ങളെ എല്ലാം നീക്കി ജനങ്ങളെ വീണ്ടും വിഗ്രഹാരാ
ധനത്തിലെക്ക തന്നെ തിരിച്ചു- മരിക്കും മുമ്പെ അവൻ ബാബെലിലെ
ക്ക അടിമയായി പൊകെണ്ടി വന്നു- അവിടെ വെച്ചു തന്നെത്താൻ താഴ്ത്തു
കയാൽ ദൈവം അവൻ്റെ പ്രാൎത്ഥനയെ കെട്ടു സ്വരാജ്യത്തെക്ക ത
ന്നെ തിരികെ വരുത്തിയാറെ അവൻ യരുശലെമിൽ നിന്നു ബിംബാരാ
ധനം നീക്കി വസിച്ചു- അവൻ്റെ പുത്രനായ ആമൊൻ തനിക്ക മുമ്പെ
ഉള്ള സകല രാജാക്കന്മാരെക്കാളും അധികം ദൊഷവാനായി- അവൻ
൨ വൎഷം രാജ്യം ഭരിച്ചു മരിച്ച ശെഷം ൮ വയസ്സുള്ള മകനായ യൊശിയാ

വാഴ്ചപ്രാപിച്ചു അവൻ. ഹന്നവയസ്സൊളം മഹാചാൎയ്യന്റെ സ്ഥാനത്തിൽ ഇരുന്നു. അതിന്റെ ശെഷം രാജ്യഭാരം എറുബിംബങ്ങളെ വീട്ടിൽനിന്നു നീക്കി സ്ഥിരമായ ദൈവാലയത്തെയും വെടിപ്പാക്കിയപ്പൊൾ മനുഷ്യരുടെ കാലത്തിൽ കാണാതെ പൊയ മൊശധൎമ്മപുസ്തകത്തെ കണ്ടുകിട്ടി- രാജാവ് വായിപ്പിച്ചു അതിൽ പറഞ്ഞ ശാപവാക്കുകളെ കെട്ടപ്പൊൾ ഭ്രമിച്ചു തന്റെ വസ്ത്രങ്ങളെ കീറികളഞ്ഞാറെ ദൈവനിയൊഗത്താൽ ഒരു സ്ത്രീ ഹുൽദശി അവനൊടു അറിയിച്ചു ആ വാക്കുകളെ കെട്ടു മനസ്സലിയതകൊണ്ടു നീ സമാധാനത്തൊടെ ശവക്കുഴിയിൽ ഇറങ്ങി ഞാൻ ഈ സ്ഥലത്തിന്മെൽ വരുത്തുന്ന നാശത്തെ കാണാതെ ഇരിക്കും എന്നത്രെ കല്പിച്ചു അവൻ ഉത്സാഹിച്ചു മൊശധൎമ്മത്തിൽ കല്പിച്ചു എല്ലാ ചട്ടങ്ങളെയും ഇസ്രയെലിൽ വീണ്ടും സ്ഥാപിച്ചു ഒരു പ്രയാസം എത്രയും ബാല കാൎയ്യത്തിങ്കൽ വെഴുത്തും കല്പിച്ചു അതിൻ വണ്ണം നടക്കെണ്ടതിന്നു ജനങ്ങളെ ആക്കി നിശ്ചയിച്ചു അതല്ലാതെ അവൻ ബെത്തെലിൽ ഉള്ള ബലിത്തറയെ തകൎത്തു ശവക്കുഴികളിൽ നിന്നു അസ്ഥികളെ എടുത്തു ഒരു പ്രവാചകൻ മുമ്പെ അറിയിച്ച പ്രകാരം അവറ്റെ തറമെൽ ഇട്ടു ദഹിപ്പിച്ചു- അവൻ മരിച്ച ശെഷം പുത്രപൌത്രരും അല്പകാലമെ വാണുള്ളു ദൈവത്തിന്റെ ശിക്ഷാകാലം അടുത്തിരിക്കുന്നു എന്നു പല അടയാളങ്ങളാൽ കാണ്മാറാകിവരികയും ചെയ്തു-

൧൩. പ്രവാചകന്മാർ

ആ അടയാളങ്ങളുടെ അൎത്ഥം ജനങ്ങളൊടു തെളിയിച്ചു പറഞ്ഞവർ പ്രവാചകന്മാർ തന്നെ- ദിവ്യജ്ഞാനത്തെ ജനങ്ങൾക്ക് ഉപദെശിപ്പാനും അടുത്തു വരുന്ന ദുഃഖങ്ങളെ അറിയിപ്പാനും ദൈവം താണവരിൽനിന്നും ശ്രെഷ്ഠന്മാരിൽനിന്നും അവരെ തിരിഞ്ഞെടുത്തു- യശയ ദാനിയെൽ എന്നവർ രാജവംശക്കാരും- യിറമിയാവും ഹെസ്കിയെലും ആചാൎയ്യന്മാരും എലിയാവ്- എലിശാവ്- യൊനാ- മിഖാ എന്നവർ നഗരക്കാരും- ആമൊച് ഇടയന്മാരായിരുന്നു- ബാബെൽ രാജ്യം ചെറിയതും ശക്തികുറഞ്ഞതുമാ

ഷാസമയം യശയാന്ത് പ്രളന്ത് ശ്രീത്വം എറും എന്നും ശേഷം ഞ്ഞി ബലവാ
നായ കൊരശ് എന്ന പാർസിരാജാവ് അതിനെ മറിച്ചുകളയും എന്നും അറി
യിച്ചു - ഇറമിയാ കല്ദായക്കാരാൽ ഉണ്ടാകുന്ന യരുശലെം നാശവും ആ
പട്ടണം പാഴാക്കി ഇടക്കൊണ്ടുന്നവറ്റു കാണെക്കും സ്വർഗ്ഗീയിസ്സിച്ചു വൊസ്സിെ
യല്പം യഹൂദഭവനത്തിന്ന നാശത്തെ അറിയിച്ചു ദിവ്യശിക്ഷകളെയും ര
ക്ഷകളെയും പലവിധെന വർണ്ണിച്ചു - ഇങ്ങിനെ പ്രവാചകന്മാർ ദൈവവി
ധികളെ എത്രയും സ്പഷ്ടമാക്കി പറഞ്ഞു ഒരുത്തനും എങ്കിലും അതാവ
സ്ഥപ്പെട്ടു ദൈവത്തോടു ഇണങ്ങുവാൻ ജനങ്ങൾക്കു മനസ്സുണ്ടായില്ല -
പ്രവാചകന്മാർ അറിയിക്കുന്ന വിശേഷങ്ങളെ പലപ്പോഴും ഉപമക
ളാൽ ചൊല്ലി തെളിയിച്ചു ഇറമിയാ കുശവന്റെ വണ്ടിയെ മനസ്സിൽ ഒത്തവ
ണ്ണം ജനങ്ങൾ അശുദ്ധപാത്രങ്ങളെ കഴുകി കാണിച്ചു ആ പ്രകാരം ദൈ
വം യരുശലെമിനെ മറിച്ചുകളയും എന്നും അവയിൽ ഭവനക്കാരെ കുശവ
ൻ ചക്രത്തിൽ വെച്ചു കൈയാൽ മനിക്കുന്ന പാത്രം കുരൂപമായി പോകാ
ൽ അതിനെ കുഴച്ചു ഉരുട്ടി മറ്റൊരു പാത്രം തീർക്കുന്നതു പോലെ എനി
ക്കും നിങ്ങളോടു ചെയ്യാമൊ എന്നു യഹോവയുടെ കല്പന ആകുന്നു ആ
കുശവന്റെ കൈയിൽ മണ്ണ് എത്ര പ്രകാരം അപ്രകാരം നിങ്ങൾ എന്റെ
കൈയിൽ ആകുന്നു - പ്രവാചകൻ മറ്റൊരു സമയം ഒരു ശൊഭയുള്ള പാ
ത്രം വാങ്ങി അതിനെ എടുത്തു ജനങ്ങളുടെ മൂപ്പന്മാരും ആചാര്യന്മാരും കാ
ണ്കെ നിലത്തു ചാടി പറഞ്ഞത് സൈന്യങ്ങളുടെ യഹോവ ഇപ്രകാരം പറ
യുന്നു കുശവന്റെ പാത്രത്തെ പൊട്ടിച്ചാൽ നന്നാക്കുവാൻ കഴിയാത്ത
ത് പോലെ ഞാൻ ഭിംബാരാധന ദോഷം ഹേതുവാക്കി ഈ ജനങ്ങ
ളെയും പട്ടണത്തെയും രാജധാനികളെയും മറ്റും നശിപ്പിക്കയും
ചെയ്യും —

൫൦. ബാബെലിലെ പ്രവാസം -

പ്രവാചകന്മാർ അറിയിച്ചത് യഹൂദന്മാർ വിശ്വസിച്ചില്ല എങ്കിലും ദൈവകു
ഡാതെ ഉത്തരവന്നു - വിധികാലം എത്തിയപ്പോൾ കല്ദായർ ഒന്നു കൊടി

യപെട ഷുനങ്ങൾക്കിടയിൽ അതിക്രമിച്ചു ആശപാശങ്ങളെയും
രാജ്യത്തെയും ഒടുക്കികളവാൻ ദൈവം സംഗതിവരുത്തിയതിന്റെ വിധി
കളെക്കുറിച്ചെന്നു എല്ലാവർക്കും ചൊല്ലുക—

കല്ലായരാജാവായ നമ്മുടെ കർത്താവിൻ്റെ ഷുദ്ദരെ ഉദ്യോഗം തടങ്കൽ തമ്പുരാ
ന്റെ ശേഷം ഒരുക്കി രാജാവ് ൫൦൦൦ പട്ടാളത്തോടു കൂടെ കയറി
പോയവരെ ബോധിപ്പിക്കുക കൊണ്ടു പൊയി പിന്നെ തന്റെ നാട്ടിൽ ഭ
രിക്കുന്നവിടെ ദൈത്യരായവനെ വഴിച്ചു അവൻ ആ വർഷം ഭരിച്ചു ക
ല്ലായന്റെ കാര്യങ്ങളെ വാൻ തക്കം വന്നു എന്നു വെച്ചു മിസ്രക്കാരെ
ആശ്രയിച്ചു കലഹം ഉണ്ടാക്കി അപ്പോൾ നമ്മുടെ കർത്താവ് സൈന്യങ്ങളോ
ടു കൂടെ വന്നു യുദ്ധം ചെയ്ത് വളഞ്ഞു പിന്നെ പട്ടണത്തിൽ കഷ്ടം ചെയ്തു
വിശപ്പു തീർപ്പാൻ വലിയതിരി കുട്ടികളെയും കൊന്നു ഭക്ഷിച്ചു—രണ്ടു വർഷം
കഴിഞ്ഞു ഷുദ്ദർക്ക് വലിയ കഷ്ടം വന്നപ്പോൾ കല്ലായർ അകത്തു പ്ര
വേശിച്ചു സകലവും നാനാവിധമാക്കി കളഞ്ഞു—ദൈത്യരാജാവ്
ഓടിപ്പോയ ശത്രുക്കൾ അവനെ പിടിച്ചു അവൻ കാണ്കെ പുത്രന്മാരെ
കൊന്ന ശേഷം പ്രവാചകൻ മുന്നറിയിച്ച പ്രകാരം കണ്ണുകളെ ചൂ
ന്നെടുത്ത് അവനെ ബാബേലിലേക്ക് കൊണ്ടുപോയി—പിന്നെ പട്ടണ
ത്തിലും ദൈവാലയത്തിലും കൊള്ളയിട്ട ശേഷം തീ കൊളുത്തി ചുട്ടു
ഇടിച്ചു കളഞ്ഞു—ദൈവാലയത്തിലെ വിശുദ്ധ പാത്രങ്ങളെ എടുത്തു
ബാബേലിലേക്ക് കൊണ്ടുപോയി ബേൽ അമ്പലത്തിൽ വെക്കയും ചെയ്തു
ആ സമയത്ത് സാക്ഷിപ്പെട്ടകത്തിനു എന്തു സംഭവിച്ചു എന്നാരും അ
റിയുന്നില്ല—നമ്മുടെ കർത്താവ് മിശിഹാ പ്രമാണികളെയും ഒരു കൂട്ടം ദരിദ്രരെ
ഒഴികെ മറ്റെല്ലാവരെയും കാവൽപതിയിനെ പറഞ്ഞയക്കുന്നു
കാരം തന്റെ രാജ്യത്തേക്ക് കൊണ്ടുപോയി അതാത് സ്ഥലങ്ങളിൽ
പാർപ്പിച്ചു നാട്ടിൽ ശേഷിച്ചവരിൽ ഗദല്യ—ഇറമിയാ എന്ന പ്രധാന
രാകത്തിൽ ഗദല്യ കല്ലായ രാജാവിന്റെ കല്പന പ്രകാരം മൂപ്പനാക്കിയിട്ടു
യെരുശലേം അപ്പോൾ ഷുദ്ദരുടെ കൈയ്യാൽ പട്ടുപോയി ഇറമിയാവോ

പാഴായ്കിടക്കുന്ന ദൈവാലയപട്ടണവും ദേശവും കണ്ടിട്ടും ചെയ്തു വിലാപിച്ചിരിക്കുന്ന
ചമഞ്ഞിരിക്കുന്നത് ഉമ്പർ വായിച്ചു പാൎക്കയും ചെയ്ക—

൫-ാം. ദാനിയേൽ-

യഹൂദർ ബാബേലിൽ പാൎക്കുന്ന സമയം ഒരു യജമാനനെ സേവിച്ചു കൊണ്ടിരുന്ന ദാസവേലക്കു കൊണ്ടുവന്നു എന്നു വിചാരിക്കേണ്ടതല്ല-രാജാവ് അവരെ സ്വദേശക്കാരെ എന്ന പോലെ വിചാരിച്ചു പ്രാപ്തന്മാൎക്ക് ഉദ്യോഗങ്ങളെ കല്പിച്ചു കൊടുത്തു-രാജാവ് ബേലശ്ശസ്സർ കൊണ്ടെത്തിന്നവരെ വൻപായ യഹൂദബാല്യക്കാരെ വളൎത്തി വിദ്യകളെയും പഠിപ്പിച്ചു-ദാനിയേൽ-സദ്രാക്-മേശെക്-അബദ്നെഗോ എന്നവർ രാജാവിന്റെ കല്പനപ്രകാരം കല്ദായവിദ്യകളും ഗ്രഹിച്ചു രാജ്യത്തിൽ സ്ഥാനമാനങ്ങൾ പ്രാപിച്ചപ്പോൾ സ്വദേശത്തിന്റെ പ്രകാരം ചെയ്ക ഉത്തമാത്മക്കളായ് അവർ പുറജാതികളിലും സത്യദൈവത്തിന്റെ അറിവും ദിവ്യധൎമ്മങ്ങളും പരത്തുവാനായിത്തീൎന്നു- എങ്കിലും അവർ സുഖമായി പാൎക്കുന്നതിന്നു മുമ്പെ ദുഃഖങ്ങളെ അനുഭവിക്കേണ്ടി വന്നു-രാജാവിന്റെ ഭക്ഷണസാധനങ്ങളെ തിന്നുന്നതിനാൽ അശുദ്ധമാകകൊണ്ടു മാംസവും വീഞ്ഞും മറ്റും വാങ്ങാതെ ചീരയും വെള്ളവും മാത്രം അനുഭവിച്ചിരുന്നു-ദൈവാനുഗ്രഹത്താൽ ശരീരശക്തിയും സൌന്ദൎയ്യവും കുറഞ്ഞുപോകാതെ [illegible] ആയി വന്നതേ ഉള്ളൂ-രാജാവ് വന്നു പരീക്ഷിക്കുന്നവരെ പരീക്ഷിച്ചപ്പോൾ അവർ തന്നെ മറ്റവരെക്കാൾ ജ്ഞാനവും പ്രാപ്തിയും ഉള്ളവർ എന്നു കണ്ടു അവരെ പാഠശാലയിൽനിന്നു നീക്കി ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ ചേൎക്കയും ചെയ്തു—

അനന്തരം രാജാവ് പലദിക്കുകളിൽനിന്നും പിടിച്ചുകൊണ്ടുവന്നവൊരുകൊണ്ടു ൬൦ മുഴം ഉയരമുള്ള ഒരു ബിംബം പൊന്നുകൊണ്ടുണ്ടാക്കിച്ചു-കലശമുള്ളൊരു ദിവസം രാജ്യശ്രേഷ്ഠന്മാരെ എല്ലാം വരുത്തി വാദ്യങ്ങളെ ഘോഷിക്കുന്ന ഘോഷം കേൾക്കുമ്പോൾ എല്ലാവരും ആ ബിംബത്തെ വണങ്ങേണം [illegible] ചെയ്യാത്തവൻ തീച്ചൂളയിൽ [illegible] പിന്നെ [illegible]

റെഫോനം വാദ്യാട്ടങ്ങളും എല്ലാം വരും. പിന്നെ നമസ്കരിച്ചു എന്നപ്പോൾ ഒഴികെ എല്ലാ
പ്രജകൾ എന്ന രാജാവു വെക്കപ്പെട്ട ബിംബം തന്നെ സെവിച്ചപ്പോൾ സ
ദ്രാക്. മെശെക്. അബെദ്നെഗൊ എന്നവർ വണങ്ങാതെ നിന്നതുകൊ
ണ്ടിരുന്നതുകൊണ്ട് കോപം പൊങ്ങിച്ചു രാജാവ് അവരെ വരു
ത്തി നിങ്ങൾ എന്റെ ദൈവത്തെ മാനിക്കാതിരിക്കുമൊ നിങ്ങളെ എ
ന്റെ കൈയ്യിൽനിന്നു വിടുവിക്കുന്ന ദൈവം ആർ എന്നപ്പോൾ കാ
ണെങ്ങിലും എന്നു കല്പിച്ചു. അതിന്ന് അവർ ഞങ്ങൾ സെവിക്കുന്ന
ദൈവം ഞങ്ങളെ ഈ തീച്ചൂളയിൽനിന്നു വിടുവിപ്പാൻ പ്രാപ്തൻ ആകുന്നു. അ
തിനെ ചെയ്യുന്നില്ല എങ്കിലും ഞങ്ങൾ നിന്റെ ദൈവങ്ങളെ സെവിക്കയില്ല
എന്നറിഞ്ഞുകൊൾക എന്നു ഉണർത്തിച്ചപ്പോൾ രാജാവ് ക്രുദ്ധിച്ചു ചൂ
ളയിൽ ഏഴ് ഇരട്ടി തീ കത്തിപ്പാൻ കല്പിച്ചു—

അനന്തരം അവരെ വസ്ത്രങ്ങളോടുകൂടെ കെട്ടിച്ചു ചൂളയിൽ ഇടുവിച്ചു.
പിന്നെ നോക്കിയപ്പോൾ അവൻ ഭ്രമിച്ചു മന്ത്രികളോടു ഞാൻ മൂന്നു
വരെ അല്ലയൊ ചൂളയിൽ ഇട്ടത് ഇതാ നാല് പെർ ദഹിക്കാതെ നടക്കു
ന്നതും നാലാമൻ ദൈവപുത്രനു സമനായിരിക്കുന്നതും ഞാൻ കാണു
ന്നു എന്നു പറഞ്ഞാറെ ചൂളക്കു അടുത്തു അത്യുന്നതദൈവത്തിന്റെ
ഭൃത്യന്മാരായ സദ്രാക്. മെശെക്. അബെദ്നെഗൊ എന്നവരെ പുറത്തു വാ
രുവിൻ എന്നു വിളിച്ചു അവർ പുറത്തു വന്നാറെ തലയിലെ ഒരു രോമം പോ
ലും വെന്തുപോകാതെയും തീമണം തട്ടാതെയും കണ്ടിരുന്നു. പിന്നെ
രാജാവ് സ്തുതിച്ചു തന്നിൽ ആശ്രയിച്ച ഭൃത്യന്മാരെ രക്ഷിച്ചിരി
ക്കുന്ന ദൈവം വന്ദ്യൻ എന്നു പറഞ്ഞു. സദ്രാക്. മെശെക്. അബെദ്നെ
ഗൊ എന്നവരുടെ ദൈവത്തെ ദുഷിക്കുന്നവൻ മരിക്കേണം [illegible]
[illegible] രാജ്യത്തിൽ എല്ലാം [illegible] പിന്നെ ആ മൂന്നു പെരെ മഹാസ്ഥാ
നമാനികളാക്കി വെക്കയും ചെയ്തു—

നബുകദ്നെചാർ [illegible] എന്ന രാജാക്കന്മാർ [illegible]
മരിച്ചു. [illegible] കൊറെഷ് [illegible] രാജ്യത്തിന്റെ [illegible] ഒരു അംശത്തെ

ട്ടിരിപ്പാൻ അവനെ എന്ന് ആയപ്പൊൾ ശ്രെഷ്ഠന്മാർ അസൂയപ്പെട്ടു മന്ത്രിയെ
സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു നടപ്പിൽ ദൂഷ്യം ഒന്നും കാണായ്കകൊണ്ടു
അവന്റെ ദൈവസെവാചാരത്തിൽ അസമ്മതം എന്ന ഉത്തരാജ്ഞാ
വെണമെന്നു കണ്ടു പ്രാജ്ഞം പറഞ്ഞു വശീകരിച്ചു ശാസനം അവൻ നൽകിയ-
സത്തിന്നകം രാജാവൊടല്ലാതെ ഒരു ദൈവത്തൊടൊ മനുഷ്യനൊ
ടൊ അപെക്ഷ കഴിക്കുന്നവനെ സിംഹഗുഹയിൽ തള്ളിക്കളയും എന്നു
കല്പന പരസ്യമാക്കി-ദാനിയെൽ അതിനെ അറിഞ്ഞു എങ്കിലും ദിവസെ
ന മൂന്നുവട്ടം തന്റെ മുറിയിലെ കിളിവാതിൽ തുറന്നുവെച്ചു മുട്ടുകുത്തി യഹൊ
വയൊടു പ്രാർത്ഥിച്ചു എന്നതു ശത്രുക്കൾ അറിഞ്ഞുടനെ ചെന്നു ബൊധിപ്പി
ച്ചാറെ രാജാവ് ദുഃഖിച്ചു ദാനിയെലെ രക്ഷിപ്പാൻ മനസ്സാക്കി-എങ്കിലും
കല്പന മാറ്റുവാൻ കഴിയായ്കകൊണ്ടു സമ്മതിച്ചു ദാനിയെലിനൊടു നീ
സെവിച്ചുകൊണ്ടിരിക്കുന്ന ദൈവം നിന്നെ രക്ഷിക്കും എന്നു ചൊല്ലി സിം
ഹഗുഹയിൽ തള്ളിക്കളവാൻ കല്പിച്ചു താനും ചെന്നു ഗുഹയുടെ വാതി
ല്ക്കു മുദ്രവെച്ചു ആ രാത്രിയിൽ ഭക്ഷണവും ഉറക്കവും ഇല്ലാഞ്ഞു-പു
ലരുമ്പൊൾ ബദ്ധപ്പെട്ടു ഗുഹയുടെ അരികെ ചെന്നു ജീവനുള്ള ദൈവത്തി
ന്റെ ഭൃത്യനാകുന്ന ദാനിയെലെ ദൈവം നിന്നെ സിംഹങ്ങളുടെ ഇടയിൽ നി
ന്നു രക്ഷിച്ചുവൊ എന്നു നിലവിളിച്ചാറെ ദാനിയെൽ സിംഹങ്ങൾ എന്നെ ഉപ
ദ്രവിക്കാതിരിപ്പാൻ ദൈവം തന്റെ ദൂതനെ അയച്ചു അവറ്റിന്റെ
വായെ അടച്ചുകളഞ്ഞു എന്നു പറഞ്ഞപ്പൊൾ രാജാവ് സന്തൊഷിച്ചു
അവനെ ഗുഹയിൽനിന്നു കരെറ്റി ദാനിയെൽ പുറത്തുവന്നതിന്റെ ശെ
ഷം രാജാവ് കുറ്റം ചുമത്തിയവരെ ആ ഗുഹയിൽ ഇടുവിച്ചു അവർ അടി
യിൽ എത്തും മുമ്പെ സിംഹങ്ങൾ അവരെ പിടിച്ചു നുറുക്കി ഭക്ഷിച്ചുകളഞ്ഞു
പിന്നെ രാജാവ് ദാനിയെലിന്റെ ദൈവത്തെ ഭയപ്പെട്ടു സെവിക്കെണം
അവൻ അത്രെ ജീവനുള്ള ദൈവം അവൻ പരലൊകഭൂലൊകങ്ങളി
ലും അത്ഭുതങ്ങളെ ചെയ്യുന്നവനും ആകുന്നു എന്നു രാജ്യത്തിൽ എങ്ങും
അറിയിക്കയും ചെയ്തു—

൫൨. യരുശലെം പട്ടണത്തെ പിന്നെയും പണിയിച്ചത് —

യഹൂദർ ബാബെൽ ദാസ്യം അകപ്പെട്ട ൭൦ാം വർഷത്തിൽ പാർസി രാജാവായ കൊറെശ് എന്ന ബ്രുത്തു ഉമദ്യ ബാബെൽ എന്ന രാജ്യങ്ങളെ അടക്കി ഭരിച്ചവരു ന്നപ്പോൾ പ്രസിദ്ധവാക്യം ആക്കിയത് എല്ലാ യഹൂദരും സ്വരാജ്യത്തിൽ മടങ്ങി ചെന്നു പട്ടണത്തെയും ദൈവാലയത്തെയും പിന്നെയും പണിയിച്ചുവരാക്കെണ്ടതിന്നു കല്പന കൊടുത്തു — യരുശലെമിൽ ഒരു ഭവനം എനിക്കു പണിവാൻ സ്വർഗ്ഗസ്ഥനായ ദൈവം എന്നോടു കല്പിച്ചിരിക്കുന്നു — എന്നതല്ലാതെ ആ ദൈവത്തിന്റെ ജനമായവർ എല്ലാവരും ദൈവം തങ്ങൾക്കു വിട്ടുപുറപ്പെട്ടു മടങ്ങി ചെല്ലാം എന്നു രാജ്യത്തിൽ എങ്ങും അറിയിച്ചു അതല്ലാതെ ദൈവാലയത്തിൽനിന്നു നെബുഖദ്നെസ്സർ എടുത്തുകൊണ്ടുവന്ന ൫൪൦൦ പൊൻപാത്രങ്ങളെ അവയെല്ലാം തന്നെ ഏല്പിച്ചുകൊടുത്തു — യാത്രക്കാരായവരായപ്പോൾ എവിട യഹൂദന്മാർ വീടുകളെയും നിലങ്ങളെയും വിട്ടു ശൂന്യമാക്കിക്കിടക്കുന്ന സ്ഥലത്തെക്ക പോകുവാൻ മനസ്സില്ലായ്കകൊണ്ടു യഹൂദഗോത്രത്തിൽനിന്നും ബെന്യമീനിൽനിന്നും ൪൨൩൬൦ ആളുകൾ മാത്രം ദാവീദ്യനായ ജെരുബ്ബാബെൽ മഹാപുരോഹിതനായ യെശുവ എന്നവരൊടു കൂട യാത്രയാകയും ചെയ്തു —

പാഴായിക്കിടക്കുന്ന സ്ഥലത്ത എത്തിയപ്പൊൾ അവർ ഉടനെ ദൈവത്തിന്നു ബലി കഴിച്ചു ദൈവാലയത്തിന്റെ അടിസ്ഥാനവും ഇട്ടു ശമര്യർ ഹ ... ദേവകളെ സേവിച്ചു ... ദൈവാലയത്തിന്റെ ... പണിക്കായി ... എന്നു ചൊല്ലി ... പഴയ പ്രകാശത്തെ ... ഇല്ലാതെയായി ... നടത്തുവാൻ ... ചൊല്ലി ... മുടക്കിപ്പാൻ ... ശുദ്ധകാലത്തിൽ ... കൊണ്ടു ... യത്നം ... വരെ ...

ത്രടങ്ങിന്റെ സച്ചിയെ പ്പെടുത്തിക്കൊണ്ടും ദേശങ്ങളെ [illegible]
[illegible] വർ [illegible] വാളും മറ്റെറിഞ്ഞവരെ
കൊണ്ടും [illegible] ബദ്ധരാക്കി [illegible] - ചെയ്തു -
[illegible] രാജ്യാവകാശത്തിൽ [illegible]
[illegible] വെൻ പാത്രങ്ങളെ [illegible] സ്വാമികളിൽ [illegible]
[illegible] - [illegible] ദൈവാരാധനയും [illegible]
സ്ഥാനവും മറ്റും ക്രമപ്പെടുത്തി [illegible] - [illegible]
[illegible] കാലത്തിൽ [illegible] ങ്ങളെ
[illegible] മറ്റും [illegible]
[illegible] - [illegible]
[illegible] വൻ [illegible]
[illegible]
[illegible] - [illegible] രാജ്യത്തിലെ
പ്രധാന [illegible] -
[illegible] കാലം [illegible]
[illegible] തന്നെ
[illegible] എല്ലാവരുടെ
[illegible]
[illegible] - [illegible] അവന്റെ [illegible]
[illegible]
[illegible] - [illegible]
[illegible] സകലവും [illegible] സ്ഥാനത്തിൽ [illegible]
[illegible]
[illegible] - [illegible] അവൻ [illegible]
[illegible]
[illegible] അവൻ വരുന്ന

പിന്നെ യെരുശലെമിന്റെ ചരിത്രം കൂടെ ചൊവ്വായി കാണിക്കുന്നു—

പഴയനിയമത്തിന്റെ അവസാനകാലത്തിലെ വൃത്താന്തം.

ദാനിയെൽ പ്രവചിച്ച പ്രകാരം യെരുശലെം പട്ടണത്തെ നെഹമിയാ പണിയിച്ച കാലം മുതൽ ക്രിസ്തുവരെയും ൪൩൦ വർഷം കഴിഞ്ഞിരിക്കുന്നു. ആ സമയത്തിന്നകം യഹൂദർ പലവിധമായ സന്താപങ്ങളെ അനുഭവിക്കേണ്ടി വന്നു—

പാർസിക്കാരുടെ സാമ്രാജ്യത്തെ മുടിച്ച യവനരാജാവാകുന്ന അലക്ഷന്തർ യഹൂദരാജ്യത്തു വന്നപ്പോൾ ദൈവാലയത്തെയും ആചാര്യന്മാരെയും മാനിച്ചു അനേകം ഉപകാരങ്ങൾ ചെയ്തു— അവന്റെ ശേഷം മിസ്ര രാജാവാകുന്ന തൊലമായി യഹൂദരാജ്യം പിടിച്ചടക്കി എറിയ യഹൂദരെ അടിമകളാക്കി മിസ്രയിലെക്ക കൊണ്ടുപോയി— അവന്റെ പുത്രനും അവരിൽ ദയകാട്ടി വേദപുസ്തകത്തെ യവനഭാഷയിൽ ആക്കുവാൻ വളരെ പ്രയത്നിക്കയും ചെയ്തു— ഇങ്ങിനെ ഇസ്രയെല്യർ ഏകദേശം ൧൦൦ വർഷം മിസ്രക്കാരെ ആശ്രയിച്ചു സേവിച്ചശേഷം സുറിയ രാജാവാകുന്ന അന്ത്യൊക്യന്റെ വശത്തിൽ ആയ്പോയി— അവൻ മഹാദുഷ്ടനാകയാൽ നാനാഭയങ്ങളെ കാട്ടി പലരെയും ദൈവത്തോടു വേർപ്പെടുത്തി വിഗ്രഹാരാധനയെ ചെയ്യിച്ചു എങ്കിലും എറിയ ആളുകൾ യഹൂദധർമ്മം വിടാതെ നിന്നു ഹിംസയും മരണവും തന്നെ അനുഭവിക്കയും ചെയ്തു— ആ കാലത്തിങ്കൽ ഒക്കയും മക്കബ്യർ എന്ന പടനായകർ എഴുന്നീറ്റു വന്നു— അവർ യഹൂദരാജ്യം ആന്ത്യൊകത്തിൽനിന്നു വിടുവിച്ചു പിന്നെ ശത്രുക്കളുടെ നേരെ നില്പാൻ കഴിയാഞ്ഞപ്പോൾ രോമരുമായി സഖ്യത ചെയ്തു— കുറെ കാലം കഴിഞ്ഞശേഷം റോമപ്രവർത്തി പൊമ്പെയൊ വന്നു യഹൂദരാജ്യത്തെ അടക്കി രോമക്കാർക്കു കീഴാക്കി നാടുവാഴികളെ ആക്കി വാഴിച്ചു— ഒടുവിൽ എദൊമ്യനായ ഹെരോദാവ് രോമരുടെ കീഴിൽ തന്നെ ഭരിച്ചു ഒരൊ ക്രൂരകർമ്മങ്ങളെ നടത്തിയപ്പോൾ ഭക്തിയുള്ള ഇസ്രയെല്യർ ദുഃഖിച്ചു വലഞ്ഞു ചെങ്കോൽ യഹൂ

ദക്കിൽനിന്നുവിളിച്ചു എന്നു കണ്ടു സത്യരക്ഷിതാവ് വരെണ്ടുന്നകാലം അ
ടുത്തിരിക്കുന്നു എന്നു ഊഹിക്കയും ചെയ്തു—
മലക്യാ കഴിഞ്ഞു പൊയശെഷം ഇസ്രയെല്യരെ ഉപദെശിപ്പിച്ചിട്ടുള്ളവരെ
രക്ഷപ്പെടുത്തുവാൻ പ്രവാചകന്മാർ ഉദിക്കാഞ്ഞാൽ അവർ റൊമാനികാ
രംതങ്ങളുടെ ദാവിദിൻ സിംഹാസനം എത്ര ക്ഷാമസ്ഥാനത്തിൽ ആക്കെണ്ടുന്ന
ദൈവവാഗ്ദത്തങ്ങളെ ഓർത്തുംകൊണ്ടു പ്രതീക്ഷിച്ചു എങ്കിലും
അവരുടെ അനുഗ്രഹവും ദൈവവാഗ്ദത്തനിവൃത്തിയും തമ്മിൽ ഒക്കുകയി
ല്ല എന്നും അറിവാൻ വെഗത്തിൽ സംഗതിവന്നു അറെതവ സാക്ഷൊ
ട്ടു പ്രവാചകനായ യെശയ്യാ ഗ്രന്ഥിച്ചിട്ടുത് ദൈവവിചാരവും വഴികളും
മനുഷ്യരുടെ വിചാരത്തിനും വഴികൾക്കും സമമല്ല ആകാശം ഭൂമിയിൽനി
ന്നു ഉയർന്നിരിക്കുന്നത് പൊലെ തന്നെ ദൈവവിചാരവും വഴികളും മനു
ഷ്യരുടെ വഴിവിചാരങ്ങൾക്കും മീതെ ഉയർന്നിരിക്കുന്നു—

Tellicherry Mission Press
1849

[Chr. Gottl. Barth
Biblische Geschichten
1.

സത്യവെദകഥകൾ

ഒന്നാം ഖണ്ഡം

പഴയനിയമത്തിൽനിന്നെടുത്തവ

അമ്പത്തരണ്ടു

തലശ്ശെരിയിലെ ഛാപിച്ചതു

– ൧൮൪൯